# യോജിപ്പിലെ ഏകത്വം
## The Oneness Of Unity

അങ്ങയെ സന്ധിക്കാനായി അങ്ങയുടെ സന്നിധിയിൽ കടന്നു വരാൻ ലഭിച്ച സാഹചര്യത്തിനായി നന്ദിയുണ്ട്. ഓ ദൈവമേ, എഴുതപ്പെട്ടിരിക്കുന്ന വചനത്തിനു ചുറ്റുമായി ഞങ്ങൾ ഇന്നു രാത്രിയിൽ കൂട്ടായ്മ ചെയ്യട്ടെ. ചെയ്യപ്പെട്ടിരിക്കുന്നതിനും അഥവാ പറയപ്പെട്ടിരിക്കുന്ന എല്ലാറ്റിലും പരിശുദ്ധാത്മാവ് പ്രേരണ നൽകുമാറാകട്ടെ. ദൈവ മഹത്വത്തിനായി ഞങ്ങൾ യേശുവിന്റെ നാമത്തിൽ ഇത് ചോദിക്കുന്നു. ആമേൻ.

നിങ്ങൾക്ക് ഇരിക്കാം.

2 സൂക്ഷിപ്പുകാരില്ലാത്തതിനാൽ അവർ എന്നെ ഏകദേശം പിടിച്ചുകഴിഞ്ഞിരുന്നു. ആ മഹത്തായ അർക്കൻസാ സംസ്ഥാനത്തിലെ ഒരു ചെറിയ അർക്കൻസാ സഹോദരനെ ഞാൻ അവിടെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. കൊള്ളാം, ഈ തണുത്ത രാജ്യത്തിൽ നിങ്ങൾ ഇവിടെ എന്തു ചെയ്തുകൊണ്ടിരിക്കുന്നു?

3 അതെ, എല്ലായിടവും ഞാൻ പോയി, ഞാൻ അർക്കൻസാസിലെ ജനങ്ങളെ കണ്ടു. സെന്റ് ലൂയിസ്, വിട്ടതിനുശേഷം, അത് ഞാൻ പോയ ആദ്യ സ്ഥലമായിരുന്നു അർക്കൻസാ അവിടെ പോയപ്പോൾ, നാം കീൽ ആഡിറ്റോറിയത്തിലായിരുന്നു. അവർ വന്നത് എങ്ങനെയാണ്, ഞാൻ ആ ജനങ്ങളെ ഒരിക്കലും മറക്കില്ല. ന്യൂസ് പേപ്പർ അറിയിച്ചത്, ജോനെസ്ബോറോയിൽ, ഇരുപത്തെണ്ണായിരം ജനങ്ങൾ ഉണ്ടായിരുന്നെന്നാണ്. ഞാൻ ഊഹിക്കുന്നത്, ആ പട്ടണത്തിലെ ജനസംഖ്യ എണ്ണായിരമോ അഥവാ പതിനായിരമോ ആണ്. പട്ടണത്തിനു ചുറ്റുമായി മുപ്പതു മൈലുകൾ യാതൊന്നുമില്ല; എല്ലാ കൃഷിയിടങ്ങളിലെ ചെറിയ കുടിലുകളിലും, പഴയ-പഴയ ട്രക്കുകൾക്കു അടിയിലുമായി ചെറിയ തമ്പുകൾ കെട്ടി ജനങ്ങൾ കിടന്നു. ജനങ്ങൾ, മഴ പെയ്തുകൊണ്ടിരുന്നു. . . അപ്പോൾ മഴ സമയമായിരുന്നു, ജനങ്ങൾ ഒരുതരം പരുപരുത്ത തുണിയുടെ തുണ്ടോ അല്ലെങ്കിൽ കടലാസോ മഴവെള്ളം വീഴാതെ അവരവരുടെ രോഗം ബാധിച്ചവരുടെ മേൽ പിടിച്ചുകൊണ്ട്, അവർക്കായുള്ള പ്രാർത്ഥനയുടെ ഊഴത്തെയും കാത്തിരുന്നു. അത് ഈ ആഴ്ചയിലായിരുന്നാലും അതല്ല അടുത്ത ആഴ്ച ആയാലും അവർക്ക് അത് യാതൊരു മാറ്റവും വരുത്തിയിരുന്നില്ല. അത് എന്തായിരുന്നാലും, അങ്ങനെ അത് മതിയായിരുന്നു. കാണുന്നോ?

4 അവിടെ കോർണിംഗിലെ കാര്യം ഞാൻ ഓർക്കുന്നു. നിങ്ങൾ കോർണിംഗിനടുത്താണോ താമസിക്കുന്നത്? നിങ്ങൾ കാണപ്പെടുന്നു. . . ഞാൻ ഊഹിക്കുന്നത് ഡിവിറ്റ് മൂഡിയോ, അഥവാ സാങ്കെയോ, അല്ലെങ്കിൽ അവരിൽ ആരെങ്കിലും അവരുടെ ദിവസത്തിൽ അവർ അതു കണ്ടുകാണും എന്നാണ് എനിക്ക് കാണാൻ കഴിയുന്നത്.

5 ഞാൻ വനാന്തരത്തിന്റെ വളരെ ഉള്ളിൽ, സർവ്വീസിനു മുമ്പായി, ഒറ്റയ്ക്ക് പ്രാർത്ഥിക്കാൻ അവിടേയ്ക്ക് പോയിരുന്നതാണ്. ആ പൊടി പിടിച്ച റോഡുകളിലൂടെ, ഉച്ച കഴിഞ്ഞ നേരം, സർവ്വീസിനായി, ജനങ്ങൾ വരുന്നതു എനിക്ക് കാണാമായിരുന്നു. ചെറുപ്പക്കാരികളായ മഹിളകളും, സൗന്ദര്യവതികളായ സ്ത്രീകളും, പതിനാറിനും പതിനെട്ടിനും വയസ്സിനു മുകളിലല്ലാത്ത പ്രായമുള്ളവർ അവരുടെ കൈകളിൽ ഷൂസും സോക്സും പിടിച്ചു വരുന്നതു കണ്ടു. അവർ അവിടേയ്ക്ക് കടക്കുന്നതിനു മുമ്പ്, അവർ ഇരിന്ന്, അവരുടെ കാലിലെ പൊടിയെ മാറ്റി, അവരുടെ കാലുറയും ഷൂവും ധരിക്കുന്നതു കാണാമായിരുന്നു. അവർക്ക് ഒരു ജോഡി മാത്രമേയുള്ളു, അത് വളരെക്കാലം ഉപയോഗിക്കുകയും വേണം. എന്നാൽ അവർ കർത്താവിനെ സ്നേഹിച്ചിരുന്നു.

6 അമേരിക്കയിൽ എപ്പോഴെങ്കിലും നടന്നിട്ടുള്ളതിൽ ഞാൻ കണ്ടിട്ടുള്ളതിലും വെച്ച് ചില ശ്രദ്ധേയമായ അത്ഭുതങ്ങൾ അവിടെ നടന്നു. ഈ ദിവസങ്ങളിൽ ഒന്നിൽ, ദൈവ ജനങ്ങളുമായി വചനത്തിനു ചുറ്റുമായി പണ്ടെത്തെപ്പോലുള്ള ഒരു കൂട്ടായ്മക്കായി, ഞാൻ അർക്കൻസാസിലേയ്ക്ക് മടങ്ങി വരാനാഗ്രഹിച്ചു.

7 ഇപ്പോൾ, ഇന്നു രാത്രി, നാം അല്പം നേരത്തെയാണ്, അതുകൊണ്ട്, സാധാരണ ചെയ്യാറുള്ളതുപോലെ, ദൈവത്തിന്റെ നിത്യമായ വചനത്തിൽ നിന്ന് നാം ചിലത് വായിക്കാൻ പോകയാണ്. ഞാൻ ആഗ്രഹിക്കുന്നത്. . .

8 പറയുക, ഇവിടെ, നമുക്ക് ഒന്നുണ്ടായിരിക്കും. . . അവർ പറഞ്ഞതായി ഞാൻ വിശ്വസിക്കുന്നു, നമുക്ക് ഒരു ദൈവവേലക്കാരുടെ പ്രാതൽ മീറ്റിംഗുണ്ടായിരിക്കും എന്നോ മറ്റോ വിളിച്ചുപറഞ്ഞിരുന്നല്ലോ? [ആരോ പറയുന്നു, "അതെ."- Ed ] അതെ. ശരി അത് ശരിയാണ്, പിന്നെ.

9 ഇന്നു രാത്രിയിൽ നാം ഉല്പത്തി പുസ്തകത്തിൽ നിന്നും വായിക്കാനാഗ്രഹിക്കുന്നു. നാം അതിലെ 11–ാം അദ്ധ്യായം 5–ാം വാക്യം മുതൽ വായിക്കുമ്പോൾ നിങ്ങൾ അതിനെ ശ്രദ്ധിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

***മനുഷ്യർ പണിത പട്ടണവും ഗോപുരവും കാണേണ്ടതിന് യഹോവ ഇറങ്ങിവന്നു.***

***അപ്പോൾ യഹോവ; ഇതാ ജനം ഒന്നു, . . .***

10 ഇതിന്റെ പ്രബോധനത്തിനായി, ഇപ്പോൾ നാം നേരെ വചനത്തിലേയ്ക്ക് പോകുന്നു, ഇന്നു രാത്രിയിൽ ഞാൻ ഇതിനെ *യോജിപ്പിലെ ഏകത്വത്തെപ്പറ്റി* പ്രസംഗിക്കാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ഞാൻ. . . ഇത് ഇങ്ങനെ ചിന്തിക്കുന്നത് ഇവിടെ ജനങ്ങൾ എങ്ങനെ ഒന്നായിരുന്നു എന്നുള്ളത്, വളരെ അതിശയിപ്പിക്കുന്നു.

11 അത് ദൈവത്തിന്റെ പദ്ധതിയാണെന്ന് നിങ്ങൾക്കറിയാം, ജനങ്ങൾ ഒന്നാകണമെന്നത് ദൈവത്തിന്റെ പദ്ധതിയാണ്. അത് ഒരു അസാധാരണമായ ചിന്തയാണ്, എന്നാൽ പിശാച് തന്റെ പദ്ധതിയെ പ്രാവർത്തികമാക്കാനും

തന്റെ ജനങ്ങളെ അവന്റെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാനും ശ്രമിക്കുന്നു. ഇപ്പോൾ, ദൈവത്തിന് ഒരു പദ്ധതിയുണ്ട്, പിശാചിനും ഒരു പദ്ധതിയുണ്ട്. ദൈവം ജനങ്ങളെ ഒന്നാക്കി ദൈവത്തിന്റെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ, പിശാച് അവന്റെ പദ്ധതി പ്രകാരം എല്ലാ ജനങ്ങളേയും അവന്റെ കീഴിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു.

12 അങ്ങനെ ലോകത്തിൽ രണ്ടു വലിയ ആത്മാക്കളുള്ളതായി കാണുന്നു, അതിൽ ഒന്ന് പിശാചിന്റേതും, മറ്റേത് ദൈവത്തിന്റേതുമാണ്. പിശാചിന് സന്ദേശവാഹകരുണ്ട്, ദൈവത്തിനും സന്ദേശവാഹകരുണ്ട്, നമ്മുടെ തിരഞ്ഞെടുപ്പ് നടത്താൻ നമുക്ക് സ്വാതന്ത്ര്യമുണ്ട്. നാം ആരിലേയ്ക്കാണ് നമ്മെത്തന്നെ കീഴ്പ്പെടുത്തുന്നത്, അതായത് നാം ആരുടെ ദാസന്മാരാണ്. എന്നാൽ നിങ്ങൾ ശ്രദ്ധിച്ചാൽ. . .

13 മനുഷ്യനിലെ, ജനങ്ങളിലുള്ള ദാഹത്തെപ്പറ്റി കഴിഞ്ഞ ഞായറാഴ്ച ഞാൻ പ്രസംഗിച്ചിരുന്നു. ദൈവം മനുഷ്യനെ ദാഹമുള്ളവനാക്കി ഉണ്ടാക്കി, അവനെപ്പറ്റിയുള്ള ദാഹം. ആ കാരണത്താലാണ് മനുഷ്യനിൽ ദാഹം ഇട്ടിരിക്കുന്നത്.

14 എന്നാൽ പിശാച് കടന്നു വരികയും, അതിനെ വൈകൃതപ്പെടുത്തുന്നു, അത് ജനങ്ങളെ, ലോക കാര്യങ്ങളിൽക്കൂടി, അവനിൽ ദാഹമുള്ളവരാക്കി മാറ്റികയും ചെയ്യുന്നു. ബൈബിൾ ഇങ്ങനെ പറയുന്നു, “നിങ്ങൾ ലോകത്തേയും ലോകത്തിലുള്ളതിനേയും സ്നേഹിക്കുന്നു എങ്കിൽ, പിതാവിന്റെ സ്നേഹം നിങ്ങളിൽ ഇല്ല.” അങ്ങനെ, പിശാച് അതിനെ വൈകൃതപ്പെടുത്തുന്നതായി നിങ്ങൾ കാണുന്നു. അവന് ഒന്നും സൃഷ്ടിക്കാനാകില്ല, എന്നാൽ ദൈവം സൃഷ്ടിച്ച അവന് വികടമാക്കാനാകും. പിശാച് ഒരു സൃ ഷ്ടി കർത്താവല്ല. അവൻ മൂല സൃഷ്ടിയെ വൈകൃതപ്പെടുത്തുന്നവൻ മാത്രമാകുന്നു. പാപം എന്നത് എന്താണ്? അത് ശരിയെ വൈകൃതപ്പെടുത്തുന്നതാണ്.

അത് എത്രപേർക്ക് മനസ്സിലായി? കാണുന്നോ? നല്ലത്. ഞാൻ ഇപ്പോൾ ആശ്ചര്യപ്പെടുന്നു.

15 ഞാൻ ഒരു തെക്കനാണ്, ഞങ്ങൾ ഇതിതിനെക്കാൾ അല്പം കൂടെ പ്രതികരണശീലമുള്ളവരാണ്. വടക്കുള്ള ജനങ്ങൾ വളരെ യാഥാസ്ഥിതികരാണ്. എന്റെ തെക്കുള്ള വ്യാകരണങ്ങളും മറ്റും നിങ്ങൾക്ക് ശീലമാകണം ഞാൻ വളരെ നാളുകളായിട്ട് അവിടെയായിരുന്നു അഥവാ ഞാൻ നിങ്ങൾക്ക് വെള്ളക്കാരനായ അമേരിക്കക്കാരനെപ്പോലെയാവണം.

16 എന്നാൽ നാം യുദ്ധം ജയിച്ചു എന്നു, നിങ്ങൾ അറിഞ്ഞിരിക്കണം എന്നു ഞാൻ ആശിക്കുന്നു. അതെ. നമുക്ക് അതിനെപ്പറ്റി യാതൊരു വാഗ്വാദവുമില്ല. അവിടെ ഒരു തെക്കേനാട്ടുകാരൻ ജീവിക്കുന്നു, ഒരു വടക്കു താമസിക്കുന്ന അമേരിക്കക്കാരനുമില്ല, അതുകൊണ്ട് നാം യുദ്ധം ജയിച്ചു. ആ ചെറിയ അമേരിക്കക്കാരൻ മരിച്ചുകൊണ്ടിരുന്നപ്പോൾ, ആ തെക്കു താമസിക്കുന്നയാൾ ഒരു ടെലിഗ്രാം അയച്ചു പറഞ്ഞത്, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ,

അമേരിക്കക്കാരാ. എന്നാണ് ഞാൻ നിങ്ങളെ അതിവേഗം കാണും എന്നാണ്, പ്രത്യാശിക്കുന്നത്," അത് വളരെ അർത്ഥവത്തായ ഒന്നാണെന്നാണ് ഞാൻ വിചാരിക്കുന്നത്. എന്തുകൊണ്ടാണ് അതു അവർക്ക് തുടക്കത്തിൽ ചിന്തിക്കാനാകാതെ പോയത്, നോക്കൂ, അതിനെ അങ്ങനെ തന്നെ പോകാൻ അനുവദിച്ചു? എന്നാൽ ഞാൻ അങ്ങനെ പറയാൻ ആഗ്രഹിക്കുന്നു, ഒരേ ഒരു. . . അത് യുദ്ധത്തെ ജയിക്കേണ്ടതിന് ഈ ചെറിയ ജീവകാലമോടുത്തു, എന്നാൽ അവസാനം നമുക്ക് അത് കിട്ടി. കാണുന്നോ? ശരി. എന്നാൽ ഒരു മഹത്തായ സമയം വരുന്നു.

17 ഇപ്പോൾ, ശത്രുവിനെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുന്നു, അവൻ നീതിയെ എങ്ങനെയാണ് വൈകൃതമാക്കി അനീതിയാക്കി മാറ്റിയത്. ഇപ്പോൾ, അതായത്, നാം ഒരു സമ്മിശ്ര കൂട്ടമാണ്, പുരുഷന്മാരും സ്ത്രീകളും രണ്ടുകൂട്ടരും, അധികം പേരും പ്രായപൂർത്തിയായവർ, അതുകൊണ്ട് നിങ്ങൾക്ക് അത് മനസ്സിലാകും എന്ന് എനിക്ക് തീർച്ചയാണ്. നിങ്ങൾ നിങ്ങളുടെ ഡോക്ടറെ കേൾക്കുന്നു, ഞാൻ നിങ്ങളുടെ സഹോദരനാണ്. ഒരു മനുഷ്യൻ സ്വയം ഒരു ഭാര്യയെ കണ്ടെത്തുന്നതും, തന്റെ ഭാര്യയുമായി ജീവിക്കുന്നതും, നിയമാനുസൃതവും, വ്യവസ്ഥാപിതവും, ദൈവീകവുമായിരുന്നു. എന്നാൽ അതേ കാര്യം മറ്റൊരു സ്ത്രീയുമായി അവൻ ചെയ്താൽ, അവന് അവളെ തൊടുന്നത് മരണകരമായിരുന്നു. അവിടെയാണ് ആ വ്യത്യാസം, നീതിയായതിനെ വൈകൃതപ്പെടുത്തി. അതെ രീതിയിലാണ് എല്ലാ പാപത്തിന്റെ വഴിയും, നീതിയായതിനെ വൈകൃതപ്പെടുത്തി.

18 ദൈവം നിങ്ങളെ അവനെക്കുറിച്ച് ദാഹമുള്ളവരായി ഉണ്ടാക്കി, അവന്റെ ആധിപത്യത്തിൻ കീഴിൽ സഭയെ അവനുമായി ഐക്യതിയാലാക്കി. എന്നാൽ പിശാച് അവരെ അവന്റെ ആധിപത്യത്തിൻ കീഴിൽ ഐക്യത്തിലാക്കുന്നു.

19 നാം അല്പ സമയമെടുത്ത്, മുസ്ലീം മതത്തിലെ, ചില കാര്യങ്ങൾ നിങ്ങൾ നോക്കിയാൽ. മുസ്ലീം മതത്തിൽ, അവ എങ്ങനെയാണ് വൈകൃതപ്പെടുത്തിയിരിക്കുന്നത്! എനിക്ക് മുഹമ്മദിനെ അടക്കം ചെയ്തിരിക്കുന്നിടം സന്ദർശിക്കാനുള്ള അവസരം ലഭിച്ചിട്ടുണ്ട്, അദ്ദേഹത്തിന്റെ കല്ലറയ്ക്കരുകിൽ ഒരു വെള്ളക്കുതിരയെ രണ്ടായിരം കൊല്ലമായിട്ട് ചമയിച്ചു നിർത്തിയിരിക്കുന്നു. ഞാൻ വിചാരിക്കുന്നത്, ഒരോ നാലു മണിക്കൂർ കഴിയുമ്പോഴും, അവർ കാവൽക്കാരെ മാറ്റുകയും, ഒരു വെള്ളക്കുതിരയെ, ജീനി വെച്ചു മുറുക്കിക്കൊണ്ട്, മുഹമ്മദ് പുനരുത്ഥാനം ചെയ്യുന്നതിനായി കാത്തിരിക്കുന്നു. അദ്ദേഹം മരണത്തിൽ നിന്നും എഴുന്നേൽക്കുകയും, കുതിരപ്പുറത്തു കയറി, ലോകത്തെ കീഴ്പ്പെടുത്തും എന്നാണ് അവർ പറയുന്നത്.

20 അപ്പോൾ, നിങ്ങൾ നോക്കൂ, അവർ കീഴ്പ്പെടുത്തുന്നവൻ, ഒരു വെള്ളക്കുതിരപ്പുറത്തു, വരാനായി കാത്തിരിക്കുന്നു, അത് എപ്രകാരമാണ് തിരുവചനത്തിൽ നിന്ന് തലകീഴായി മറിക്കപ്പെട്ടിരിക്കുന്നത്. എന്തുകൊണ്ടെന്നാൽ, "ഒരു വെള്ള കുതിരപ്പുറത്ത്, യേശു വരുന്നു, അവൻ രക്തം മുക്കിയ ഉടുപ്പ് ധരിച്ചിരിക്കുന്നു; അവന് ദൈവവചനം എന്നു പേർ." എന്നാൽ, പിശാച് ആശയത്തെ എടുക്കുകയും അതിനെ മുഹമ്മദിന്റേതാക്കി ദുരുപയോഗം ചെയ്തു.

എന്നാൽ വാസ്തവമായും, യേശു ഒരു വെള്ളക്കുതിരപ്പുറത്തു വരുന്നു. അവൻ അതു ചെയ്യുമെന്ന്, ബൈബിൾ പറയുന്നു.

21 നിങ്ങൾ ആഗ്രഹിക്കുന്ന പക്ഷം നിങ്ങൾക്ക് തെറ്റായ ഏതു ആരാധനയിലും ചെന്നു ചേരുകയും, അവിടെ അനേക യഥാർത്ഥ ക്രിസ്ത്യാനിത്വത്തിന്റെ അടയാളങ്ങളെ കാണാനും കഴിയും.

22 ഇപ്പോൾ, നിങ്ങൾ ആ ഗോപുരത്തെ ശ്രദ്ധിച്ചാൽ, ആ ബാബിലോണിലെ ഗോപുരത്തിൽ, അത് ബാബിലോണിന്റെ ആരംഭമായിരുന്നു; അതിനെപ്പറ്റി കർത്താവ് അനുവദിച്ചാൽ, ഞാൻ ഈ ആഴ്ചയുടെ അവസാനത്ത് സംസാരിക്കുന്നതാണ്. ബാബിലോൺ, ആ പട്ടണം സ്വർഗ്ഗത്തെപ്പോലെ മാതൃക ചെയ്തതായിരുന്നു. ആ തൂക്കു പൂന്തോട്ടത്തിലൂടെ, പൂന്തോട്ടത്തിലെ സിംഹാസനത്തിന്റെ അരികെക്കൂകൂടി യൂഫ്രട്ടീസ് നദി ഒഴുകുന്നു. അത് ദൈവ സിംഹാസനത്തിൽ നിന്ന് ജീവ ജല നദി ഒഴുകുന്നതു പോലെ സ്വർഗ്ഗത്തെ മാതൃകയാക്കിയിരിക്കുന്നു. മനുഷ്യൻ നേടിക്കൊണ്ടിരിക്കുന്ന നേട്ടങ്ങൾ, എന്താണ്, ഒരു വൈകൃതപ്പെടുത്തിയ മാതൃകയെ ഉണ്ടാക്കുന്നതാണ്.

23 പിന്നെ, ഈ മഹത്തായ കാര്യത്തിൽ, അവർക്ക് നിമ്രോദ് എന്നു പേരോട് കൂടിയ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. നിമ്രോദായിരുന്നു മറ്റു എല്ലാ പട്ടണങ്ങളെയും രാജ്യങ്ങളെയും ഒരു അധീനതയിൻ കീഴിൽ കൊണ്ടു വന്ന്, അത് ഒരു മനുഷ്യ നിർമ്മിത ആശയമായി ഒരു മാതൃക മാത്രമായി കാണിച്ചു.

24 എന്നാൽ ദൈവത്തിന്റെ സഭ ദൈവത്തിന്റെ കീഴിൽ ഒരുമപ്പെടുന്നു. അതിന് മനുഷ്യന് അതുമായി യാതൊന്നും ചെയ്യാനില്ല. അത് ദൈവത്തിന്റെ കീഴിൽ ഐക്യപ്പെടുന്നു.

25 ഈ ബാബിലോൺ, അത് ആരംഭത്തിലായിരുന്നത്. . . സൃഷ്ടിപ്പിൽ, ഉല്പത്തിയിൽ, അത് വെളിപ്പാടിലും തീർത്തും അങ്ങനെതന്നെ കാണപ്പെടുന്നതായി നാം കാണുന്നു, അത് ഇപ്പോഴുള്ള, ഈ അവസാന കാല ക്രിസ്തീയ സഭ വ്യവസ്ഥ സംബന്ധിച്ചുള്ള ലോകത്തെക്കുറിച്ചും സംസാരിക്കുന്നു, അവസാനമായി എതിർ ക്രിസ്തുവിൽ യോജിച്ച്, ഒരു മനുഷ്യ നിർമ്മിത മതമായി മാറുന്നു.

26 ദൈവത്തിന്റെ സഭയും ഒന്നായി, ഒരു തലക്കീഴിൽ, ദൈവത്തിന്റെ കീഴിൽ, ഒന്നായിത്തീരും എന്നു പറയുന്നതിൽ ഞാൻ വളരെ നന്ദിയുള്ളവനാണ്.

27 എന്നാൽ മനുഷ്യ നിർമ്മിതമായ മതങ്ങൾ എല്ലാം ഈ എതിർക്രിസ്തുവിന്റെ മതത്തിൽ വന്നു ചേരും. അവരിൽ രണ്ടു തരത്തിൽപ്പെട്ടവർ ഉണ്ടാകും. അവരിൽ ഒരു തരത്തിൽപ്പെട്ടവർ റോമിൽ നിന്നു വരും, അത് മൃഗമായിരിക്കും. മൃഗത്തിന് ഒരു പ്രതിമ ഉണ്ടാക്കും, അത് പ്രൊട്ടസ്റ്റാന്റ് സഭയുടെ സഭ സംബന്ധിച്ച നേതൃത്വമായിരിക്കും, സംഘടനാ സഭ ലോകത്തു നിന്നും, മൃഗത്തിന്റെ പ്രതിമ ഉണ്ടാക്കിയതായി അത് എണ്ണപ്പെടും. അതെല്ലാം കൂടെ ഒരു

ഒരു മഹത്തായ ആധിപത്യത്തിൻ കീഴിൽ വന്നു ചേരും, എതിർക്രിസ്തുവായിരിക്കും അവിടെ അവരേധിക്കപ്പെടാൻ പോകുന്നത്. *എതിർ*, "വിരുദ്ധം," ഏകദേശം കൃത്രിമമായി ഒരുപോലെ, എന്നാൽ എന്നിട്ടും, അവന്റെ–അവന്റെ–അവന്റെ ഉപദേശം തിരുവചനത്തിൽ നിന്നായിരിക്കില്ല. തിരുവചനത്തിൽ നിന്ന് അധികവും അത് ശരിയാണെന്ന് നമുക്ക് തോന്നും, എന്നാൽ അത് തെറ്റായിരിക്കും.

28 നിങ്ങൾ– നിങ്ങൾ ഇങ്ങനെ ചോദിക്കുമെന്ന് എനിക്കറിയാം, "സഹോദരൻ ബ്രൺഹാം, ഇപ്പോൾ നിങ്ങൾ റോമിനെക്കുറിച്ചല്ലേ പരാമർശിക്കുന്നത്." അത് തികച്ചും ശരിയാണ്. എന്നാൽ റോം മാത്രമല്ല, പ്രൊട്ടസ്റ്റാന്റ് കൂടി. തീർച്ചയായും. ബൈബിൾ അപ്രകാരം പറയുന്നു.

29 എന്നാൽ അവിടെയാണ് നിങ്ങൾ, പിശാച് ഒരു നേതൃത്വത്തിന് കീഴിൽ ജനങ്ങളെ ഐക്യപ്പെടുത്തുന്നു, ഒരു ക്രിസ്തീയ സഭ സംബന്ധിച്ച നേതൃത്വം, ഭൂമിയിലെ ഒരു മനുഷ്യന് കീഴിൽ. ബൈബിൾ ഇപ്രകാരം പറയുന്നു, "അവൻ ദേവാലയത്തിൽ ഇരുന്നുകൊണ്ട്, ദൈവം എന്നു നടിക്കും." അവൻ ചെയ്തുകൊണ്ടിരിക്കു ന്നതായ ഓരോ കാര്യവും, ഒരു മൂന്നുവിധത്തിലുള്ള കിരീടം അവൻ ധരിക്കുന്നു, "സ്വർഗ്ഗത്തിന്റെയും, ഭൂമിയുടേയും, പാപ വിമോചനസ്ഥലത്തിന്റെയും അധികാരിയായ പുരോഹിതൻ." ഇതിന്റെ കീഴിൽ അവന് ഒരു പ്രതിമ ഉണ്ടായിരിക്കും, അവിടെ മറ്റുള്ള എല്ലാവരും ഒന്നിച്ചു വരും.

30 എന്നാൽ ജീവനുള്ള ദൈവത്തിന്റെ സഭ പരിശുദ്ധാത്മാവിന്റെ മേൽനോട്ടത്തിൻ കീഴിൽ ദൈവ ശക്തിക്കു കീഴിൽ ഒന്നായിത്തീരും. ദൈവത്തിന്റെ സഭ ഒന്നായിത്തീരും. ഓ, നിങ്ങൾ സന്തോഷമുള്ളവരല്ലേ?

31 ഈ അന്ധകാര മണിക്കൂറിൽ, എല്ലാ കാര്യങ്ങളും അവസാനിച്ചുകൊണ്ടിരിക്കുമ്പോൾ, ജനങ്ങൾ അതൊന്നും ശ്രദ്ധിക്കുന്നില്ല. അവർ അതു ചെയ്യുന്നില്ല. അവരുടെ ഹൃദയം ദൈവത്തിൽ നിന്നും ദൂരെയായി ദൂരത്തേയ്ക്ക് പോയ്ക്കൊണ്ടിരിക്കുന്നതായി കാണുന്നു. ലോകം തണുത്ത് പിന്നെയും തണുത്ത്, വ്യത്യസ്തമായിരിക്കുന്നു, എന്തെന്നാൽ ഈ മഹത്തായ ക്രിസ്തീയ സഭകളെ സംബന്ധിക്കുന്ന നേതൃത്വങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

32 റഷ്യയിൽ, റഷ്യ, ലോകത്തെ കമ്മ്യൂണിസത്തിന്റെ കീഴിൽ ഒന്നാക്കാൻ ശ്രമിക്കുന്നു. റഷ്യയെ നിയന്ത്രിക്കുന്ന പിശാച്, ലോകത്തെ കമ്മ്യൂണിസത്തിന്റെ കീഴിൽ ഒന്നാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവർക്ക് അത് ഒരിക്കലും കഴിയില്ല.

33 പിന്നെ, യു.എൻ, യുനൈറ്റെഡ് നാഷൻസ്, മറ്റൊരു മനുഷ്യ നിർമ്മിതമായ പോലീസ് സേനയ്ക്കു കീഴിൽ അവരെ ഒന്നാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അത് ഒരിക്കലും പ്രാവർത്തികമാകില്ല. അതിന് കഴിയില്ല, എന്നാൽ അവരെല്ലാം ശ്രമിച്ചുകൊണ്ടിരിക്കുന്നു.

34 ഞാൻ ഇത് ബഹുമാനത്തോടെ പറയട്ടെ, എന്നാൽ ദൈവവചനപ്രകാരം, ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളും ഇന്ന് പിശാചിന്റെ ആധിപത്യത്തിലാകുന്നു. ബൈബിൾ അപ്രകാരം പറയുന്നു. നമ്മുടെ കർത്താവിന് സാത്താൻ ലോകത്തെ കാണിച്ചിട്ട്, അവൻ പറഞ്ഞു, "ഇവ എല്ലാം എന്റെതാകുന്നു, അവയുമായി ഞാൻ ആഗ്രഹിക്കുന്ന എന്തും ചെയ്യുന്നു. നീ എന്നെ ആരാധിച്ചാൽ, ഞാൻ ഇതെല്ലാം നിനക്കു തരാം."

35 ആയിരമാണ്ടു വാഴ്ചയിൽ അവൻ ഇതിന്റെ എല്ലാത്തിന്റെയും അവകാശിയാകാൻ പോകുന്നു എന്നു യേശു അറിഞ്ഞിരുന്നു, അതുകൊണ്ട് അവൻ പറഞ്ഞു, "സാത്താനെ, നീ എന്നെ വിട്ടു പോ."

36 ക്രിസ്തുവാണ് ലോകത്തെ ഭരിച്ചിരുന്നതെങ്കിൽ, നാം ആയുധങ്ങളെ കുന്നുകൂട്ടുകയും, ഒരു വെടിയുണ്ടപോലും ഉതിർക്കുകയും ഇല്ലായിരുന്നു. ജനങ്ങളെ, കത്തിക്കേണ്ടതിന്, ഹൈഡ്രജൻ ബോംബുകളും വർഷിക്കുന്നതിന് ബഹിരാകാശ വാഹനങ്ങൾ നമുക്ക് ഉണ്ടായിരിക്കില്ലായിരുന്നു. ക്രിസ്തു "കർത്താധി കർത്താവായും രാജാധി രാജാവായും," ഈ ലോകഭരണം ഏറ്റെടുക്കുമ്പോൾ, ജനങ്ങൾ അവനോടൊപ്പം, ഒരു മഹത്തായതും വലുതുമായ ആധിപത്യത്തിൻ കീഴിൽ ഒന്നായിത്തീരും. അത് ഒരു സമയമായിരിക്കും!

37 എല്ലാ രാജ്യങ്ങളും, ജനങ്ങളെല്ലാം ഒന്നായിത്തീരണം എന്ന് ആഗ്രഹിക്കുന്നു. ജർമ്മനി വിചാരിക്കുന്നത് അവർ എല്ലാവരും ജർമൻകാരായിരിക്കണം. റഷ്യ വിചാരിക്കുന്നത് എല്ലാവരും റഷ്യാക്കാരായിരിക്കണം. പടിഞ്ഞാറൻ ലോകമെല്ലാം വിചാരിക്കുന്നത് അവർ എല്ലാവരും ഇവിടേയ്ക്ക് വരണം. അവർ ബാബിലോണിൽ ചെയ്തിരുന്നതുപോലെ, അവരെല്ലാവരും ഒരു ഭാഷ സംസാരിക്കണം എന്നാണ് അവർ ആഗ്രഹിക്കുന്നത്. ദൈവം പറഞ്ഞു, "അവർക്ക് ഒരു ഭാഷ." അവർ എല്ലാവരും ഒരു ഭാഷ സംസാരിക്കണം എന്ന് അവൻ ആഗ്രഹിച്ചു. അവർ എല്ലാവരും ഒന്നായിത്തീർന്ന ഒരു വ്യക്തിയാകണമെന്ന് ആശിക്കുന്നു, എന്നാൽ അത് ഒരിക്കലും മനുഷ്യന്റെ ആധിപത്യത്തിൻ കീഴിൽ കഴിയില്ല.

38 എന്നാൽ ഞാൻ ഇത് പറയുന്നു, എല്ലാ രാജ്യങ്ങളും ഒരു രാജാവിന്റെ കീഴിൽ ഒന്നായിത്തീരുന്ന ഒരു സമയം വരുന്നു, അത് ദൈവ പുത്രനായ, യേശു ക്രിസ്തുവായിരിക്കും. അവർ ഒരു ഭാഷ സംസാരിക്കും. അവർക്ക് ഏക ഉദ്ദേശവും ഏക ഹൃദയവുമായിരിക്കും. ആ കല്ലു പർവ്വതത്തിൽ നിന്ന്, കൈ തൊടാതെ, അടർന്നു വരുന്ന്, ദാനിയേൽ കണ്ടു, അത് ലോകത്തിന്റെ എല്ലാ രാജത്വങ്ങളെയും തകർത്ത് ഉടച്ചുകളഞ്ഞു, അവ ഭൂമിയിൽ പൊടിപോലെ ആയിത്തീർന്നു, ഉമിയെ കാറ്റു പറത്തുന്നതുപോലെ പറത്തിക്കൊണ്ടുപോയി. എന്നാൽ, ആ കല്ല് ഭൂലോകം മുഴുവനും നിറഞ്ഞു. ആ കല്ല് ക്രിസ്തുവായിരുന്നു. ഒരു പതാകയും, ഒരു ജനവും, ഒരു രാജ്യവുമാകുന്ന ഒരു സമയം വരും; ആ പഴയ പരുക്കനായ കുരിശ്. ജീവിക്കുന്ന ദൈവത്തിന് സ്തുതിയായിരിക്കട്ടെ!

മറ്റൊന്നിലും കുറഞ്ഞല്ല എൻ പ്രത്യാശ പണിതിരിക്കുന്നത്
നീതിയാൽ യേശുവിന്റെ രക്തത്താൽ;
ചുറ്റിത്തിരിഞ്ഞ് എൻ പ്രാണൻ ദൂരമാകുമ്പോൾ
അപ്പോൾ അവൻ എൻ പ്രത്യാശയും നിൽപും.

എന്തെന്നാൽ ക്രിസ്തുവിൽ ഉറപ്പുള്ള പാറയിൽ, ഞാൻ നിൽക്കുന്നു;
മറ്റെല്ലാ നിലവും താണുപോകുന്ന മണലാകുന്നു.

39 മറ്റെല്ലാ നിലവും, സഭകളും, സംഘടനാസഭകളും, രാജ്യങ്ങളും, യു.എ ന്നും, അത് എന്തു തന്നെയായിരുന്നാലും, അതെല്ലാം താഴുന്ന മണലാകുന്നു, ഒരു അവസാനത്തിലേയ്ക്ക് വരേണ്ടിയിരിക്കുന്നു.

40 റോമാ സാമ്രാജ്യത്തിൻ കീഴിൽ ലോകത്തെ മുഴുവൻ ഒന്നാക്കാനായി ശ്രമിച്ച, മഹാനായ സീസറിന്റെ, റോമിൽ നിൽക്കാൻ എനിക്ക് അവസരം ലഭി ച്ചിട്ടുണ്ട്. ഇന്ന് ആ പട്ടണത്തിന്റെ അവശിഷ്ടം നിങ്ങൾക്ക് കാണണമെങ്കിൽ ഇരുപത് അടി കുഴിച്ചു നോക്കേണ്ടിയിരിക്കുന്നു.

41 മഹാന്മാരായ ഫറവോന്മാർ ലോകത്തെ ഒന്നാക്കി മിസ്രയീമിനു കീഴാ ക്കാൻ ശ്രമിച്ച, മിസ്രയീമിൽ ഞാൻ നിന്നിട്ടുണ്ട്, ആ പട്ടണത്തിന്റെ അവ ശിഷ്ടം കാണണമെങ്കിൽ, നിങ്ങൾക്ക് ഇരുപതും മുപ്പതും അടി കുഴിച്ചുനോ ക്കേണ്ടിവരും. ബൈബിൾ പറയുന്നത്, “നമുക്ക് നിലനിൽക്കുന്നതായ ഒരു നഗരം ഇവിടെ ഇല്ലല്ലോ, എന്നാൽ ആ ഒരെണ്ണം വരാനായി നാം കാത്തുകൊ ണ്ടിരിക്കുന്നു.”

42 കുറച്ചു നാളുകൾക്കു മുമ്പ്, ഒരു ബാലനായിരുന്നപ്പോൾ, ഒരിക്കൽ ഞാൻ ഒരു സ്ഥലത്ത് പോയി. അവിടെ ഞാൻ ഒരു മഹത്തായ മരം കണ്ടു, സാധാരണ ഞാൻ അവിടെ പോയി ആ മരത്തിൻ കീഴിൽ ഇരിക്കുമായിരുന്നു. ഞാൻ പറഞ്ഞു, “ഞാൻ വൃദ്ധനാകുമ്പോൾ, ഞാൻ വന്ന് ഈ പ്രത്യേകമായ മരത്തിൻ ചുവട്ടിൽ ഇരിക്കുകയും, അതിന്റെ ശാഖകളിലേയ്ക്ക് നോക്കു കയും ചെയ്യും.” ഇന്ന് ഞാനായിരിക്കുന്ന, പന്ത്രണ്ട് വയസ്സ് മാത്രമുള്ള ബാല നപ്പോലെ, ഞാൻ അതിന്റെ ഭംഗിയെ വർണ്ണിക്കും.” ഒരു മരക്കുറ്റിയല്ലാതെ ഇനി ഒന്നും അവശേഷിക്കുന്നില്ല. എന്താണ്? നിലനിൽക്കുന്ന യാതൊന്നും ഇവിടെ ഇല്ലല്ലോ. അതിന് തീർത്തും അവസാനിക്കേണ്ടിയിരിക്കുന്നു.

43 അനശ്വരമായ ഒരുവൻ വരുന്നു എന്ന് ഈ നശ്വരമായത് പറയുന്നു, എന്തോ, യഥാർത്ഥമായ ഒന്നിനെ വൈകൃതമാക്കിയ ഒരു പ്രവർത്തിയാണ് നാം കാണുന്നത്.

44 ഞാൻ ഒരു ദമ്പതികളെ വിവാഹം കഴിപ്പിച്ചു, ഒരു യൗവ്വനക്കാരി പെൺകുട്ടി അവളുടെ തുടിക്കുന്ന യൗവ്വനത്തിൽ തന്നെ കണ്ടു, അവിടെ ഒരു യൗവ്വനക്കാരനായ പുരുഷൻ തന്റെ തോളുകൾ പുറകോട്ടാക്കി, അവിടെ യായി നിൽക്കുന്നു, ഒന്നായി, അവരുടെ ഹൃദയങ്ങൾ ഒരുമിച്ച് തുടിക്കുന്നു.

ഞാൻ ചിന്തിച്ചു,"മരണത്താൽ അല്ലാതെ വേർപെടില്ല എന്നത് എത്ര നല്ല ചിത്ര മാണ്?" അപ്പോൾ തുടങ്ങി കുറച്ചു നാൾക്കകം മുടി നരക്കാൻ തുടങ്ങുന്നു, തോളുകൾ കുനിയാൻ തുടങ്ങുന്നു, തിരികെ മണ്ണിലേയ്ക്ക് അവർ മടങ്ങുന്നു. ഇത് എന്താണ്? ഇത് ഒരു ചിത്രമാണ്, അവർ അവിടെ നിൽക്കുമ്പോൾ, നദിക്ക പ്പുറത്തായി ഒരു ദേശമുണ്ട്, അവിടെ മരണത്തിന്റെ എല്ലാ ലക്ഷണങ്ങളും എടു ത്തുമാറ്റപ്പെട്ടിരിക്കുന്നു. അവിടെ അനശ്വരം, നക്ഷത്രങ്ങളേയും, സൂര്യനെ ക്കാളും, അധിക പ്രഭയിൽ, അവന്റെ ഛായയിൽ, അവിടെ നിൽക്കും.

45 ആ മഹത്തായ ഉദയ നക്ഷത്രം കർത്താവ് തന്റെ കൈകളിൽ നിന്ന് പ്രകാശിപ്പിച്ച് അതിന്റെ ഭ്രമണപഥത്തിൽ വെച്ചപ്പോൾ മുതൽ അതിന്റെ മനോ ഹാരിത അല്പവും കുറഞ്ഞിട്ടില്ല, നോക്കൂ അത് എന്താണ് കഴിഞ്ഞ കുറെ വർഷങ്ങളായി നമുക്ക് ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ അവൻ തിരുവ ചനത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത്? അവൻ പറഞ്ഞു,"പലരേയും നീതി യിലേക്ക് വഴിനടത്തുന്നവർ നക്ഷത്രങ്ങളെപ്പോലെ പ്രകാശിക്കും." "അതു കൊണ്ട് നാം ഒരു പട്ടണത്തിനായി കാത്തിരിക്കുന്നു, അതിന്റെ ശില്പിയും അതിന്റെ നിർമ്മാതാവും ദൈവം തന്നെ."

46 ഈ മഹത്തായ എന്തോ ഒന്ന് നിങ്ങൾ കണ്ടതിന് ശേഷം ഏറെ സന്ദർഭ മുണ്ടാകാനായി, ഞാൻ നിങ്ങളുടെ ഇവിടെ ഒരു ശത്രു തന്റെ പ്രവർത്തനം നട ന്നുകൊണ്ടിരിക്കുന്നു എന്നു നിങ്ങളെ കാണിക്കാൻ ശ്രമിക്കുകയാണ്. ഒരു വൈകൃതമാക്കപ്പെട്ട, ആത്മാവിനാൽ ശത്രു ചെയ്യാനായി ശ്രമിക്കുന്നതും, ക്രിസ്തുവിന്റെ ആത്മാവ് ചെയ്യാനായി ശ്രമിച്ചുകൊണ്ടിരിക്കുന്നതിനെയുമാ ണ്. അനുകൂലിച്ചും, പ്രതികൂലിച്ചും ശത്രു ശ്രമിച്ചുകൊണ്ടിരിക്കുന്നത്, ഈ ലോകത്തെ മുഴുവൻ ഒരു മഹത്തായ നേതൃത്വത്തിനു കീഴിൽ കൊണ്ടുവരിക എന്നതാണ്. ലോകം അതു ചെയ്തുകൊണ്ടിരിക്കുന്നു; റഷ്യയും, യു.എന്നും, എന്നെ ഒരു അല്പം കൂടെ മുന്നോട്ട് പോകാൻ അനുവദിക്കുക. സഭ മാനുഷ മായ രീതികളാൽ അതിനെ ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. അത് ഒരിക്ക ലും പ്രാവർത്തികമാകുകയില്ല. അത് ദൈവത്തിന്റെ പദ്ധതിയല്ല. എനിക്ക് അവന്റെ വചനത്താൽ അത് തെളിയിക്കാനാകും.

47 എന്നാൽ, നിങ്ങൾക്കറിയമോ നിങ്ങൾ എന്ന വ്യക്തിയെ, ആ രീതിയിൽ ആഗ്രഹിക്കാനായി ദൈവം ഉണ്ടാക്കി, എന്തെന്നാൽ അവന്റെ നന്മകൊണ്ട് നിങ്ങളെ നിറക്കാനായിട്ടാണ്, എന്നു നിങ്ങൾ അറിയുന്നു. ഇപ്പോൾ, ഒരു മനു ഷ്യൻ എന്തുകൊണ്ടെങ്കിലും നിറയപ്പെടണം. . . അത് അങ്ങനെയാണ്.

48 ഇത് ഒരു തിരഞ്ഞെടുപ്പിന്റെ സമയമാകുന്നു. ഇനി നിഷ്പക്ഷമായി നില്ക്കാൻ നിങ്ങൾക്ക് കഴിയില്ല. ഈ സന്ദേശം തീരുന്നതിനു മുമ്പ് നിങ്ങൾ പോയെന്നിരിക്കാം, എന്നാൽ ഈ കതകിന് പുറത്തേയ്ക്ക് പോകുമ്പോൾ, അകത്തേക്ക് വന്ന അതേ വ്യക്തിയായിത്തന്നെ പോകാനാകില്ല. അതു ശരി യാണ്. ഇന്നു രാത്രിയിൽ നിങ്ങൾ ആ വാതിൽപ്പടി ചവിട്ടി അകത്തേക്കു വന്ന ശേഷം, നിങ്ങൾ ഒന്നുകിൽ ഒരു അല്പം കൂടെ മെച്ചപ്പെട്ട വ്യക്തിയായോ അല്ലെങ്കിൽ ഒരു അല്പം കൂടെ മോശമായ വ്യക്തിയായിട്ടോ മാറും.

നിങ്ങൾക്ക് സ്വയം സഹായിക്കാൻ കഴിയില്ല. ഒരു തീരുമാനമെടുക്കുക എന്നത് നിങ്ങളുടെ കാര്യമാണ്. ഇപ്പോൾ, ശ്രദ്ധിക്കുക, ഇതു ഒരു തിരഞ്ഞെടുപ്പു സമയമാണ്. നിങ്ങൾക്ക് സ്വാഭാവികമായി അതിനെ സഹായിക്കാനാകില്ല. ഇത് ഒരു തിരഞ്ഞെടുപ്പിന്റെ സമയമാണ്. "നിങ്ങൾ ഇന്നേ ദിവസം ആരെയാണ് സേവിക്കാൻ പോകുന്നതെന്ന് തീർച്ചയായും തിരഞ്ഞെടുത്തുകൊള്ളണം."പിശാച് വളരെയേറെ ആകർഷകമായി കാര്യങ്ങളെ കാഴ്ചയിൽ കൊണ്ടുവരുന്നു, നിങ്ങൾ ആശിക്കുന്നെങ്കിൽ അതിനെ തിരഞ്ഞെടുക്കാം. നിങ്ങൾ ആയിരിക്കുന്ന വഴിയിൽ തന്നെ നിങ്ങൾക്ക് തുടരാനാകില്ല. എന്നാൽ നിങ്ങൾ നിറഞ്ഞിട്ടില്ലെങ്കിൽ. . . നിങ്ങൾ അത് ഉണ്ടാകാൻ പോകുന്നു.

49 ഇപ്പോൾ, ഇത് നമ്മുടെ ഇടയിൽത്തന്നെ ആയിരിക്കാൻ പോകയാണ് എന്നു പറയാൻ ആഗ്രഹിക്കുന്നു. സ്വർഗ്ഗത്തിലെ നല്ലവനായ കർത്താവ് ഉദാസീനനായിരിക്കാൻ വേണ്ടിയല്ല ഞാൻ ഇത് പറയുന്നതെന്ന് അറിയുന്നു. എന്നാൽ നിങ്ങൾക്ക് സത്യത്തെ കാണിക്കാൻ വേണ്ടിയിട്ടാണ് ഞാൻ ഇതു പറയുന്നത്. ഇന്നു ലോകമെമ്പാടും ചുറ്റി സഞ്ചരിക്കുന്ന നമ്മുടെ മഹാന്മാരായ സുവിശേഷകന്മാർ. . .

50 വളരെ കാലമായില്ല, പ്രശസ്തനായ ബില്ലി ഗ്രഹാമിനോടൊപ്പം, എനിക്ക് ഒരു പ്രഭാത ഭക്ഷണത്തിന് ഇരിക്കാൻ കഴിഞ്ഞു, അദ്ദേഹം ദൈവത്തിന്റെ ദാസനാണെന്ന് ഞാൻ വിശ്വസിക്കുന്നു, അദ്ദേഹം ലോകത്തിന്റെ നാനാഭാഗത്തും പോകുകയും, അവരെ ക്രിസ്തുവിലേയ്ക്ക് ക്ഷണിക്കുകയും, ലോകത്തെ ക്രിസ്തുവിലേയ്ക്കും മാനസാന്തരത്തിലേയ്ക്ക് വിളിക്കുകയും ചെയ്യുന്നു. ബൈബിൾ, *ഇങ്ങനെ* പിടിച്ചുകൊണ്ട്, ഒരു കൂട്ടം പ്രാസംഗികരുടെ മുന്നിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞതു ഞാൻ കേട്ടു, "ഇത് ഒരു ഉദാഹരണമാണ്." അദ്ദേഹം പറഞ്ഞു, "പൗലൊസ് ഒരു പട്ടണത്തിലേയ്ക്ക് ചെന്ന് ഒരാളെ മാനസാന്തരപ്പെടുത്തുന്നു. അവൻ അടുത്തവർഷം മടങ്ങിവരുമ്പോൾ, അവന് മുപ്പതു മാനസാന്തരപ്പെട്ടവർ ഉള്ളതായി കാണുന്നു. ഞാൻ ഒരു പട്ടണത്തിലേയ്ക്ക് പോകുന്നു, അവിടെ ഇരുപതിനായിരം പേർ മാനസാന്തരപ്പെടുന്നു, ഒരു വർഷം കഴിഞ്ഞു മടങ്ങിച്ചെല്ലുമ്പോൾ, അവിടെ ഇരുപതു പേർ പോലും കാണുന്നില്ല." ഓ, ഞാൻ എപ്രകാരമാണ് ചിലത് പറയാൻ ആഗ്രഹിക്കുന്നു! എന്നാൽ അത് അദ്ദേഹത്തിന്റെ മീറ്റിംഗായിരുന്നു.

51 ബില്ലി ഗ്രഹാം, തന്റെ സന്ദേശത്തിൽ, പാപത്തിൽ നിന്നും മനന്തിരിഞ്ഞ് മാനസാന്തരപ്പെടാൻ ജനങ്ങളോട് പറയും. അത് ഒരു അത്യാവശ്യമായ സന്ദേശമാണ്. അതു ചെയ്യാനായി ദൈവം ബില്ലി ഗ്രഹാമിനെ തിരഞ്ഞെടുത്തു. അദ്ദേഹം ചെയ്യുന്നതുപോലെ മറ്റാർക്കും അതു ചെയ്യാനാകില്ല, എന്തെന്നാൽ അദ്ദേഹം കർത്താവിനെ അനുഗമിക്കുന്നു. യേശു ക്രിസ്തുവിന്റെ ആദ്യ വരവിനു മുന്നോടിയായി വന്ന യോഹന്നാന്റെ ആത്മാവിലാകുന്നു അദ്ദേഹം, മുമ്പെ ചെന്നു മാനസാന്തരം പ്രസംഗിച്ചിരുന്നു, യാതൊരു അത്ഭുതവും കാണിച്ചിരുന്നില്ല, എന്നാൽ അദ്ദേഹം പ്രസംഗിക്കുമ്പോൾ ആ സ്ഥലത്തെ കുലുക്കുകയും വരാനിരിക്കുന്ന ആ സന്ദേശത്തെ സ്വീകരിക്കാൻ അവരെ തയ്യാറാക്കുകയും ചെയ്തു.

52 എന്നാൽ, ഇന്ന്, നമ്മുടെ സ്നേഹവാനായ സഹോദരൻ, ബില്ലി ഗ്രഹാമിനെപ്പോലെ, അദ്ദേഹത്തിന് പാപത്താൽ അവരെത്തന്നെ കൂട്ടിയിട്ടിരിക്കുന്ന സഹോദരന്മാരുണ്ട്, അവരെ വീണ്ടും നിറയ്ക്കുവാനായിട്ട് അദ്ദേഹത്തിന്റെ വശം സന്ദേശമില്ല. അതാണ് ആ പ്രശ്നം; നിങ്ങൾ ദൂരത്തായി എറിയപ്പെട്ടു.

53 നിങ്ങളുടെ സഹോദരനായി, ഞാൻ നിങ്ങളോട് വിനയത്തോടെ പറയട്ടെ. ബൈബിൾ ഇങ്ങനെ പറയുന്നു, "അശുദ്ധാത്മാവ് ഒരു വ്യക്തിയെ വിട്ടുപോയശേഷം വരണ്ട സ്ഥലങ്ങളിൽക്കൂടി നടക്കുന്നു." മറ്റു വാക്കുകളിൽ പറഞ്ഞാൽ, അവൻ വിശ്രമിക്കാനായി ശ്രമിച്ചുകൊണ്ട്, എല്ലായിടവും, ചുറ്റിക്കറങ്ങി നടക്കുന്നു. ഒരു ആത്മാവ്, അവന് ആരിലെങ്കിലും വസിക്കാനും, അവരിലൂടെ സംസാരിക്കാനും കഴിയുന്നതുവരെ അത്രയും മോശമല്ല.

54 വളരെ അടുത്ത്, എനിക്ക് മീറ്റിംഗിൽ ആത്മാവിനെ അനുഭവിക്കാൻ കഴിഞ്ഞു. നിങ്ങൾ കത്തുകൾ അയക്കുന്ന എല്ലാവരും, ആദ്യത്തെയോ രണ്ടാമത്തെയോ ദിവസത്തെപ്പറ്റി ഒരു ക്ഷമാപണം എഴുതിയിരുന്നു, അത് ചില മാനസിക സ്ഥിരതയില്ലാത്ത വിശ്വാസിയായിരുന്നു, അത് ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു. തീർച്ചയായും, ഞാൻ നിങ്ങളോട് ക്ഷമിക്കുന്നു. ദൈവവും അതു ചെയ്യുന്നു. കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. തീർച്ചയായും.

55 ഇപ്പോൾ, മീറ്റിംഗ് നടന്നുകൊണ്ടിരിക്കുമ്പോൾ, മീറ്റിംഗിൽ ഒരു അശുദ്ധാത്മാവ്, അത് ആരെയെങ്കിലും കണ്ടുമുട്ടി, അവരിലൂടെ പ്രവർത്തിക്കാൻ കഴിയുന്നതുവരെ നിരുപദ്രവകാരിയാകുന്നു. പിന്നെ അതിനു പ്രവർത്തിക്കാൻ കഴിയുമ്പോൾ, അത് തീർച്ചയായും ക്ഷതമുണ്ടാക്കും, എന്തുകൊണ്ടെന്നാൽ അത് ഒരു അശുദ്ധാത്മാവാകുന്നു.

56 പ്രവർത്തിക്കുന്നതിന് ആരെയെങ്കിലും കണ്ടുപിടിക്കാനായി ശ്രമിച്ചുകൊണ്ട്, പരിശുദ്ധാത്മാവും ഇവിടെത്തന്നെയാകുന്നു. അതിന് പ്രവർത്തിക്കാനായി ആരെയെങ്കിലും കണ്ടുപിടിക്കാനായാൽ, അതിന് നല്ലത് ചെയ്യാനാകും.

57 രണ്ടു ആത്മാവിന്റെയും, അവരുടെ ആന്തരോദ്ദേശ്യങ്ങളും, ലക്ഷ്യങ്ങളും കാണുന്നുണ്ടോ? അത് എപ്രകാരമാണെന്ന് കാണുക. അവരുടെ പ്രവർത്തനങ്ങളെ ശ്രദ്ധിക്കുക. അവരുടെ ഫലങ്ങളെ ശ്രദ്ധിക്കുക, അപ്പോൾ നിങ്ങളിൽ ഏതു തരത്തിൽപ്പെട്ട ആത്മാവണെന്ന് നിങ്ങൾക്ക് കാണാനാകും. നിങ്ങൾ ഒരു ആത്മാവിനാൽ പ്രചോദിക്കപ്പെടുന്നു. നിങ്ങളിൽ ആത്മാവില്ലെങ്കിൽ, നിങ്ങൾ മരിച്ചിരിക്കുന്നു. നിങ്ങളിൽ ഒരു ആത്മാവുണ്ടെങ്കിൽ, അത് നിങ്ങളുടെ ജീവിതത്തെ പ്രേരിപ്പിക്കുന്നു.

58 നിങ്ങളുടെ ജീവിതം ഒരു ക്രിസ്ത്യാനിയുടെ ഫലത്തെ പുറപ്പെടുവിക്കുന്നെങ്കിൽ, അത് ഒരു ക്രിസ്ത്യാനിയുടെ ആത്മാവാണ്. ഇപ്പോൾ, നിങ്ങൾ നിറയപ്പെട്ടിരിക്കാം.

59 ഇപ്പോൾ ഈ അശുദ്ധാത്മാവിനെ ശ്രദ്ധിക്കുക. "അതു പുറത്തു പോയ്ക്കഴിയുമ്പോൾ, അത് വരണ്ട നിലങ്ങളിൽക്കൂടി നടക്കുന്നു, വിശ്രമിക്കാനായി ഒരു സ്ഥലത്തെ തേടിക്കൊണ്ടിരിക്കുന്നു." ബൈബിൾ പറയുന്നു, "അവന് അത് കണ്ടു പിടിക്കാനാകുന്നില്ല, 'അപ്പോൾ അവൻ പറയുന്നു, ഞാൻ എവിടെനിന്ന് വന്നോ അവിടേയ്ക്ക് മടങ്ങും."' അവൻ ആയിരുന്ന ആ വ്യക്തിയുടെ അടുക്കലേയ്ക്ക് അവൻ പോകുന്നു, അവൻ ആ വീട് അടിച്ചു വാരിയിരിക്കുന്നതായി, അവൻ കാണുന്നു, വൃത്തിയാക്കിയിരിക്കുന്നു, വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു, എല്ലാ കുറ്റാരോപണങ്ങളും മാറിപ്പോയിരിക്കുന്നു. ഓ, ഒരു സന്തോഷവാനായ വിശ്വാസി, എന്നാൽ അത് ശൂന്യമായിരിക്കുന്നു. "അപ്പോൾ അവൻ പറയുന്നു, 'ഇവിടെ വരിക,' അവനായിരുന്നതിനെക്കാൾ മോശമായ ഏഴു ആത്മാക്കൾ." ഇത് മനസ്സിലാക്കാൻ നിങ്ങൾ ദയവു ചെയ്തു ശ്രമിക്കുമോ? ബൈബിൾ പറയുന്നു, അത് സത്യമാണ്. യേശു പറഞ്ഞു, അതു സത്യമാണ്. "അവൻ ആ വീട്ടിലേയ്ക്ക് തന്നെ മടങ്ങി പോകുന്നു."

60 ക്രിസ്തുവിനെ രക്ഷകനാണെന്ന് ഒരു വ്യക്തി ഏറ്റു പറഞ്ഞതിനു ശേഷം, അവൻ തന്റെ അധാർമ്മികമായ പാത ഉപേക്ഷിക്കുന്നു, അവന്റെ മദ്യപാനം നിർത്തുന്നു, തന്റെ പുക വലി നിർത്തുന്നു, അവന്റെ കള്ളം പറച്ചിലും, മോഷണവും നിർത്തുന്നു. അവൻ വിശുദ്ധീകരിക്കപ്പെട്ടു കഴിഞ്ഞു, ശുദ്ധിയാക്കപ്പെടുന്നു. അവന്റെ വീടു മുഴുവനും അടിച്ചുവാരി. അവൻ സ്വാതന്ത്ര്യം അനുഭവപ്പെട്ടു. "അങ്ങനെ അവൻ മടങ്ങി വന്ന് ആ വീടിനെ നോക്കുന്നു. എന്നിട്ട് അവൻ ചെന്ന് തന്നെക്കാൾ മോശമായ ഏഴു ആത്മാക്കളെ കൂട്ടിക്കൊണ്ടു വന്ന്, അവർ ആ വ്യക്തിയിൽ വസിക്കുന്നു." ബൈബിൾ അപ്രകാരം പറയുന്നു, "അവൻ ആദ്യം ഉണ്ടായിരുന്നതിനെക്കാൾ ഏഴു മടങ്ങ് അവന്റെ അവസ്ഥ മോശമായിത്തീരുന്നു."

61 ഇപ്പോൾ സംഭവിച്ചതെന്താണ്?ഒരു സുവിശേഷകൻ കടന്നു വന്ന്, അവർ മാനസാന്തരത്തെ പ്രസംഗിക്കുന്നു, അപ്പോൾ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ നിന്ന് ശുദ്ധി പ്രാപിക്കുന്നു. നിങ്ങൾ ശുദ്ധിയാക്കപ്പെടുമ്പോൾ, പിശാച് നിങ്ങളിൽ നിന്ന് ദൂരമാകുന്നു. നിങ്ങൾ മോഷ്ടിച്ചതിനെ, നിങ്ങൾ മടക്കിക്കൊടുക്കുന്നു. നിങ്ങൾ ചെന്നു നിങ്ങളുടെ ഭാര്യയുമായോ അഥവാ ഭർത്താവുമായോ നിങ്ങളുടെ തെറ്റുകളെ ഏറ്റു പറയുന്നു. നിങ്ങൾ വാസ്തവമായും വൃത്തിയാക്കപ്പെട്ടു. അതിനു ശേഷം അതാണ് കാര്യം, നിങ്ങൾ വിശുദ്ധമാക്കപ്പെട്ട്, പിശാചിന് ഒരു വാസ്തവവും നല്ലതുമായ ലക്ഷ്യവുമായി മാറുന്നത്.

62 ഇപ്പോൾ, "ജനങ്ങൾ വിശ്വസിക്കുകയും സ്നാനം ഏൽക്കപ്പെടുകയും ചെയ്തു, അവർ പരിശുദ്ധാത്മാവിനാൽ നിറഞ്ഞു." അതായിരുന്നു ദൈവത്തിന്റെ വിശുദ്ധമായ പദ്ധതി. ഇപ്പോൾ, നിങ്ങൾ ലോകത്താൽ നിറയപ്പെട്ടിരിക്കുന്നെങ്കിൽ. . .നിങ്ങൾ രക്ഷയുടെ അനുഭവത്തിലേയ്ക്ക് വരുമ്പോൾ, നിങ്ങൾ നല്ല ചിന്തകളാലും, അങ്ങനെയുള്ളവയാലും നിറഞ്ഞെന്നിരിക്കാം, എന്നാൽ നിങ്ങൾ ദൈവത്താൽ നിറയുന്നില്ലെങ്കിൽ! ദൈവം പരിശുദ്ധാത്മാവിനെ ഭൂമിയിലേക്ക് അയച്ചത് സഭയെ പ്രചോദിപ്പിക്കാനായിട്ടാണ്.

63 നിങ്ങൾ ചിലപ്പോൾ ചിന്തകളാൽ നിറഞ്ഞെന്നിരിക്കാം. ചിലപ്പോൾ നിങ്ങൾ വേദശാസ്ത്രത്താൽ നിറഞ്ഞെന്നിരിക്കാം. എല്ലാ മറിയാമായിരുന്നിട്ട്, ചിലപ്പോൾ നിങ്ങൾ വിദ്യാഭ്യാസത്താൽ നിറഞ്ഞെന്നിരിക്കാം. ചിലപ്പോൾ നിങ്ങൾ മതത്താൽ നിറഞ്ഞെന്നിരിക്കാം, അപ്പോഴും പിശാചിന്റെ ഒരു ലക്ഷ്യമായിരിക്കാം. അത് ശരിയാണ്. ഇപ്പോൾ, പിന്നെ. . .

64 നിങ്ങൾ ശൂന്യമായിരിക്കേണ്ടതിനായിട്ടാണ് ദൈവം നിങ്ങളെ സൃഷ്ടിച്ചത്. എന്തെന്നാൽ, നിങ്ങൾ ജനിച്ചപ്പോൾ, നിങ്ങളിൽ നിറയപ്പെടാനായി ഒരു സ്ഥലത്തെ ഉണ്ടാക്കിയിരുന്നു. പ്രകൃത്യാൽ, നിങ്ങൾ പിശാചിന്റെ ഒരു കുഞ്ഞാണ്. നിങ്ങൾ. . . ഒരു സുവിശേഷകൻ കടന്നു വരികയും, നിങ്ങൾ മാനസാന്തരപ്പെട്ട് ശുദ്ധിയാക്കപ്പെടുന്നു.

65 നിങ്ങൾ എന്തു കാണുന്നു? പിശാച് വരുന്നു. അവൻ കടന്നു വന്ന് നിങ്ങളെ ഏതെങ്കിലും ഒരു ചെറിയ സംഘടനാസഭയിൽ ഇരുത്തുകയും, “ഞങ്ങളുടെ പള്ളിയാണ് ഏറ്റവും വലുത് എന്നു പറയുന്നു.” തുടക്കത്തിൽ തന്നെ, അവിടെവെച്ചു തന്നെ നിങ്ങൾ തെറ്റാണ്. അതിനു ശേഷം നിങ്ങൾ അഹങ്കാരികളും, ഉന്നത-മാനസരുമായിത്തീരുന്നു. “എന്തിന്, ഞാൻ വീട്ടിലിരുന്നുകൊണ്ട് ടെലിവിഷൻ കാണുന്നതിൽ അത് എന്നെ കുറ്റപ്പെടുത്തുന്നില്ല. അത് ഒരു ചെറിയ കൂട്ടുകൂടി വല്ലപ്പോഴുമൊരിക്കൽ പുക വലിക്കുന്നതിലോ അഥവാ മദ്യപിക്കുന്നതോ എന്നെ കുറ്റം വിധിക്കുന്നില്ല.”നിങ്ങൾ എന്താണെന്ന് നിങ്ങളിലെ ഫലങ്ങൾ പറയുന്നു.

66 ഏതെങ്കിലും ഒരു പുരോഹിതൻ എഴുന്നേറ്റ് ഇങ്ങനെ പറയുന്നതായി നിങ്ങൾ കേൾക്കുന്നു. നിങ്ങൾ ബൈബിൾ വായിക്കുന്നുണ്ടാകാം, അതിൽ എവിടെയാണ് യേശു അത്ഭുതങ്ങൾ ചെയ്തത് എന്നു നിങ്ങൾ കണ്ടിട്ടുണ്ട്. അതിനെ നിങ്ങൾ പാസ്റ്ററുടെ അടുക്കൽ കൊണ്ടു ചെല്ലുന്നു. “ഓ,” അദ്ദേഹം പറയും, ‘ഇപ്പോൾ, നോക്കൂ. നാം അതിനെ വിശ്വസിക്കുന്നില്ല.” “നാം” ആരാകുന്നു? “*നാം* അത് വിശ്വസിക്കുന്നില്ല.” ആരാണ് ഈ നാം?; അവനും ആരും? അവനും ദൈവവുമല്ല, എന്തെന്നാൽ ദൈവം അത് എഴുതി. അത് അവനും മറ്റാരുമോ ആണ്.

67 നിങ്ങൾ അതിനു പിന്നിൽ നിന്നാൽ, ബാബേൽ ഗോപുരം പണിയപ്പെട്ടതിന്റെ ഉദ്ദേശം പോലെ തന്നെ അതു കാണപ്പെടും, മാനുഷ നിർമ്മിതമായ, ഭൂമിയിൽ ആധിപത്യം ഉണ്ടാക്കുക. എന്നാൽ ദൈവം അതു ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ എല്ലാവരും മെഥോഡിസ്റ്റിന്റേയോ, ബാപ്റ്റിസ്റ്റിന്റേയോ, അഥവാ ഏതെങ്കിലും ക്രിസ്തീയ സഭ സംബന്ധിച്ചതിന്റേയോ, ഒരു സഭയുടെ നോതൃത്ത്വത്തിന്റെ കീഴിലോ നിങ്ങൾ ഒന്നായിത്തീരാൻ അവൻ ആഗ്രഹിച്ചില്ല. നിങ്ങൾ എല്ലാവരും റോമിന്റെ കീഴിൽ ഒന്നായിത്തീരാൻ അവൻ ആശിച്ചില്ല. നിങ്ങൾ ഏതെങ്കിലും ഒരു സംഘടനാസഭയുടെ കീഴിൽ ഒന്നായിത്തീരാൻ അവൻ ആശിച്ചില്ല.

68 പരിശുദ്ധാത്മാവിന്റെ, അവന്റെ ആത്മീയ രാജ്യത്തിൻ കീഴിൽ നിങ്ങൾ

ഒന്നായിത്തീരണമെന്ന് അവൻ ആഗ്രഹിച്ചു. പരിശുദ്ധാത്മാവ് വരുമ്പോൾ, ലോകം മരിച്ചു പോകുന്നു, നിങ്ങൾ പരിശുദ്ധാത്മ സ്നാനത്താൽ നിറയപ്പെടുന്നു. പിശാച് എന്ന വ്യക്തി, നിങ്ങളിൽ നിന്നും ദൂരത്ത് നിൽക്കേണ്ടിയിരുന്നു. നിങ്ങൾ ദൈവത്തിന്റെ നിയന്ത്രണത്തിൻ കീഴിലാകുന്നു. നിങ്ങൾ ഒരു പുതിയ സൃഷ്ടിയാകുന്നു. പരിശുദ്ധാത്മാവ് ആ ശൂന്യമായ സ്ഥലത്തേയ്ക്ക് വരികയും അതിനെ നിറയ്ക്കുകയും ചെയ്യുന്നു.

69 ഇപ്പോൾ, ഒരു പാസ്റ്റർ, ഏതു ആരാധനയായാലും, നിങ്ങൾ വായിച്ച ഏതെങ്കിലും ഒരു ചെറിയ സാഹിത്യം നിങ്ങളോടു പറയും, "അത്ഭുതങ്ങളുടെ ദിവസങ്ങൾ കഴിഞ്ഞുപോയി." അത് ആ കൂട്ടത്തിൽപ്പെട്ട ഏതെങ്കിലും ഒരു ആത്മാവിനെ നിങ്ങളിലേയ്ക്ക് ഇടാനുള്ള ഒരു നല്ല സ്ഥലമാണ്, അതിന് നിങ്ങളെ ഒരു പാപിയായിരുന്നതിനെക്കാൾ മോശമായ ഒരു അവസ്ഥയിലേയക്ക് എത്തിക്കാൻ കഴിയും. എന്തെന്നാൽ, മതപരമായ പാപി എല്ലാത്തിനെക്കാളും മോശമായതാണ്. അതാണ് ഏറ്റവും മോശമായത്. യേശു അങ്ങനെ പറഞ്ഞു. അത് ഏറ്റവും മോശമായ ആത്മാവാണ്.

70 പിന്നെ ദൈവത്തിന്റെ മഹത്തായ ശക്തിയുള്ള ഒരു മീറ്റിംഗിലേയ്ക്ക് നിങ്ങൾ കടന്നുപോകുന്നു! നിങ്ങൾ അതു കാണുമ്പോൾ, നിങ്ങൾ പറയുന്ന ആദ്യത്തെ കാര്യം, "ഇപ്പോൾ, ഞാൻ ഇതുമായി ഇടകലർന്നുപോയാൽ, അവർ എന്നെ പള്ളിയിൽ നിന്നും കത്തു തന്നു പുറത്താക്കുമോ എന്നു ഞാൻ ആശ്ചര്യപ്പെടുകയാണ്." നിങ്ങൾ എവിടെയാണെന്ന് കാണുന്നുണ്ടോ?

71 ഇപ്പോൾ, അത് സംഭവിച്ചില്ലെന്നിരിക്കാം. വളരെ നല്ല സംഘടനാസഭകളുണ്ട്, നല്ല പാസ്റ്റർമാർ, മെഥോഡിസ്റ്റ്, ബാപ്റ്റിസ്റ്റ്, എല്ലാ വ്യത്യസ്ത തരത്തിലുള്ളവരും ദൈവത്തിന്റെ പ്രകൃത്യാതീതമായ ചലനത്തെ വിശ്വസിക്കുകയും, മനുഷ്യൻ വീണ്ടും ജനിച്ച് പരിശുദ്ധാത്മാവിനാൽ നിറയപ്പെടണം എന്ന് വിശ്വസിക്കുകയും ചെയ്യുന്നു. അവരിൽ ഓരോരു ത്തർക്കുവേണ്ടിയും ഞാൻ ദൈവത്തിന് നന്ദി പറയുന്നു. അവരിൽ അനേകർ വിശ്വസിക്കുന്നു. ദൈവത്തിന്റെ മക്കൾ എല്ലായിടത്തും പെട്ടുപോയിട്ടുണ്ട്. എന്നാൽ ഞാൻ എന്താണ് പറയാൻ ഉദ്ദേശിക്കുന്നതെന്നാൽ, ആ എല്ലാ സഭകളിലുമാണ്, കൂടുതലും പേരെ നിങ്ങൾക്ക് കാണാൻ കഴിയുന്നത്.

72 ദിവ്യ രോഗശാന്തിയിൽ വിശ്വസിക്കാത്ത, മെഥോഡിസ്റ്റ് ജനങ്ങളോട് ഞാൻ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ സ്ഥാപകനായ ജോൺ വെസ്ലിയെക്കുറിച്ച് എന്തു പറയുന്നു? ഒരു സ്ത്രീക്കു വേണ്ടി പ്രാർത്ഥിക്കാൻ അവൻ തന്റെ കുതിരമേൽ സവാരി ചെയ്യുമ്പോൾ, കുതിര തെന്നി ഒരു എലി കുഴിച്ച കുഴിയിലേയ്ക്ക് വീണ്, അതിന്റെ കാൽ ഒടിഞ്ഞുപോയി. ജോൺ കുതിരപ്പുറത്തുനിന്നിറങ്ങി, ഒരു കുപ്പി എണ്ണ എടുത്തു, ഇങ്ങനെ പറഞ്ഞു, "കർത്താവെ, നീ എന്നെ സൃഷ്ടിച്ച അതെ പോലെ തന്നെ, നീ ഈ കുതിരയെയും സൃഷ്ടിച്ചു," എന്നിട്ട് ആ എണ്ണ എടുത്ത് അതിനെ പൂശി. പിന്നെ അതിന്റെ മുകളിൽ കയറി യാത്ര തുടർന്നു. അതിനെപ്പറ്റി എന്താണ്? നിങ്ങൾ ഇന്ന് അതിനെ ഒരു ആധുനിക മെഥോഡിസ്റ്റ് സഭയിൽ പ്രസംഗിച്ചു നോക്കൂ, അവർ നിങ്ങളെ വാതിലിന് പുറത്തേയ്ക്ക് എറിഞ്ഞു കളയും. തീർച്ചയായും.

73 എന്നാൽ നിങ്ങൾ അത് എന്താണെന്ന് കാണുന്നോ? ബൈബിളിലെ വെളിപ്പാട് 17, " ആ പഴയ അമ്മ വേശ്യ," അവളുടെ പുത്രികളും. അതിനെക്കുറിച്ച് ഞാൻ തീർച്ചയായും വിശദമാക്കാൻ പോകുന്നില്ല. പ്രൊട്ടസ്റ്റൻഡു സിദ്ധാന്തം കത്തോലിക്കാ സിദ്ധാന്തത്തിന്റെ ഉല്പന്നമാണ്. തീർച്ചയായും അതാണ്. അവർ അവരുടെ ചില വേണ്ടാത്ത ചപ്പു ചവറുകളെ പുറത്തു കൊണ്ടുവന്നു, ഇപ്പോഴും അതിൽ തൂങ്ങിക്കിടക്കുന്നു. അപ്പോസ്തലന്മാരുടെ ഉപദേശങ്ങളിൽ നിന്നും ദൂരത്തായി, വചപരമായ ഉപദേശങ്ങളിൽ നിന്നും ദൂരത്തായി, ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു.

74 അവർ സ്വയം ഒരു 'അപ്പോസ്തല വിശ്വാസ പ്രമാണം' ഉണ്ടാക്കി. അത്തരത്തിൽ ഒരു മതവിശ്വാസ പ്രമാണം എവിടെയാണ് അപ്പോസ്തലന്മാർ ഉദ്ധരിച്ചതെന്ന് ഏതെങ്കിലും ഒരു മനുഷ്യൻ എനിക്ക് കാണിച്ചു തരാൻ ഞാൻ ആവശ്യപ്പെടുന്നു. ഒരിക്കലുമില്ല, ഒരിടത്തുമില്ല! എന്നാൽ അതിന്മേൽ കിടക്കുന്നു.

75 നിങ്ങൾ നിങ്ങളുടെ പുരോഹിതന്മാരെ "പിതാവെ" എന്നു വിളിക്കുന്നു. യേശു പറഞ്ഞത് ഒരു മനുഷ്യനേയും"പിതാവ്"എന്നു വിളിക്കരുത് എന്നാണ്.

76 പ്രൊട്ടെസ്റ്റന്റുകളും കത്തോലിക്കരും, നിങ്ങൾ ജനങ്ങളോട്, നിങ്ങളുടെ പ്രാർത്ഥന ബുക്കുകളെ എടുത്ത്, പ്രാർത്ഥനകളെ വീണ്ടും വീണ്ടും പല പ്രാവശ്യം ഏറ്റു ചൊല്ലുക എന്നു പറയുന്നു. യേശു പറഞ്ഞതു, "പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്, അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്ക് തോന്നുന്നത്." എന്നാണ്.

77 കുടത്തിന് കെറ്റലിനെ കറുത്തതെന്ന് വിളിക്കാനാകില്ലെന്ന് നിങ്ങൾ കാണുക. അത് ശരിയാണ്. അതെല്ലാം, എല്ലാ മനുഷ്യ നിർമ്മിതമായ തത്വങ്ങളും ന്യായവിധിക്കു കീഴിലാണ്. ആ കാരണത്താലാണ് ഒരു ഉണർവ്വ് ഒരു പട്ടണത്തിലേയ്ക്ക് വരുമ്പോൾ, ഈ കസേരകളെല്ലാം ഒഴിഞ്ഞു കിടക്കുന്നത്. എങ്ങനെയായാലും ദൈവം അതിനെ അയയ്ക്കുകയും, ദിനപത്രങ്ങൾ അതിനെ പ്രസിദ്ധമാക്കുകയും ചെയ്യും. നിങ്ങൾ ഉത്തരം നൽകാനായി ന്യായവിധി ദിവസത്തിൽ വിളിക്കപ്പെടുമ്പോൾ, അവർ അവിടെ പുറകിലായി പോയതുപോലെ നിങ്ങൾ കുറ്റക്കാരായി കാണപ്പെടും.

78 യേശു പറഞ്ഞത്,"ശേബാ രാജ്ഞി, തെക്കെ രാജ്ഞി, ന്യായവിധിയിൽ ഈ തലമുറയോടു ഒന്നിച്ചു ഉയിർത്തെഴുന്നേറ്റു അതിനെ കുറ്റം വിധിക്കും; അവൾ ഭൂമിയുടെ അറുതിയിൽ നിന്നും വന്നുവല്ലോ? മൂന്ന് മാസങ്ങൾ, അവൾ ഒരു ഒട്ടകത്തിനു പുറത്തിരുന്ന്, "ശലോമോനിൽ ഉണ്ടായിരുന്ന ദൈവത്തിന്റെ ദാനങ്ങളെ കാണാൻ വന്നു?" അവൻ പറഞ്ഞു "ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു, ഇതാ ഇവിടെ ശലോമോനിലും വലിയവൻ ."

79 ഇന്നു രാത്രിയിൽ, ഞാൻ നിങ്ങളോട് പറയുന്നു, ഇതാ ഇവിടെ ശലോമോനിലും വലിയവൻ . പരിശുദ്ധാത്മാവിൽ, അത് ക്രിസ്തു എന്ന വ്യക്തിയാണ്, അവൻ ഇവിടെ ചെയ്തതുപോലെ, നിർവഹിക്കുകയും, പ്രവർത്തിക്കുകയും, മനുഷ്യ ജീവിതത്തിൽ സൃഷ്ടിക്കുകയും ചെയ്യുന്നു.

80 ഒഴിച്ചിടേണ്ടതായ ഒരു ഇടമായി ദൈവം നിങ്ങളെ സൃഷ്ടിച്ചു. ഇപ്പോൾ, നിങ്ങൾക്ക് ആ പഴയ ജീവിതത്തെ വീണ്ടും മിനുക്കിയെടുക്കാൻ കഴിയില്ല. നിങ്ങൾക്ക് ആ പഴയ ജീവിതത്തെ പുതുക്കിയെടുക്കാൻ കഴിയില്ല. അവൾക്ക് മരിക്കേണ്ടിയിരിക്കുന്നു, അവളിൽ ഒരു പുതിയ ജീവൻ ജനിക്കേണ്ടിയിരിക്കുന്നു. അവൾക്ക് കൈയ്ക്കും, നഖത്തിനും നൽകുന്ന ചികിത്സയോ, കാഴ്ചക്ക് നന്നായി കാണേണ്ടതിന്, നിങ്ങൾ സ്ത്രീകൾ ചുണ്ടിൽ തേയ്ക്കുന്നതുപോലുള്ളതോ അവൾക്ക് ആവശ്യമില്ല. അവൾക്ക് മുടി ചുരുളാക്കുന്നതല്ല ആവശ്യം. അവൾക്ക് ചുണ്ടിൽ പുരട്ടുന്ന ചപ്പു ചവറല്ല ആവശ്യം. സഭയ്ക്കാവശ്യം ഒരു ജനവും, പരിശുദ്ധാത്മാവിന്റെ നിറയപ്പെടലുമാണ്.

81 അവളുടെ ചുണ്ടുകൾ ചായം പൂശിയും അവളുടെ മുടി ചുരുട്ടിയും, ആയിരുന്നാൽ, അവൾ ആ പഴയ പെൺകുട്ടി തന്നെയായിരിക്കും. അവൾ അപ്പോഴും ഒരു സംശയാലു തന്നെയായിരിക്കും. അവൾക്ക് അപ്പോഴും, അവൾക്ക് അവളുടെ സംശയം ഉണ്ടായിരിക്കും. അവൾക്ക് അവളുടെ ഭയം ഉണ്ടായിരിക്കും. അവൾ തന്നെത്താൻ അവളുടെ മനസ്സാക്ഷിക്കുത്തിലായിരിക്കും. അവൾ സത്യം കേൾക്കാൻ ആഗ്രഹിക്കുന്നില്ല, എന്തുകൊണ്ടെന്നാൽ അവളുടെ ഉള്ളിൽ ഇരിക്കുന്നത് അവളെ അത് ചെയ്യാൻ അനുവദിക്കില്ല. അത് ശരിയാണ്. തീർച്ചയായും.

82 തെരുവിൽ ദുഷ്പ്പേരുള്ള ഒരു സ്ത്രീയുടെ അടുത്തേക്ക് നിങ്ങൾ നടന്നു ചെന്ന് പറയു, "ഹായ്, സ്ത്രീയെ, നിങ്ങൾ തെറ്റിലാണ്."

അവൾ പറയും, "നീ നിന്റെ സ്വന്ത കാര്യം നോക്ക്."

83 അഹങ്കാരികളും മാറ്റപ്പെടുത്താൻ കഴിയാത്തതുമായ ചില സഭ വിശ്വാസികൾ ആ സ്ത്രീയിലും ഏഴു മടങ്ങ് മോശമാണ്.

84 അവളോട് പറയുക, "ഒരു മഹത്തായ ഉണർവ്വ് സംഭവിക്കാൻ പോകുന്നു. നിങ്ങൾ അതിലേയ്ക്ക് വരണം. യേശു ക്രിസ്തു സ്വയം വെളിപ്പെട്ട്, രോഗികളെ സൗഖ്യമാക്കുന്നു. ജനങ്ങളും മറ്റുള്ളവരും പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നു."

85 "നിന്റെ പാട്ടിനു പോ! നിനക്ക് എന്താ കുഴപ്പം? ഞാൻ ഒരു സഭയിൽ പോകുന്നു. ഞാൻ നിന്നെപ്പോലെ വളരെ നല്ലവളാണ്." എന്ത്? അതിനെക്കാൾ നല്ലതായി അവൾക്ക് ഒന്നുമറിയില്ല.

86 അത് ചെയ്യുന്നത് മോശമാണെന്ന് നിങ്ങൾ ഒരു മാന്യയായ സ്ത്രീയോട് പറയുക. അവൾ പറയും, "ആമേൻ. അത് തെറ്റാണെന്ന് ഞാൻ അറിയുന്നു."

87 ദൈവത്തിന്റ ആത്മാവിനാൽ വീണ്ടും ജനിച്ച ഒരു പുരുഷനോടോ ഒരു സ്ത്രീയോടോ നിങ്ങൾ പരിശുദ്ധാത്മാവ് ഇവിടെ ആയിരിക്കുന്നത് അവരുടെ ഹൃദയങ്ങളെ നിറയ്ക്കാനാണെന്ന് പറയൂ. അവർ നിലവിളിച്ചുകൊണ്ട് "ആമേൻ" പറയും, എന്തെന്നാൽ അവർ ദൈവ വചനത്തെ ഭക്ഷിക്കുകയും

അതിനാൽ ജീവിക്കുകയും ചെയ്യുന്നു. തീർച്ചയായും, അവർ ചെയ്യും.

88 എന്നാൽ, ലോകത്തായിരിക്കുന്നതുപോലെയാണ് സഭയിലും എന്നു നിങ്ങൾ കാണുന്നു. അവർ എന്തോ പണിയാനായി നോക്കുന്നു. അവന്റെ രാജ്യം കെട്ടുന്നതിന് ദൈവത്തിന് നിങ്ങളുടെ സഹായം ആവശ്യമില്ല. നിങ്ങൾ വചനം പ്രസംഗിക്കണമെന്ന് മാത്രമാണ് ദൈവം ആഗ്രഹിക്കുന്നത്. അവൻ കെട്ടിട നിർമ്മാണം നടത്തിക്കൊള്ളും. അവനാണ് ശില്പി. അവിടെ അവന്റെ പ്ലാനുകൾ നിരത്തിയിട്ടിരിക്കുന്നു. ശരി.

89 പിന്നെ നമ്മൾ എന്തു ചെയ്യും? ഒരു സ്ഥലം, ലോകത്തിന്റെ കാര്യങ്ങ ളിൽ നിന്ന്, ഒഴിച്ചിടാനായി ദൈവം നിങ്ങളെ സൃഷ്ടിച്ചു. ഇപ്പോൾ, പ്രകൃതി ലോക കാര്യങ്ങളെ സ്നേഹിക്കാനായി നിങ്ങളിൽ ഒരു ആത്മാവിനെ അവിടെ ഇട്ടു, അതു ചെയ്യുമ്പോൾ നിങ്ങൾ തെറ്റിലാണ് എന്നു നിങ്ങൾ അറിയുന്നു.

90 നിങ്ങൾ ഒരു സഭയിലെ അംഗമാണെങ്കിലും, നിങ്ങൾക്ക് കഴിയാവു ന്നതിന്റെ പരമാവധി നിങ്ങൾ മതഭക്തിയുള്ളയാളാണെന്നിരിക്കിലും, പിശാ ചിനാൽ നിറയപ്പെട്ടിരിക്കുന്നു പോലെയാണ്. അത് ശരിയാണ്. അതിലെ എല്ലാ വചനങ്ങളും സത്യമാണെന്നിരിക്കെ, ദൈവ വചനത്തെ നിങ്ങൾ സംശ യിക്കുന്നെങ്കിൽ, അത് പിശാചാണ് നിങ്ങളോട് പറയുന്നത്. തീർച്ചയായും അങ്ങനെയാണ്. അത് മര്യാദയില്ലായ്മയാണ്. എന്നാൽ ഇത് സമയമാണ്, ഏതെങ്കിലും നാണംകുണുങ്ങിയായ പ്രാസംഗികൻ, തന്റെ കൈയ്യിലെ റബ്ബർ ഉറകളെ ഊരിക്കളഞ്ഞിട്ട് അത് എഴുതിയിരിക്കുന്നതു പോലെ അതിനെ പ്രസം ഗിക്കേണ്ട സമയമാണ്. തന്റെ സെമിനാരിയിലെ ചെറിയ അനുഭവങ്ങളെ ചുറ്റി പ്പറ്റി നിൽക്കുന്നതിനെ വിട്ടൊഴിയേണ്ട സമയമാണ്.

91 യാന്ത്രികമായി മെഷീനിൽ വിരിച്ചെടുത്ത ഒരു കോഴിക്കുഞ്ഞിനെപ്പറ്റി ഞാൻ എപ്പോഴും ദുഃഖിക്കാറുണ്ട്. ഒരു കോഴിക്കുഞ്ഞിനെ വിരിച്ചെടുക്കുന്ന മെഷീനിൽ വിരിഞ്ഞ് ഒരു കോഴിക്കുഞ്ഞ്, എപ്പോഴും പക്ഷികളുണ്ടാക്കുന്ന ശബ്ദം ഉണ്ടാക്കാറുണ്ട്, എന്നാൽ അതിന് അതിന്റെ അമ്മയുടെ അടുക്കൽ പോകാൻ കഴിയില്ല. സെമിനാരി പറയുന്നതല്ലാതെ, വചനത്തെപ്പറ്റി മറ്റൊന്നും അറിയാതിരിക്കുന്ന ഒരു പ്രാസംഗികൻ, പോകാൻ ഒരു അമ്മയില്ലാതെ, പക്ഷി ചിലക്കുന്നതു പോലെ ശബ്ദമുണ്ടാക്കുന്നത് എപ്പോഴും എന്റെ മനസ്സിൽ വന്നിട്ടുണ്ട്.

92 എന്നാൽ നിങ്ങൾ വാസ്തവമായും അവന്റെ ചിറകിൻ കീഴിലെ കൃപ യിലും ശക്തിയിലും ജനിച്ചാൽ, അവൻ പറഞ്ഞ ഓരോ വാക്കും സത്യമാ ണെന്ന് സമ്മതിക്കും. ദൈവത്തിന്റെ ആത്മാവ് പ്രകൃത്യാതീതമായി നീങ്ങു മ്പോൾ, നിങ്ങളുടെ ഹൃദയം അതിലേയ്ക്ക് പോകാനായി ദാഹിക്കും.

93 നിങ്ങൾ ഒരു വശത്തേക്ക് നീങ്ങി നിന്ന് ഇങ്ങനെ പറയില്ല, "മാനസീക മായ പരഹൃദയജ്ഞാനം! പിശാച്! ബെയെത്സെബൂൽ! ഞാൻ അതിൽ വിശ്വ സിക്കുന്നില്ല. എന്റെ സഭ അത് പഠിപ്പിക്കുന്നില്ല."

94 നിങ്ങൾ പറയും, "ദൈവം എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ," എന്തെന്നാൽ നിങ്ങൾ നിറയപ്പെട്ടു. നിങ്ങൾക്ക് ശൂന്യമായിരിക്കാൻ കഴിയില്ല.

95 ശൂന്യത എന്നത് അലസതയാകുന്നു. ഇപ്പോഴത്തെ മനന്തിരിഞ്ഞ വർക്ക് സംഭവിക്കുന്നത് അതാണ്. നിങ്ങൾ മനന്തിരിഞ്ഞ ഉടൻ തന്നെ, അലസ രായി ചുറ്റിക്കറങ്ങുന്നു. അവിടെത്തന്നെ മുട്ടിന്മേലായിക്കൊണ്ട്, നിങ്ങളെ പരിശുദ്ധാത്മാവിനാൽ നിറക്കാനായി ദൈവത്തോട് അപേക്ഷിച്ചുകൊണ്ടേയി രിക്കേണം. എന്നിട്ട് നിങ്ങൾ ഒരു ചുമരിലേയ്ക്ക് ചെല്ലുമ്പോൾ, അവന്റെ അനുഗ്രഹീതമായ സാന്നിദ്ധ്യം നിങ്ങളോടൊപ്പം ഉണ്ടാകും. ആ രാത്രിയിൽ സിംഹക്കുഴിയിൽ ദാനിയേലിന്റെ അടുക്കൽ വന്നതുപോലെ, പിശാച് നിങ്ങ ളുടെ അടുക്കൽ വരുമ്പോൾ, ദൈവത്തിന്റെ പ്രകാശം മിന്നുകയും അവൻ നിങ്ങളെ വിട്ടു ദൂരമാകുകയും ചെയ്യും. "ഒരു നല്ല മനുഷ്യൻ തന്റെ ഭവനത്തെ കാവൽ ചെയ്യാതെ ഇരുന്നാൽ." തീർച്ചയായും.

ഇപ്പോൾ, പെന്തക്കോസ്ത് നാളിൽ, ഒന്നായിത്തീർന്നു.

96 അഥവാ, അതിനു തൊട്ടു മുമ്പായി, എല്ലാ ശിഷ്യന്മാരേയും ശുദ്ധീകരി ക്കുകയും, അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു. യേശു, ആ ഇടയൻ, ആ പ്രായമുള്ള പിടക്കോഴി, അവന്റെ അടയിരിക്കലിൽ, ആയിരുന്നതുപോലെ, അവൻ ഇങ്ങനെ പറഞ്ഞു "അവൻ അവരെ ഒരു കോഴിയെപ്പോലെ കൂട്ടുമായി രുന്നു", പിശാചിന്റെ ആത്മാവിനെ ദൂരത്താക്കിയിട്ട്, നിറയ്ക്കാനുള്ള സമയ ത്തിനായി കാത്തിരുന്നു.

97 അപ്പോഴും, അതെല്ലാമായി, വെറും പന്ത്രണ്ട് മനുഷ്യർ, യേശു ചെയ്ത ഈ എല്ലാ നല്ല പ്രവർത്തികൾ കണ്ടതിനു ശേഷവും, അവരിൽ ഒരുവന് പിശാ ചിനാൽ അഭിഷേകം കിട്ടി. അവന്റെ തലയിൽ പട്ടാളക്കാരെക്കൊണ്ട് തുണി ചുറ്റിച്ചശേഷം തലയിൽ വടികൊണ്ടോ, ഗദ കൊണ്ടോ അടിച്ചിട്ട്, "നിന്നെ അടി ച്ചതാരെന്ന് പറയുക. ഞങ്ങൾ നിന്നിൽ വിശ്വസിക്കാം." എന്നു പറയിച്ചത് അവരായിരുന്നു. യേശുവിനെ പിൻപറ്റി നടന്ന് അത്ഭുതങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനു ശേഷം. ആ യഹൂദൻ വന്നു, അവൻ ആരാ ണെന്നും എവിടെ നിന്നാണെന്നും പറഞ്ഞു. ഇതെല്ലാം കണ്ടതിനു ശേഷം, ശമര്യായുടെ കിണറ്റിങ്കൽ, ആ സ്ത്രീയുടെ പാപങ്ങളെ വിളിച്ചു പറയുന്നത് കണ്ടതിനു ശേഷവും, ഇതേ വ്യക്തി തന്നെ അതിനെ സംശയിച്ചു. പരീശൻ പറയുന്നതു കേൾക്കുക, "അവൻ ഒരു ഭാവി പറച്ചിലുകാരനാണ്." സ്ത്രീ അവന്റെ വസ്ത്രത്തിൽ തൊട്ട് സൗഖ്യം പ്രാപിച്ചതിനു ശേഷം, ആ സനേഹവാ നായ യേശുവിനെ, അവൻ അപ്പോഴും വിശ്വസിച്ചില്ല. ഒരു അവിശ്വാസ ത്തിന്റെ ആത്മാവിനെ തന്നിലേയ്ക്ക് വരാൻ അവൻ അനുവദിച്ചു, എന്തെ ന്നാൽ അവന് പുറത്തുള്ളവരാൽ നിർദ്ദേശം ലഭിച്ചിരുന്നു. ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്നു കാണുന്നോ?

98 ഓ, അവിശ്വാസം എന്നത് എത്ര ഭയാനകമായ കാര്യമാകുന്നു! അപ്പോ ഴും, ജനങ്ങൾ ക്രിസ്ത്യാനിത്വം നടിക്കുകയും, അവരിൽ അതുമായിട്ട് ഇരിക്കു കയും ചെയ്യുന്നു. "അന്ത്യകാലത്ത്, മനുഷ്യർ സ്വസ്നേഹികളും വമ്പു

പറയുന്നവരും" എന്നു ബൈബിൾ പറയുന്നു, ഞാൻ അതിനെപ്പറ്റി വ്യത്യസ്ത മായി പറയുന്നോ? ഇല്ല, സർ. ഇത് അവസാനം അടുത്ത് എത്തിയിരിക്കുന്നു എന്നു കാണിക്കുന്നതാണ്. എന്തെന്നാൽ ബൈബിൾ അപ്രകാരം പറയുന്നു, "ആത്മാവ് സ്പഷ്ടമായി പറയുന്നു,"സ്പഷ്ടമായി എന്ന വാക്കിന്റെ അർത്ഥം എന്താണെന്നറിയാമോ, "അതായത് അവസാന ദിവസങ്ങളിൽ," അതായത് ഇത്, "ദുർഘട സമയങ്ങൾ വരും, മനുഷ്യർ സ്വസ്നേഹികളായിരിക്കും."

99 ഞാൻ, ശ്രീമാൻ ജോൻസ്, പിഎച്ച്ഡി, എനിക്ക്-എനിക്ക് സെമിനാരി പ്രവൃത്തി പരിചയമുണ്ട്. എനിക്ക്-എനിക്ക് എല്ലാ ബിരുദങ്ങളുമുണ്ട്. ഞാൻ എൽ എൽ ആണ്, രണ്ട് എൽഡിയുണ്ട്. ഞങ്ങളുടെ പാസ്റ്റർക്ക് *ഇതും അതു* മൊക്കെ ഉണ്ട്." അതിനു ദൈവവുമായി യാതൊന്നും ചെയ്യാനില്ല.

100 വളരെ നാളുകളായില്ല, എന്റെ അടുക്കൽ ഒരു മനുഷ്യൻ വന്നു, അയാൾ പറഞ്ഞു, "സഹോദരൻ ബ്രൺഹാം എനിക്ക് നിങ്ങളുടെ ചുമരുകൾ മുഴുവൻ ബിരുദങ്ങളെക്കൊണ്ട് പൂശാനാകും." എന്നിട്ട് പറഞ്ഞു, "ഓരോ പ്രാവ ശ്യവും എനിക്ക് ഒരു ഡോക്ട്രേറ്റ് ബിരുദം കിട്ടുമ്പോൾ, ഞാൻ ചിന്തിക്കും ഞാൻ ക്രിസ്തുവിനെ കണ്ടുമുട്ടി എന്ന്. എനിക്ക് എന്റെ സാഹിത്യത്തിന്റെ ബിരുദം കിട്ടിയപ്പോഴും, എനിക്ക് എന്റെ ബാച്ചിലർ ബിരുദം കിട്ടിയപ്പോഴും, ഞാൻ ക്രിസ്തുവിനായി അതിൽ എല്ലായിടത്തും തേടിയിരുന്നു. എനിക്ക് ഇന്നു വരെ അവനെ കണ്ടെത്താനായില്ല." അവൻ ചോദിച്ചു, "ഈ പഠിപ്പിക്കു ന്നവർ തെറ്റായിരിക്കുമോ?"

101 ഞാൻ പറഞ്ഞു, "ഈ മതതത്വവേദശാസ്ത്ര ബിരുദങ്ങളാൽ ക്രിസ്തു വിനെ അറിയാൻ കഴിയില്ല, എന്നാൽ അവൻ പെന്തക്കോസ്ത് നാളിൽ വന്ന പരിശുദ്ധാത്മാവ് എന്ന വ്യക്തിയിലൂടെ മാത്രമാണ് അറിയാനാകുന്നത്."

102 ആ മനുഷ്യൻ, ഞാൻ ആഹാരം കഴിക്കുന്ന മുറിയിൽ, കോഫി മേശ യുടെ കുറുകെ വീണ്, അവിടെ വെച്ചു തന്നെ പരിശുദ്ധാത്മാവിനെ പ്രാപിച്ചു, ആമേൻ. ഇന്നു രാത്രിയിൽ, വയലിൽ, ദിവ്യരോഗശാന്തി പ്രസംഗിക്കുന്നു, അവൻ ഇന്നുള്ള എല്ലാ ശ്രേഷ്ടന്മാരിലുംപെട്ട ഒരു വ്യക്തിയാണ്. സഭ ചെ യ്തതെന്താണ്? ഉടനെതന്നെ അവനെ പുറത്താക്കി. "എന്റെ നാമം നിമിത്തം അവർ നിങ്ങളെ പള്ളിഭ്രഷ്ടരും മറ്റുമാക്കുമ്പോൾ, നിങ്ങൾ ഭാഗ്യവാന്മാർ."

103 ബൈബിൾ എന്തു പറയുന്നു, "അവർ സ്വസ്നേഹികളും, വമ്പു പറയു ന്നവരുമായിരിക്കും." എപ്പോൾ? "അന്ത്യ കാലത്ത്. ദൈവത്തെ സ്നേഹിക്കു ന്നതിനേക്കാളും അധികം, ടെലിവിഷനെ സ്നേഹിക്കുന്നവരും, ആനന്ദങ്ങളെ സ്നേഹിക്കുന്നവരായിരിക്കും. ഇണങ്ങാത്തവരും, ഏഷണിക്കാരും."

104 "ഇപ്പോൾ, ഞാൻ നിങ്ങളോട് പറയുകയാണ്. അവിടെ ആ മീറ്റിംഗി ലേക്ക് പോകരുത്, എന്തെന്നാൽ അതിൽ യാതൊന്നും ഇല്ല." തെറ്റായി കുറ്റം പറയുന്നവർ! ബൈബിൾ അപ്രകാരം പറയുന്നു. "ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവർ." അത് ഏതു ശക്തിയാണ്?

105 ഒരു നിമിഷം. ശിഷ്യമാർ ചോദിച്ചു. യൂദാസ് അവനെ ഒറ്റുകൊടുത്ത തായും എല്ലാം അടുത്തു വന്നതായും അവർ കണ്ടപ്പോൾ ശിഷ്യന്മാർ അവ നോട് ഈ ചോദ്യം ചോദിച്ചു, അവർ ചോദിച്ചു, "കർത്താവെ, നീ ഈ കാല ത്തിലോ യിസ്രായേലിന് രാജ്യം യഥാസ്ഥാനമാക്കിക്കൊടുക്കുന്നത്? അവൻ എന്താണ് പറഞ്ഞതെന്ന് ശ്രദ്ധിക്കുക. "ആ സമയം നിങ്ങൾ അറിയേണ്ട ആവ ശ്യമില്ല. എന്നാൽ യെരൂശലേം പട്ടണത്തിലേയ്ക്ക് പോകുക, നിങ്ങൾ ഒരു സാക്ഷിയാകുന്നതിനു മുമ്പ് ഉന്നതങ്ങളിൽ നിന്ന് ശക്തി ധരിക്കുക." ഒരു സാക്ഷി ചില കാര്യങ്ങൾ അറിയേണ്ടതായിട്ടുണ്ട്. ഒരു സാക്ഷിയ്ക്ക് ഒരു അനുഭവത്തിന്റെ ആവശ്യമുണ്ട്. പരിശുദ്ധാത്മാവ് നിങ്ങളെ സ്നാനം കഴിക്കു ന്നതുവരെ നിങ്ങൾക്ക് ക്രിസ്തുവിന്റെ ഒരു സാക്ഷി ആയിരിക്കാൻ കഴിയില്ല.

106 പരിശുദ്ധാത്മാവിനെ സ്വീകരിക്കുന്നതുവരെ യേശു തന്റെ ശിഷ്യന്മാരെ സുവിശേഷം പ്രസംഗിക്കാൻ അനുവദിച്ചില്ല. അപ്പോഴും, അവർ മൂന്നര വർഷ ക്കാലം അവനോടൊപ്പം നടക്കുകയും ബഹുമാനിക്കപ്പെട്ടിരിക്കുകയും ചെ യ്തിരുന്നു. അവർ വിശുദ്ധ മനുഷ്യരും, അവന്റെ കാഴ്ചയ്ക്ക് സ്വീകാര്യങ്ങ ളായിരിക്കുന്നെങ്കിലും, അവിടെ കാത്തിരുന്ന് അവരിലുള്ള എല്ലാ ഭിന്നതകളും അവരിൽ നിന്നും നീക്കുകയും, പരിശുദ്ധാത്മാവ് അവരിലേയ്ക്ക് വരികയും, ചെയ്യുന്നതുവരെ അവരെ പ്രസംഗിക്കാൻ പോകാൻ അനുവദിച്ചില്ല.

107 ലോകത്തിന് ഇന്ന് എന്താണ് ആവശ്യം, അതെ നിറയൽ. ആ കൂട്ടിയിട്ടി രിക്കുന്നത് വരുമ്പോൾ, അത് ഒരു നിറയ്ക്കൽ ആവശ്യപ്പെടുന്നു. അത് അക ത്തേയ്ക്ക് വരുമ്പോൾ, ആ നിറയ്ക്കൽ എന്തു ചെയ്യും? എവിടെയാണോ നിങ്ങൾക്ക് സംശയമുള്ളത്, അത് വിശ്വാസത്തെ കൊണ്ടുവരും. എവിടെ യാണ് നിങ്ങളിൽ ഭിന്നതകളുള്ളത്, അത് സ്നേഹത്തെ കൊണ്ടുവരും. എവി ടെയാണോ നിങ്ങൾക്ക് വിദ്വേഷമുള്ളത്, അത് കൂട്ടായ്മയെ കൊണ്ടുവരും.

108 പിന്നീട്, ഏതെങ്കിലും ഒരു ദിവസം ജീവനുള്ള ദൈവത്തിന്റെ സഭ ആ മഹത്തായ തലയ്ക്കു കീഴിൽ ഒന്നായിത്തീരുമ്പോൾ, അത് ദൈവത്തിന്റെ തല യായിരിക്കും. ദൈവം, ക്രിസ്തുവിന്റെ ശരീരവുമായി ഒന്നായിത്തീർന്ന്, മുഴു വൻ സഭയ്ക്കും ഭരണാധികാരിയും, രാജാവും, കർത്താവും, അവന്റെ നിയ ന്ത്രണത്തിൻ കീഴിലുമായിരിക്കും. അപ്പോൾ അവൾ മുകളിലേയ്ക്ക് സ്വാഗതം ചെയ്യപ്പെടും.

109 ഇന്നു, അവർ എല്ലാത്തരത്തിലും പെട്ട ബാബേൽ ഗോപുരങ്ങൾ പണി താലും, അവർ എല്ലാവിധ റോക്കറ്റുകളെയും കണ്ടുപിടിച്ചാലും, എല്ലാവിധ ത്തിലുമുള്ള സോഷ്യലിസവും കമ്മ്യൂണവുമായി അവർ ഇളക്കിയാലും, സകല ക്രിസ്തീയ വ്യവസ്ഥകളും പരാജയപ്പെടും. എന്നാൽ അതിൽ എല്ലാ റ്റിനും ഉപരിയായി, പരിശുദ്ധാത്മാവ് സ്വയം, അവന്റെ രാജത്വത്തിൻ കീഴിൽ, ദൈവത്തിന് അവന്റെ രാജാവിന്റെ കീഴിൽ ഒന്നായിത്തീർന്ന ഒരു സഭ, ഉണ്ടാ യിരിക്കും.

110 യേശു പറഞ്ഞു, "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും: എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും. അവർ സർപ്പങ്ങളെ പിടിച്ചെന്നാലും അഥവാ മരണകരമായ എന്തു കുടിച്ചാലും അത് അവർക്ക് ഹാനി വരുത്തുകയില്ല. അവർ രോഗികളുടെ മേൽ കൈ വെച്ചാൽ, അവർക്ക് സൗഖ്യം വരും." മഹത്തായ അത്ഭുതങ്ങളും അടയാളങ്ങളും! "ഞാൻ ചെയ്യുന്ന പ്രവർത്തികൾ അവരും ചെയ്യും, ഞാൻ എന്റെ പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ ഇതിൽ അധികവും അവർ ചെയ്യും. കുറഞ്ഞൊന്നു കഴിഞ്ഞാൽ ലോകം എന്നെ കാണുകയില്ല, നിങ്ങളോ എന്നെ കാണും, എന്തെന്നാൽ ഞാൻ നിങ്ങളോടൊപ്പം ആയിരിക്കും." എന്ത്? പുറത്തേയ്ക്കെറിയുക, ഒഴിച്ചിടുക. "അതിനു ശേഷം, ഞാൻ നിങ്ങളോടൊപ്പം ലോകാവസാനം വരെ ഉണ്ടാകും." പരമാവധി തീർച്ചയായും. "ലോകാവസാനം വരെ ഞാൻ നിങ്ങളോടൊപ്പവും, നിങ്ങളിലും ആയിരിക്കും."

111 ആത്മാവ് അവിടെയായിരിക്കുമ്പോൾ, അത് ദൈവത്തിന്റെ നിത്യമായ വചനത്തിൽ പിടിച്ചുകൊള്ളും, ആര് എന്ത് പറഞ്ഞാലും, ലോകം എന്തു പറഞ്ഞാലും, അതിനു വിരോധമായി എന്തു തന്നെ വിളിച്ചാലും, എന്തു തന്നെ സംഭവിച്ചാലും വിഷയമല്ല. ദൈവമാണ് ആ വാഗ്ദാനത്തെ തന്നിരിക്കുന്നെങ്കിൽ, ആ ആത്മാവിനാൽ ഉറച്ചു നിൽക്കുന്നയാൾ, ദൈവത്തിന്റെ വാഗ്ദാനത്തിൽ പിടിച്ചുകൊണ്ട്, അവർ അതിനെ വിശ്വസിക്കും. ഓ! അവർ അതിൽ പിടിച്ചുകൊള്ളും. അവർ അതിൽ നിന്നും അല്പം പോലും മാറുകയില്ല.

112 ആ സഭ പരിശുദ്ധമാണ്. ആ സഭ പരിശുദ്ധാത്മാവിനാൽ ശുദ്ധീകരിക്കപ്പെട്ടതാണ്. അവരുടെ ബോധം, സംശയത്താലുള്ള ഭയം അവിശ്വാസം ഇവ നീക്കപ്പെട്ടു. അവർ ദൈവ വചനം കേട്ട് ഒരു നിശ്ചിത കാര്യം പറയുമ്പോൾ, അവർ അത് വിശ്വസിക്കുന്നു. ഓ! അവർ അതിലേയ്ക്ക് പിടിച്ചിരിക്കുന്നു. അവർക്ക് അതിൽ നിന്നും വിട്ടുപോകാനാകില്ല.

113 എന്റെ സ്നേഹിതാ, ലോകം ഇന്ന്, ക്രിസ്തുവുമായി ഒന്നായിത്തീർന്ന ജനങ്ങളെ, ക്രിസ്തുവിന്റെ കലർപ്പില്ലാത്ത ആത്മാവിന്റെ പ്രകടനത്തെ ആശിക്കുന്നു. ഗാംഭീര്യമുള്ള വീരന്മാരായ പുരുഷന്മാർ!

114 അവസാനമായി, ഞാൻ ഇതു പറയട്ടെ, ലോകം വീരന്മാരായ പുരുഷന്മാരെ കാണാൻ ആഗ്രഹിക്കുന്നു. അവർ വീരന്മാരെ ബഹുമാനിക്കുന്നു. അത് ശരിയാണ്. ഒരു പഴയ പറച്ചിലുണ്ട്, അതായത്, "ഭീരുക്കൾ ദശലക്ഷം തവണ മരിക്കുന്നു, എന്നാൽ വീരന്മാർ ഒരിക്കലും മരിക്കുന്നില്ല."

115 ഒരു കഥ എന്റെ മനസ്സിൽ വരുന്നു. കുറച്ചു സമയത്തേക്ക് ഞാൻ ഇതിനെ നിങ്ങൾക്കായി ഉദ്ധരിക്കുകയാണ്. അത് സാധാരണയായി മറന്നു പോകാൻ സാദ്ധ്യതയുള്ള ഒരു വീരന്റെ കഥയാണ്. എന്റെ പ്രായത്തിലെ അനേക പുരുഷന്മാരും സ്ത്രീകളുമായ നിങ്ങൾ ഇത് നിങ്ങളുടെ സ്കൂളിലെ പുസ്തകത്തിൽ പഠിച്ചിട്ടുള്ളതായി ഓർക്കും.

116 ഇത് സ്വിറ്റ്സർലാൻഡിൽ അനേക വർഷങ്ങൾ മുമ്പുള്ള കാര്യമാണ്. ചില വീടുകളെ അവർ സ്വയം പണിയുന്നതിനായി സ്വിക്സർലാൻഡിലെ ജനങ്ങൾ മലമുകളിലേയ്ക്ക് പോയി. അവർക്ക് ചെറിയ വീടുകളും, അവരുടെ ചെറിയ സമ്പത്വ്യവസ്ഥയും മറ്റുമേ ഉണ്ടായിരുന്നുള്ളു. അവർ അതിനെ ഇഷ്ടപ്പെട്ടിരുന്നു. അവർ യുദ്ധം ചെയ്യുന്ന ജനങ്ങളായിരുന്നില്ല. അവർ സമാധാന പ്രേമികളായിരുന്നു.

117 ഒരിക്കൽ, വളരെ പെട്ടെന്ന്, സ്വിറ്റ്സർലാൻഡിലേയ്ക്ക് ഒരു ശക്തിമത്തായ പട്ടാളം കടന്നുവന്നു. അവർ നല്ലപോലെ പരിശീലനം കിട്ടിയവരായിരുന്നു, ഇവിടെ ഇരിപ്പിടങ്ങൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നതുപോലെ, ഒരു ഇഷ്ടികകൊണ്ടു കെട്ടിയ മതിൽ പോലെ; ശ്രേഷ്ടമായ പരിചകളും, വലിയ കുന്തങ്ങളും, നല്ല പരിശീലനം ലഭിച്ച മനുഷ്യർ. അവർ മാർച്ച് ചെയ്തുകൊണ്ട്, സ്വിറ്റ്സർലാൻഡിൽ എന്തുണ്ടോ അതിനെ എടുക്കാൻ വന്നു.

118 സ്വിറ്റ്സർലാൻഡുകാർ, തങ്ങളുടെ വീടുകളെ കാക്കാൻ, തങ്ങളുടെ ഭാര്യമാരെ ചുംബിക്കുകയും, കുഞ്ഞുങ്ങളെ ആലിംഗനം ചെയ്യുകയും ചെയ്തിട്ട്, അവർ പഴയ അരിവാളിന്റെ തുണ്ടുകളും, കല്ലുകളും പാറക്കഷണങ്ങളും, പഴയ വലിയ ഗദകളുമായി, ആ വന്നുകൊണ്ടിരിക്കുന്ന പട്ടാളത്തെ നേരിടുവാൻ ആ താഴ്‌വരയിലേയ്ക്ക് പോയി. അവർ അവിടെ കൂടി വന്നപ്പോൾ, വളരെക്കുറച്ചു വിരളിലെണ്ണാവുന്ന മനുഷ്യർ മാത്രം, അവർക്കു ചുറ്റുമായി വലിയ പട്ടാളം മാർച്ചു ചെയ്യുന്നു. അവർക്ക് എന്താണ് ചെയ്യാനാവുക? ഒരാൾ മറ്റെയാളെ നോക്കിക്കൊണ്ട്, അവർ അവിടെ നിസ്സഹായരായി, പ്രതീക്ഷയറ്റവരായി നിന്നു. അവർ തോറ്റുകൊടുക്കുക. അതല്ലാതെ മറ്റൊരു വഴിയില്ലായിരുന്നു. അവർ തീർന്നു കഴിഞ്ഞിരുന്നു.

119 അല്പ സമയത്തിനുള്ളിൽ, അർനോൾഡ് വോൺ വിങ്കൽറീഡ് എന്നു പേരോടുകൂടിയ ഒരു മനുഷ്യനുണ്ടായിരുന്നു. അവൻ മുന്നോട്ട് വന്ന് പറഞ്ഞു, “സ്വിക്സർലാൻഡുകാരായ പുരുഷന്മാരെ, ഈ മലയ്ക്കപ്പുറത്ത് ഒരു ചെറിയ വെള്ളപൂരട്ടിയ വീട്ടിൽ എന്റെ ഭാര്യയും മൂന്ന് കുഞ്ഞുങ്ങളും കാത്തിരിക്കുന്നു.” എന്നിട്ട് പറഞ്ഞു, “ഇന്നു രാവിലെ നേരം ഞാൻ അവരെ ചുംബിച്ച് ഗുഡ്–ബൈ പറയുകയും ചെയ്തു, ഞാൻ അവരെ ഈ ഭൂമിയിൽ ഇനി ഒരിക്കലും കാണില്ല.”

120 അവർ ചോദിച്ചു, “അർനോൾഡ് വേൺ വിങ്കർലീഡ്, നീ എന്തു ചെയ്യാൻ പോകുന്നു?”

അവൻ പറഞ്ഞു, “ഈ ദിവസം ഞാൻ സ്വിക്സർലാൻഡിനുവേണ്ടി മരിക്കും.”

121 “കൊള്ളാം,” അവർ പറഞ്ഞു, “അർനോൾഡ് വോൺ വിങ്കൽറീഡ്, അത് ഒരു ഗുണവും ചെയ്യില്ല. നീ എന്താണ് സ്വിറ്റ്സർലാൻഡിനായി മരിക്കും എന്നു പറയുന്നത്?”

122 അവൻ പറഞ്ഞു, "നിങ്ങളുടെ പക്കൽ എന്താണുള്ളത് അത് എടുക്കുക; കലപ്പയുണ്ടാക്കുന്ന ഷീയറുകൾ, പഴയ കൊയ്ത്ത് അരിവാളും, വടികളും ഗദ കളും, പാറകളും," എന്നിട്ട് പറഞ്ഞു, "എന്റെ പിന്നാലെ വരിക, നിങ്ങളുടെ കൈയ്യിൽ എന്തുണ്ടോ, അതുമായി നിങ്ങൾക്ക് കഴിയാവുന്നതിന്റെ പരമാവധി മല്ലിടുക.

ചോദിച്ചു, " നീ എന്തു ചെയ്യും?"

123 അവൻ അവരുമായി മല്ലിടാനായി കൊണ്ടുവന്ന, തന്റെ അരിവാളിനെ താഴേയ്ക്ക് വലിച്ചെറിഞ്ഞു. അവൻ തന്റെ കൈകളെ ഉയർത്തിക്കൊണ്ട് വളരെ ഉച്ചത്തിൽ അലറിക്കൊണ്ട് ആ പട്ടാളത്തിന്റെ നടുവിലേയ്ക്ക് ഓടി.

124 അവൻ ചുറ്റുമായി നോക്കി. എവിടെയാണ് ഏറ്റവും കൂടുതൽ പേർ കുന്തവുമായി നിൽക്കുന്നുണ്ടായിരുന്നത്. എല്ലാവരും ഒരേ രീതിയിലും എണ്ണ ത്തിലും, ആ മലയ്ക്കു ഏതിരായി മുന്നോട്ട് മുന്നോട്ട് പോയ്ക്കൊണ്ടിരുന്നു, (ആ രീതിയിലാണ് പിശാച് ചെയ്യുന്നത്) ആ മൂലയിലേയ്ക്ക് അവർ മാർച്ചു ചെയ്തു പോയ്ക്കൊണ്ടിരുന്നു.

125 അവൻ തന്റെ കൈകളെ ഉയർത്തി, ഉച്ചത്തിൽ ആർത്തു, "സ്വാതന്ത്ര്യ ത്തിനായി വഴി തരൂ!" ആ വന്നുകൊണ്ടിരുന്ന പട്ടാളം അതുകണ്ടു അത്ഭുതപ്പെ ട്ടു. അവൻ ഓടാൻ ആരംഭിച്ചുകൊണ്ട്, വീണ്ടും ഉച്ചത്തിൽ "സ്വാതന്ത്ര്യത്തി നായി വഴി തരൂ!" എന്നു ആർത്തു വിളിച്ചു.

126 അവൻ ആ വലിയ കൂട്ടം കുന്തങ്ങളേന്തി നിൽക്കുന്നവരുടെ ഇടയി ലേയ്ക്ക് പാഞ്ഞ് ചെന്നപ്പോൾ, അവനെ പിടിക്കാനായി, അവർ അവിടെ അവ നിലേയ്ക്ക് കുന്തമുനയുമായി നിന്നിരുന്നു, അവൻ തന്റെ കൈകളെ *ഇങ്ങനെ* വിരിച്ച് കൊണ്ട്, ആ എല്ലാ കുന്ത മുനകളും അവർ അവന്റെ നെഞ്ചിലേയ്ക്ക് കുത്തിയിറക്കി. ഒരു യഥാർത്ഥ വീരപ്രകടനം, ധീരതയുടെ പ്രദർശനം, അത് ആ വലിയ പട്ടാളത്തെ താറുമാറാക്കി, അത് അവരുടെ പരിപൂർണ്ണ പരാജ യവും, അവരെ തുരത്തിയും കളഞ്ഞു.

127 ഇതാ സ്വിറ്റ്സർലാൻഡുകാർ വടികളും ഗദകളുമായി വന്ന്, അവരുടെ രാജ്യത്തിൽ നിന്ന് ആ പട്ടാളത്തെ ആട്ടിപ്പായിച്ചുകളഞ്ഞു. ആ സമയം മുതൽ അവർക്ക് അങ്ങനെ ഒരു യുദ്ധം ഉണ്ടായിട്ടില്ല, എന്തുകൊണ്ടെന്നാൽ ഒരു മനു ഷ്യൻ ഒരു വീരന്റെ വേഷം ധരിക്കുകയും, എന്താണോ ശരിയായിരുന്നത് അത് ചെയ്യുകയും ചെയ്തു. അതു ഒരിക്കലും അതിശയകരമായിരുന്നില്ല. അപൂർ വ്വവുമായി മാത്രമേ ധീരതയുമായി താരതമ്യം ചെയ്തിട്ടുള്ളു.

128 എന്നാൽ, ഓ, വളരെ വർഷങ്ങൾക്കു മുമ്പ്, ഒരു ദിവസം, അതു ഒരു വളരെ ചെറിയ കാര്യമായിരുന്നു, ഈ ലോകത്തിലെ ഓട്ടത്തിൽ, രോഗത്താ ലും, ദുരിതങ്ങളാലും, പാപത്താലും, ആദാമിന്റെ മക്കൾ, ഈ ലോകത്തിന്റെ മൂലയിലായി പിന്നോട്ടടിക്കപ്പെട്ടിരുന്നു. അവർക്കായി പ്രവാചകന്മാരെ

അയച്ചു, അവർ അവരെ കൊന്നു. അവർ, എല്ലാത്തരത്തിലെ നിയമങ്ങളേയും, നിരസിച്ചുകളഞ്ഞു. ആദാമിന്റെ വംശം ആ മൂലക്കായി പുറന്തള്ളപ്പെട്ടു.

129 ഒരുവൻ സ്വർഗ്ഗത്തിൽ നിന്ന് പുറത്തേയ്ക്ക് വന്ന്, ഇങ്ങനെ പറഞ്ഞു, "എന്റെ ജീവനെ കൊടുക്കാനായി ഞാൻ ഇന്നു ഭൂമിയിലേയ്ക്ക് പോകുന്നു." എവിടെയായിരുന്നു ഏറ്റവും അധികം അസ്ത്രങ്ങളുണ്ടായിരുന്നത് എന്ന് അവൻ കണ്ടു. ആദാമിന്റെ സന്തതിയുടെ ഭയം മരണമായിരുന്നു. അവൻ കാൽവരിയിലേയ്ക്ക് പോയ്ക്കൊണ്ടിരിക്കുമ്പോൾ, അവൻ മരണത്തെ ബലാൽക്കാരമായി പിടിച്ചു പറിച്ച്, തന്റെ മാറിലേക്കിട്ടു.

130 അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "ഇപ്പോൾ അതിനെ ഒഴിച്ചിടൂ, അവിടേയ്ക്ക് പോകുക. . . യുദ്ധം ചെയ്യേണ്ടതിനായി എന്തിനെയെങ്കിലും ഞാൻ നിങ്ങൾക്ക് തിരികെ അയയ്ക്കുന്നതു വരെ അവിടെ കാത്തിരിക്കുക." എന്നോട് ക്ഷമിക്കൂ. . .അനുഗ്രഹിക്കപ്പെട്ട. കർത്താവിന്റെ നാമം അനുഗ്രഹിക്കപ്പെടുമാറാകട്ടെ. അവൻ പരിശുദ്ധാത്മാവിനെ അയച്ചു, എന്നിട്ട് പറഞ്ഞു, "എന്നെ പിന്തുടരൂ. പാപത്തിന്റെയും രോഗത്തിന്റെയും ചുമരിനെ മുറിക്കൂ."

131 പുരുഷന്മാരും, സ്ത്രീകളുമായുള്ളോരെ, ദൈവത്തിന്റെ സഭയ്ക്കു നൽകപ്പെട്ടിരിക്കുന്ന ഏറ്റവും വലിയ കാര്യമെന്നത് ക്രിസ്തീയ വിശ്വാസത്തിലെ ഏതെങ്കിലും ഒരു പേപ്പർ നിങ്ങളുടെ കൈയ്യിൽ പിടിക്കുന്നതല്ല, എന്നാൽ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട്, നമ്മുടെ പ്രധാന ക്യാപ്റ്റൻ വന്ന് ഏറ്റെടുക്കൽ നടത്തുന്നതുവരെ പിശാചിന്റെ രാജ്യത്തെ മുറിക്കുക എന്നതാണ്.

132 ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഞാനൊറ്റയ്ക്കാണെന്ന് നിങ്ങൾ വിചാരിക്കരുത്. അത് ശരിയാണ്. ഞാൻ എന്താണ് സംസാരിക്കുന്നത് എന്നു ഞാൻ അറിയുന്നു. ദൈവത്തിൽ വശ്വസിക്കുന്ന നിങ്ങൾ, ബഹുമാന്യരായ പുരുഷന്മാരും സ്ത്രീകളുമായുള്ളോരെ, നിങ്ങളുടെ ഹൃദയത്തിൽ ദൈത്തിന്റെ ആത്മാവുള്ളതായി നിങ്ങൾ അവകാശപ്പെടാനെങ്കിൽ. നിങ്ങൾ രോഗിയും ആവശ്യക്കാരുമാണെങ്കിൽ, ആ രോഗവുമായി മല്ലിടേണ്ടതിന് നിങ്ങൾക്ക് ആ ആയുധത്തെ എടുക്കേണ്ടതായിട്ടുണ്ട്. അത് നിങ്ങളിൽ തന്നെയാണ്. ദൈവം അതു നിങ്ങൾക്കു നൽകിയിരിക്കുന്നു.

133 ഒരു ഭീരുവിനെപ്പോലെ നാം പുറകിൽ നിൽക്കുന്നത് എന്ത്? നാം വശത്തുള്ള വരിയിൽ എന്തിന് നിൽക്കണം? നമുക്ക് ക്യാപ്റ്റനെ പിന്തുടരാം. കാൽവരിയിലേയക്ക് പോയവനെ നമുക്ക് പിൻപറ്റാം. അവൻ കാൽവരിയിലേയ്ക്ക് പോയപ്പോൾ, "അവൻ നമ്മുടെ അതിക്രമങ്ങൾക്കായി മുറിവേറ്റു. അവന്റെ അടിപ്പിണരിനാൽ നാം സൗഖ്യം പ്രാപിച്ചു കഴിഞ്ഞു."

134 അവൻ നിങ്ങൾക്ക് എന്താണ് നൽകിയത് അതിനെ എടുത്ത്, പാപത്തോടും രോഗത്തോടും യുദ്ധം ചെയ്യുക. അവിശ്വാസത്തെ അടിച്ചു പുറത്താക്കുക. പിശാച് ഒരു കള്ളനാണെന്ന് അവനോട് പറയുക. ക്രിസ്തു പറഞ്ഞു അവൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്ന്. "നിങ്ങളിലുള്ളവൻ ലോകത്തിലുള്ളവനെക്കാൾ വലിയവൻ." ഇന്നു രാത്രിയിൽ, നിങ്ങളിലുള്ള

ക്രിസ്തുവിന്റെ ശക്തി നിങ്ങളുടെ ശരീരത്തിൽ ബാധിച്ചിരിക്കുന്ന രോഗത്തെക്കാളും വലുതാണ്. നിങ്ങൾക്ക് ജയിക്കാനാകില്ല എന്നു വ്യാകുലപ്പെടുത്തുന്ന ചെറിയ പാപത്തെക്കാൾ വലുതാണ് നിങ്ങളിലിരിക്കുന്ന മഹത്തായ ക്രിസ്തുവിന്റെ ശക്തി. നമുക്ക് പരിശുദ്ധാത്മാവിനെ എടുത്തു പിശാചിനെ അടിച്ചു വീഴ്ത്തി, കുരിശിലെ വീരന്മാരെപ്പോലെ, ജയശാലികളായി നടക്കാം.

നമുക്ക് പ്രാർത്ഥിക്കാം.

135 യഹോവെ, യഹോവ–റാഫാ, യഹോവ–യീരേ, ഞങ്ങൾ യേശുവിന്റെ നാമത്തിൽ വരുന്നു. "എന്റെ നാമത്തിൽ പിതാവിനോട് നിങ്ങൾ എന്തു യാചിച്ചാലും ഞാൻ നിങ്ങൾക്ക് ചെയ്തു തരും," എന്ന് അവൻ പറഞ്ഞതിനാൽ ഞങ്ങൾ വരുന്നു.

136 ഇന്നു രാത്രിയിൽ, വളരെ നാളുകളായി കഷ്ടം അനുഭവിച്ചുകൊണ്ടിരിക്കുന്നതായ, ഇവിടെ ഒരു ചെറിയ കൂട്ടം ജനങ്ങളുണ്ട്, പിശാച് അവരെ നോക്കി ഉച്ചത്തിൽ ശബ്ദമുണ്ടാക്കുകയും, അവന്റെ കൊടിയുടെ കീഴിൽ വെയ്ക്കാനും ആഗ്രഹിക്കുന്നു. അവർക്കു ചുറ്റുമായി നിൽക്കുന്ന ആ വലിയ പട്ടാളത്തിനു ചുറ്റുമായി അവർ നോക്കുമ്പോൾ, അവൻ ഇങ്ങനെ അവരോട് പറയുന്നു, "അത്ഭുതങ്ങളുടെ കാലം കഴിഞ്ഞു, അങ്ങനെ യാതൊന്നും ഇല്ല."

137 ഓ കർത്താവായ ദൈവമെ, നിത്യജീവനായുള്ള, പരിശുദ്ധാത്മാവിനെ അവർ ബലാൽക്കാരമായി പിടിച്ചു വാങ്ങി, അവരുടെ ഹൃദയങ്ങളിൽ നിറയ്ക്കാൻ ഇടവരുമാറാകട്ടെ. അവൻ അവരെ നിറച്ചിട്ടില്ലെങ്കിൽ, അവൻ ഇപ്പോൾ തന്നെ അതു ചെയ്യുവാൻ ഇടവരട്ടെ. എല്ലാ സംശയങ്ങളും അപ്രത്യക്ഷമാകട്ടെ. ഇന്നു രാത്രിയിൽ, ഈ ജനങ്ങളുടെ ശരീരങ്ങൾ, സംശയത്തിന്റെയും അവിശ്വാസത്തിന്റെയും സ്ഥാനത്ത്, ദൈവത്തിന്റെ നിറയ്ക്കുന്ന ശക്തിയാൽ, നിറക്കേണമെ. അവർക്ക് വിശ്വാസത്തെയും, സ്നേഹത്തെയും, സന്തോഷത്തെയും, ആനന്ദത്തെയും, പരിശുദ്ധാത്മാവിനെയും, പഴയ കാലത്തിൽ അബ്രഹാമിന് നൽകിയതുപോലെ, ഇല്ലാതിരുന്നിട്ടും, ഉണ്ട് എന്നു വിളിക്കുന്ന, എന്തെന്നാൽ അത് ദൈവം പറഞ്ഞിരിക്കുന്നു, ആ വാഗ്ദാനത്തിൽ മുറുകെ പിടിക്കാൻ സഹായിക്കേണമെ, കർത്താവെ അനുവദിക്കേണമെ.

138 ഈ കെട്ടിടത്തിലെ ഞങ്ങൾ എല്ലാവരും, ഞങ്ങളുടെ തലകളെ താഴ്ത്തി നിൽക്കുമ്പോൾ, ഇന്നു രാത്രിയിൽ, ഇവിടെ പരിശുദ്ധാത്മാവിനെ കൂടാതെ ഏതെങ്കിലും നിൽക്കുന്ന ഒരു വ്യക്തിയുണ്ടെങ്കിൽ, "ഓ, കർത്താവെ, എന്നോട് ദയയുണ്ടാകണേ," എന്നു പറയുമോ എന്നു ഞാൻ വിസ്മയപ്പെടുന്നു. മനുഷ്യനാൽ ഉണ്ടാക്കപ്പെട്ട, ഈ ക്രിസ്തീയ സഭകളുടെ വിശ്വാസ ഗോപുരങ്ങളും, അതുമൂലം ഉണ്ടാക്കപ്പെട്ട എല്ലാവിധമായ സംശയങ്ങൾക്കും, ചുറ്റിപ്പറ്റി നിൽക്കാൻ ഞാൻ ലജ്ജിക്കുന്നു. ഇന്നു രാത്രിയിൽ, എന്നെ ആ അധികാരത്തിൽ കീഴിൽ നിന്നും നീക്കി, പരിശുദ്ധാത്മാവിനാൽ, നിന്റെ അധികാരത്തിൻ കീഴിലാക്കേണമെ. എനിക്ക് ഇപ്പോൾ അത് ആവശ്യമാണ്, കർത്താവെ. എന്റെ സൗഖ്യത്തെ സ്വീകരിക്കാനുള്ള വിശ്വാസം എനിക്ക്

നൽകേണമെ. എന്റെ പാപങ്ങളും, ഈ എല്ലാ കാര്യങ്ങളും എന്നിൽ നിന്ന് നീങ്ങിപ്പോയി എന്നു വിശ്വസിക്കാനുള്ള വിശ്വാസം എനിക്ക് നൽകേണമെ. പരിശുദ്ധാത്മാവ് എന്നിലേയ്ക്ക് വന്ന് എന്റെ പ്രാണനിൽ ആനന്ദത്താൽ കവിഞ്ഞൊഴുകുമെന്ന വിശ്വാസം എനിക്ക് നൽകേണമെ. നിങ്ങളുടെ കൈകളെ അവനിലേയ്ക്ക് ഉയർത്തി "ഞാൻ അത് സ്വീകരിക്കാൻ ആഗ്രഹിക്കുന്നു," എന്നു പറയുമോ?

139 ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിളെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, നിങ്ങളെയും, നിങ്ങളെയും, നിങ്ങളെയും. കെട്ടിടത്തിൽ എല്ലായിടത്തുമായിരിക്കുന്നു. അവിടെ പുറകിൽ, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, മഹിളെ, ഞാൻ കാത്തുനിൽക്കുന്നു. ദൈവം ശ്രദ്ധിക്കുന്നു. ഇവിടെയുള്ള നിങ്ങളെയും, ആ വരി മുഴുവനായും. അതെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

140 "എനിക്ക് പരിശുദ്ധാത്മാവിനെ ആവശ്യമുണ്ട്, ഞാൻ ക്ഷീണിച്ചിരിക്കുന്നു, എന്റെ ജീവിതം വഴിമദ്ധ്യേയായി, ചുറ്റിക്കറങ്ങുന്നു. കോപവും, വഴക്കിടലും, മനഃപ്രയാസവും, സംശയവും, ഭയവുമായിട്ട് എന്റെ ഹൃദയം നിറഞ്ഞിരിക്കുന്നു, സഹോദരൻ ബ്രൺഹാം ഞാൻ അതിനെ എല്ലാം പുറത്താക്കാൻ ആശിക്കുന്നു. എവിടെയാണോ എനിക്ക് വെളിച്ചമായി പ്രകാശം നൽകാനാകുന്നത്, ഞാൻ അവിടെ ആയിരിക്കാൻ ആഗ്രഹിക്കുന്നു. എന്റെ ജീവിതം, ഞാൻ സ്തെഫാനൊസിനെപ്പോലെ, അവൻ എങ്ങനെയാണ് ഭയമില്ലാത്തവനായിരുന്നത്, ഞാൻ അങ്ങനെ ആയിരിക്കാൻ ആഗ്രിഹിക്കുന്നു."

141 അവന്റെ മുഖം ഒരു ദൂതനെപ്പോലെ പ്രകാശിച്ചു എന്ന് അവർ പറഞ്ഞു. അത് ഒരു മിന്നുന്ന പ്രകാശമായിരിക്കില്ല. ഒരു ദൂതൻ ഒരു കർക്കശക്കാരനായിരിക്കും. അവൻ എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് അവൻ അറിയുന്നു. അവൻ സെൻഹദ്രിൻ സംഘത്തിന്റെ മുന്നിൽ നിന്നുകൊണ്ട് പറഞ്ഞത്, "നിങ്ങൾ ശാഠ്യക്കാരും, ഹൃദയത്തിനും ചെവിക്കും പരിച്ഛേദന ഇല്ലാത്തവരുമായുള്ളോരെ! നിങ്ങൾ പരിശുദ്ധാത്മാവിനോട് എതിർത്തു നിൽക്കുന്നു. നിങ്ങളുടെ പിതാക്കന്മാർ ചെയ്തതുപോലെ. നിങ്ങൾ ചെയ്യുന്നു." ഒരു ദൂതനായിരുന്നു. അവന് ഒരു സന്ദേശമുണ്ടായിരുന്നു. *ദൂതൻ* എന്ന വാക്കിന്റെ അർത്ഥം "സന്ദേശവാഹകൻ."

142 "എനിക്ക് നൽകേണമെ, പരിശുദ്ധാത്മാവിനെ എന്റെ ഹൃദയത്തിലാക്കി, ക്രിസ്തുവിന്റെ ദിവ്യ ശക്തിയാൽ, എന്നെ ഒരു സന്ദേശ വാഹകനാക്കണമെ, കർത്താവെ, ഇല്ലാത്തവരായ ആരെങ്കിലും, നിങ്ങളുടെ കരം ഉയർത്തുമോ?"

143 ദൈവത്തിന്റെ അനുഗ്രഹം നിങ്ങളുടെ മേലാണ്, സർ. യവ്വനക്കാരിയായ മഹിളെ, നിങ്ങളെ അനുഗ്രഹിക്കുന്നു. യവ്വനക്കാരനായ മനുഷ്യ, ദൈവം നിങ്ങളെയും അനുഗ്രഹിക്കട്ടെ. ദൈവം നിങ്ങളെ കാണുന്നു. നല്ലത്. ശരി.

144 ഇപ്പോൾ നിങ്ങൾ തലകൾ താഴ്ത്തി നിൽക്കുമ്പോൾ, നിങ്ങൾ എവിടെ ആയിരിക്കുന്നോ അവിടെത്തന്നെ, പരിശുദ്ധാത്മാവിനാൽ ദൈവം നിങ്ങളെ നിറയ്ക്കാനായി നമുക്ക് ദൈവത്തോട് പ്രാർത്ഥിക്കാം.

145 “സഹോദരൻ ബ്രൺഹാം, പരിശുദ്ധാത്മാവിനായി, താങ്കൾ ഇറങ്ങി വന്ന് എന്റെ മേൽ കൈവെക്കേണ്ട ആവശ്യമുണ്ടോ? ഞാൻ അങ്ങനെ ചെയ്യേണ്ടതില്ല. . .

146 “കൊന്നേല്യൊസിന്റെ വീട്ടിൽ വച്ച് പത്രൊസ് ഈ വാക്കുകളെ പ്രസ്താവിക്കുമ്പോൾ തന്നെ, വചനം കേട്ട എല്ലാവരുടെയും മേൽ പരിശുദ്ധാത്മാവ് വന്നു.” “വിശ്വാസം കേൾവിയാൽ വരുന്നു,” കൈ വെയ്ക്കുമ്പോൾ അല്ല, “(എന്ത്?) കേൾക്കുമ്പോൾ, ദൈവ വചനത്തിന്റെ കേൾവി.”

147 കെട്ടപ്പെട്ടിരിക്കുന്ന ഗോപുരങ്ങളെ, എന്റെ എളിയ രീതിയിൽ, നിങ്ങളെ കാണിക്കാൻ ഞാൻ പരിശ്രമിച്ചു, ബാബിലോണിലെ ഗോപുരങ്ങൾ വീഴേണ്ടിയിരിക്കുന്നു. ഞാൻ നിങ്ങൾക്ക് ഒരു ഗോപുരത്തെ ചൂണ്ടിക്കാണിച്ചു തരുന്നു. അവിടേയ്ക്ക് ഒരു വഴി മാത്രമേയുള്ളു, അത് പരിശുദ്ധാത്മാവിലൂടെയാണ്.

148 നിങ്ങൾക്ക് നിഷ്പക്ഷമായിരിക്കാനാകില്ല. ബൈബിൾ പറയുന്നു, ഇന്ന് അതായത്, “പരിശുദ്ധാത്മാവിന്റെ മുദ്ര ഏൽക്കാത്ത എല്ലാവരും മൃഗത്തിന്റെ മുദ്ര സ്വീകരിക്കേണ്ടി വരും.” എന്താണ് ഈ മൃഗത്തിന്റെ മുദ്ര? അവിശ്വാസം. അവർ എന്താണ് ചെയ്യുന്നതെന്ന് നിങ്ങൾക്കറിയില്ലേ. . . നിങ്ങളുടെ പാസ്റ്റർ നിങ്ങളെ പഠിപ്പിച്ചെങ്കിൽ. പഴയ നിയമത്തിൽ, ആ കാഹളം മുഴക്കുമ്പോൾ, ആ മനുഷ്യൻ സ്വതന്ത്രനായി പോകാൻ ആഗ്രഹിക്കുന്നെങ്കിൽ, അവനു സ്വതന്ത്രനാകാം. അവൻ അത് ചെയ്യുന്നില്ലെങ്കിൽ, അവനെ ആ തൂണിൽ ചാരി നിർത്തി അവന്റെ ചെവിയിൽ ഒരു കിഴുത്ത ഉണ്ടാക്കണം, എന്തുകൊണ്ടെന്നാൽ അവൻ സ്വതന്ത്രനാകാൻ വിസമ്മതിച്ചു. നിങ്ങൾ പോകാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, നിങ്ങളെ കഠിന ജോലി ചെയ്യിക്കുന്ന യജമാനന്റെ കീഴിൽ നിങ്ങളുടെ ബാക്കി ദിവസം സേവ ചെയ്യണം, നിങ്ങൾ നഷ്ടപ്പെട്ടു കഴിഞ്ഞു.

149 “സഹോദരൻ ബ്രൺഹാം, ദൈവത്തിന്റെ മുദ്ര എന്താണ്?” പരിശുദ്ധാത്മാവ്.

നിങ്ങൾ ചോദിക്കും, “അത് വചനപ്രകാരമാണോ?” തീർച്ചയായും, അവർ അനേകരുണ്ട് .

150 നിങ്ങൾ മറക്കാതിരിക്കാൻ ഞാൻ നിങ്ങൾക്ക് ഒന്നു തരാം. എഫെസ്യർ 4:30 പറയുന്നു, “ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾ വീണ്ടെടുപ്പുനാളിന്നായി മുദ്രയിട്ടിരിക്കുന്നത്.” അവിടെയാണ് ദൈവത്തിന്റെ മുദ്ര. അതാണ് ഞാൻ നിങ്ങളോട് പറയാനായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അവസാന ദിവസത്ത് നിങ്ങൾ ദൈവത്തിന്റെ മുദ്രയെ നോക്കിക്കൊണ്ടിരിക്കുന്നു. അത് നിങ്ങളുടെ നെറ്റിമേലല്ല. *നെറ്റിമേൽ* എന്നു

പറയപ്പെട്ടിരിക്കുന്നത്, “മനസ്സിലാക്കേണ്ടതിന് നിങ്ങൾക്കു ലഭിക്കുന്ന അറിവാണ്.” എന്നാൽ ദൈവത്തിന്റെ മുദ്ര എന്നു ബൈബിൾ പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവാണ്. അത് ഉള്ള എല്ലാവരും, അവരുടെ ഹൃദയങ്ങൾ സ്വതന്ത്രമാണ്. അവർ ദൈവത്തിന്റ അറിവിനാൽ, അവരുടെ നെറ്റിയിൽ, മുദ്രയിട്ടിരിക്കുന്നു, അത് യേശു മരിച്ചു എന്നും വീണ്ടും ഉയിർത്തെഴുന്നേറ്റു എന്നുള്ളതാണ്, എന്തെന്നാൽ അവർക്ക് അവനെ കാണാൻ കഴിയുന്നു.

151 “കൂറഞ്ഞൊന്നു കഴിഞ്ഞാൽ, അവിശ്വാസി എന്നെ കാണുകയില്ല, എന്നാൽ നിങ്ങളോ എന്നെ കാണും.” മുദ്ര ലഭിച്ചിട്ടുള്ളവർ, “എന്തെന്നാൽ, ഞാൻ നിങ്ങളോടൊപ്പവും,നിങ്ങളിലും, ലോകാവസാനത്തോളം എല്ലാനാളും വസിക്കും. ഞാൻ ചെയ്യുന്ന പ്രവർത്തികൾ നിങ്ങളും ചെയ്യും, ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതിനാൽ അതിൽ കൂടുതലും ചെയ്യും.”

152 ഏതെങ്കിലും ഒരു ബാബേൽ ഗോപുരത്തോടൊപ്പം ചേർന്ന് അവിശ്വസിക്കുന്ന ലോകം ഘോര അന്ധകാരത്തിൽ നടന്നുകൊണ്ടിരിക്കും. ഒരു തൊടൽ, ചില അന്ധവിശ്വാസങ്ങളിലും, മതവിശ്വാസങ്ങളിലും പെട്ട് അവർ എന്തിന്റെയെങ്കിലും ചുറ്റുമായി പോകും. ഈ സമയത്ത്, യഥാർത്ഥ വിശ്വാസിയും അത്ഭുതങ്ങളും അടയാളങ്ങളും, അവിശ്വാസിയുടെ കണ്ണിന് മറയായിരിക്കും. നിങ്ങളുടെ ഹൃദയങ്ങളെ തുറക്കൂ, അവൻ കടന്നു വരട്ടെ.

153 കെട്ടിടത്തിനുള്ളിലുള്ള ദൈവ വേലക്കാരോടും കൂടെ ഈ പ്രത്യേക സമയത്ത് പ്രാർത്ഥന ആവശ്യപ്പെടാൻ പോകയാണ്.

154 ഇത് ഒരു മഹത്തായ നിമിഷം. അനേകർക്ക്, ഈ നിമിഷം എത്തിചേരേണ്ട സ്ഥലത്തേയ്ക്കുള്ള മുദ്രയിടുകയാണ്, സംശയമില്ല. ഒരു ആത്മാവ് പതിനായിരം ലോകക്കാർക്ക് സമമായ വിലയുണ്ട്! ഈ നിമിഷം എത്ര മഹത്തരമാണ്.

155 കർത്താവായ ദൈവമെ, സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സൃഷ്ടികർത്താവെ, യഹോവെ, കർത്താവായ യേശുവിന്റെ കൃപയാൽ താഴേയ്ക്ക് വരേണമെ, ആ അനുഗ്രഹീതനായ ഒരുവനെ, നിന്റെ ആത്മാവിന്റെ പരിശുദ്ധ എണ്ണയെ ഇവിടെയുള്ള, ദാഹിക്കുന്ന ഓരോ ഹൃദയത്തിലേയ്ക്കും ഒഴിക്കേണമെ. ബൈബിളിൽ ഇങ്ങനെ എഴുതിയിരിക്കുന്നു, “പത്രൊസ് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ, പരിശുദ്ധാത്മാവ് അവരുടെ മേൽ വന്നു.” അവർ ദാഹമുള്ളവരായിരുന്നു; ഒരു വിസ്മയവുമില്ല. നീ പറഞ്ഞു, “നീതിക്കായി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ,എന്തെന്നാൽ അവർക്ക് തൃപ്തി വരും.”

156 അവനെപ്പറ്റി ജനങ്ങളുടെ മുന്നിൽ അവർ ദാഹമില്ലാതിരിക്കുന്നെങ്കിൽ എങ്ങനെയാണ് നമുക്ക് സംസാരിക്കാനാകുക? അവർ അവരുടെ മനുഷ്യ നിർമ്മിത ചിന്തകളിൽ, തൃപ്തരായി, “അവർ അരിഷ്ടരും, കുരുടരും, നഗ്നരും എന്നു അറിയാതിരിക്കുകയും,” ചെയ്തു, അവർ അറിയാതെയും ഇരിക്കുന്നു.

157 ദൈവമേ, കൈ ഉയർത്തിയവരിലും, പരിശുദ്ധാത്മാവ് ഉള്ളിലേയ്ക്ക് വരാൻ താല്പര്യപ്പെട്ടവരോടും, ഇന്നു രാത്രിയിൽ, കരണയുണ്ടാകേണമെ. അവൻ വരാൻ ഇടായാക്കേണമെ, അവന്റെ അനുഗ്രഹങ്ങളാൽ താഴേയ്ക്ക് വന്ന്, കവിഞ്ഞൊഴുകുന്ന–കഴിഞ്ഞൊഴുകുന്ന ആനന്ദത്താൽ, ഒരോ ഹൃദയ ത്തിലേയ്ക്കും വന്നു, അവൻ ജീവിക്കുന്നു, എന്ന് അവർ അറിയാൻ ഇടവരു മാറാകട്ടെ. നിന്നെ എങ്ങനെയാണ് സ്വീകരിക്കേണ്ടത് എന്ന അറിവിനെ അവർക്ക് നൽകേണമെ. അവർക്ക് നിന്നോടുള്ളതിനെക്കാൾ അധികം താല്പ ര്യം അവരുടെ ഹൃദയത്തിൽ നിനക്ക് പ്രവേശിക്കാനുള്ളതാണ് എന്ന അറി വിനെ അവർക്ക് നൽകേണമെ.

158 ഓരോ കളിയാക്കുന്ന തോന്നലുകളും, ഇവിടെ ചുറ്റുമായിരുന്നു, “ഇപ്പോൾ നിനക്ക് ഇത് കിട്ടില്ല, നിനക്ക് അത് ലഭിക്കില്ല.” എന്നു ശീൽക്കാരം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ഓരോ പിശാചും. അവർ ആ പിശാചിനെ “ഒരു കള്ളൻ” എന്നു വിളിക്കട്ടെ. ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു, ദൈവം തന്റെ വാഗ്ദത്തം നിറവേറ്റും. എന്നാൽ ഒരു ആമ തന്റെ കവചത്തിന കത്തിരിക്കുന്നതുപോലെ ഇരുന്നാൽ നമുക്ക് എങ്ങനെയാണ് കിട്ടുക?

159 ദൈവമേ, നീ ഈ കൂട്ടം ജനങ്ങളെ സ്വതന്ത്രമാക്കിക്കൊണ്ട്, പരിശുദ്ധാ ത്മാവിനെ ഉന്നതങ്ങളിൽ നിന്ന്, മഹത്തായ ശക്തിയോടെ അവരുടെ മേൽ കൊടുങ്കാറ്റുപോലെ അയക്കണമെ എന്ന്, ഞാൻ പ്രാർത്ഥിക്കുന്നു. അവരുടെ ഹൃദയങ്ങൾ ഇപ്പോൾ തുറക്കാൻ ഇടവരട്ടെ. അവർക്ക് പരിശുദ്ധാത്മാവിനെ മാത്രമാണ് സ്വീകരിക്കാൻ കഴിയുന്നതെങ്കിൽ, കർത്താവെ, ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങളും അവർക്കുള്ളതാണെന്ന് അവൻ അവരോട് വിളിച്ചറി യിക്കും. ഇത് അനുവദിക്കേണമെ, പിതാവെ,കർത്താവായ യേശുവിൻ നാമ ത്തിൽ. ആമേൻ.

160 നിങ്ങൾ അവനെ സ്നേഹിക്കുന്നില്ലേ? [കൂട്ടായ്മ പറയുന്നു,“ആമേൻ.”- Ed ] ഇത് സത്യമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നോ? [“ആമേൻ.”- Ed ] ഞാൻ ഒരു ക്രിസ്തീയ സഭാ വിഭാഗത്തിലെ പ്രാസംഗികനെപ്പോലെയല്ല. ഞാൻ. . . എന്നാൽ ഞാൻ എന്താണ്. . .

161 എനിക്ക് എന്റെ ഹൃദയത്തിൽ കാണുന്നതിനെ പ്രകടിപ്പിക്കാനായെ ങ്കിൽ! ഞാൻ ആ അന്ത്യ സമയത്തെ കാണുന്നു. സന്ദേശം സത്യമാണെന്ന് ഞാൻ അറിയുന്നു. ഞാൻ ഈ മണിക്കൂറിൽ മരിക്കുന്നെങ്കിലും, സന്ദേശം സത്യമാണ്. കാണുന്നോ? അനേക സമയം, ജനങ്ങളുടെ കണ്ണുകൾ അന്ധമാ ക്കപ്പെട്ടിരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ, എല്ലാ കാലത്തും, ദൈവം നീതിമാൻ. അവൻ നോഹയെ അയച്ചു. എത്ര പേർ രക്ഷ പ്രാപിച്ചു? ലോത്തിന്റെ കാലത്ത് എത്ര പേർ രക്ഷപ്പെട്ടു? യേശു പറഞ്ഞു, “മനുഷ്യപുത്ര ന്റെ വരവിങ്കലും അവ്വണ്ണം തന്നെ ആകും.” തീർച്ചയായും, നോക്കൂ, വളരെ കുറച്ചു പേർ. എന്നാൽ സന്ദേശം അതെ രീതിയിൽ തന്നെ പോയിരുന്നു.

162 ഇപ്പോൾ ശ്രദ്ധിക്കൂ. ദൈവം ഇവിടെയുണ്ടെന്ന് എത്രപേർ വിശ്വസിക്കുന്നു? ഞങ്ങൾ നിങ്ങളുടെ കൈകളെ കാണട്ടെ. അവൻ *യഹോവ- റാഫ,* “കർത്താവിനാൽ നൽകപ്പെട്ട ബലി” ആണെന്ന് എത്ര പേർ വിശ്വസിക്കുന്നു? അവൻ യഹോവയിരേ ആണെന്ന്-നിന്നെ സൗഖ്യമാക്കുന്ന കർത്താവെന്ന് എത്ര പേർ വിശ്വസിക്കുന്നു? [കൂട്ടായ്മ പറയുന്നു,“ആമേൻ.”- Ed ]

163 കൂട്ടുകാരെ, ശ്രദ്ധിക്കൂ. അനേക സമയങ്ങളിൽ, അമേരിക്കയിൽ എന്റെ സുവിശേഷ വേല അത്ര ശക്തിയേറിയതായിരുന്നില്ല, എന്തെന്നാൽ ജനങ്ങൾ വളരെ കുഴഞ്ഞു മറിയപ്പെട്ടതായി കാണപ്പെടുന്നു. ഒരുവൻ ഒന്നു പഠിപ്പിക്കുന്നു, മറ്റെയാൾ മറ്റൊന്ന്, സ്വയം നിങ്ങൾ ഒരിടത്തിരുന്നു നിങ്ങളുടെ ബൈബിൾ എടുത്തു വായിച്ച്, പരിശുദ്ധാത്മാവിനാൽ അത് സ്ഥിരമാക്കപ്പെടുത്തു. ഇപ്പോൾ, നോക്കൂ, നിങ്ങൾക്ക് അതിന്റെ ആവശ്യമില്ല. . .

164 “ജനങ്ങൾ നിങ്ങളുടെ മേൽ കൈവെച്ചാൽ മതി,” എന്നാണ് നിങ്ങളെ പഠിപ്പിച്ചിരിക്കുന്നത്, അത് മാത്രം മതിയാകും.

165 യേശു ക്രിസ്തു മരിച്ചവരിൽ നിന്നു പുനരുത്ഥാനം ചെയ്തിരിക്കുന്നു എന്നതിന്റെ തെളിവനെ സാക്ഷീകരിക്കുന്നതാണ് എന്റെ ദൈവ വേല.

166 ഇപ്പോൾ, ഇത് മനസ്സ് വായനയാണ് എന്നാണ് നിങ്ങളിൽ ചിലർ വിചാരിച്ചിരിക്കുന്നത്. ഇന്നു നിങ്ങൾ എഴുതി അയച്ച കത്തുകളിൽ അപ്രകാരമാണ് എഴുതിയിരിക്കുന്നത്. കഴിഞ്ഞ രാത്രിയിൽ, പ്രാർത്ഥന കാർഡുകൾ ഉണ്ടായിരുന്ന ജനങ്ങളെ ഞാൻ വിളിച്ച്, പോകാൻ പറയുകയും, കാർഡ് കൈവശമില്ലാതിരുന്നവരെ ഞാൻ എടുക്കുകയും ചെയ്തു.

167 കൂട്ടുകാരെ, ഒരു ദൈവ ദാസനായി, ഞാൻ നിങ്ങളോട് പറയട്ടെ. എന്റെ ഏറ്റവും അടുത്ത സ്നേഹിതരായ, ജീനും, ലീയോയും ഇവിടെ ഇരിക്കുന്നു. ഡോക്ടർ വെയിൽ ഇവിടെ. എന്റെ മകൻ ബില്ലി. അവിടെയായി കാനഡയിലെ മാനേജരായ, സഹോദരൻ സോത്ത്മാൻ. സഹോദരൻ, ഈ മീറ്റിംഗുകളെ നടത്തിക്കുന്ന, സഹോദരൻ നോമാൻ. അനേക പുരുഷന്മാർ. എന്റെ പട്ടണത്തെ വിളിക്കൂ. പട്ടണത്തിലെ മേയറിനെ, ശ്രീമാൻ. ഹോഡൻപേലിനെ വിളിക്കൂ. ജെഡ്ജികളെ വിളിക്കൂ. പോലീസ് സേനയെ വിളിക്കൂ. തെക്കെ ദേശത്തെ ഏറ്റവും പ്രശസ്തനായ, ഡോക്ടർ. സാം അഡേറിനെ വിളിക്കൂ. അവരോടു ചോദിക്കൂ, എന്തു തരത്തിലെ, ഏതു തരത്തിലെ ദർശനമാണ് നടന്നതെന്ന്. അത് ശരിയല്ലയോ എന്നു അവരോട് ചോദിക്കുക.

168 ഇന്നു രാത്രിയിൽ ഡോക്ടർ. സാം അഡേറിനെ വിളിക്കൂ, അയാൾ ഒരു കഠിനമായ സ്ഥലത്തെത്തിയപ്പോൾ എന്താണ് ഉണ്ടായതെന്ന് ചോദിക്കൂ, അദ്ദേഹവും ഞാനും മാത്രം, ആ ദർശനം ദൈവം എനിക്ക് തരുന്നത് വരെ, അയാൾ തന്റെ മുട്ടിന്മേലായി, അയാൾ ദൈവത്തിന്റെ മുന്നിൽ നിന്നു. ഏതെങ്കിലും ഒരു തവണ അതു തെറ്റിയോ എന്നു ചോദിക്കുക. എന്റെ ചെലവിൽ അദ്ദേഹത്തെ വിളിക്കൂ.

169 ഡോക്ടർ. സാം അഡേർ അവിടെ ഒരു വലിയ ക്ലീനിക്ക് നടത്തുന്നു. എങ്ങനെയാണ് അവിടെ അദ്ദേഹം ക്ലീനിക്ക് തുടങ്ങിയതെന്ന് ചോദിക്കൂ. അദ്ദേഹം എന്റെ വീട്ടിൽ വന്ന് കരഞ്ഞും കൊണ്ടു പറഞ്ഞു, “ആ പട്ടണത്തിന് ഒരു ക്ലീനിക്ക് ആവശ്യമുണ്ട്.” എവിടെയാണോ അത് പണിയേണ്ടത്, അവിടെ അദ്ദേഹം അതു പണിയുമെന്നു ഞാൻ അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം പറഞ്ഞു, “ഇപ്പോൾ മുതൽ ഇരുപത്തിയഞ്ചു വർഷങ്ങൾ വരെ, നിങ്ങൾക്ക് ആ സ്ഥലം വാങ്ങാൻ കഴിയില്ല. അത് ബോസ്റ്റണിലെ കോടതിയിലാണ്.”

170 ഞാൻ പറഞ്ഞു, “കർത്താവ് ഇപ്രകാരം അരുളി ചെയ്യുന്നു. ഇരുപത്തിനാലു മണിക്കൂറിനുനകം അതു നിങ്ങളുടേതായിത്തീരും.” ഞാൻ പറഞ്ഞു, “അവിടെ നിങ്ങൾക്ക് ഒരു ക്ലീനിക്ക് ഉണ്ടാകും, അത് ചുടുകടകളാൽ നിർമ്മിക്കപ്പെടും. നിങ്ങൾ വാതിലിൽ ഒരു ചിഹ്നത്തെ വെയ്ക്കുമെന്നും, അങ്ങനെയും മറ്റുള്ള കാര്യങ്ങളും.”

അയാൾ പറഞ്ഞു, “മകനെ, ബില്ലി, ഞാൻ നിന്നെ ഒരിക്കലും സംശയിക്കില്ല.”

ഞാൻ പറഞ്ഞു,“കർത്താവ് നിങ്ങൾക്ക് അത് നൽകിയിരിക്കുന്നു, ഡോക്ടർ.”

171 ഇന്നു രാത്രിയിൽ അദ്ദേഹത്തെ വിളിക്കൂ, എന്താണ് സംഭവിച്ചതെന്ന് ചോദിക്കൂ. അടുത്ത പ്രഭാതത്തിൽ അദ്ദേഹം എന്നെ വിളിച്ചു, പറഞ്ഞു, “അവർ ഇപ്പോൾ വിളിച്ചതെയുള്ളു, ഞാൻ മരിക്കാറായതുപോലെ തണുത്തു പോയി. കഴിഞ്ഞ രാത്രിയിൽ എന്തോ സംഭവിച്ചു, ഞങ്ങൾ ആ സ്ഥലം വാങ്ങിക്കഴിഞ്ഞു.”

172 യാതൊരു പ്രതീക്ഷയുമില്ലാതെ, ക്യാൻസറിനാൽ തിന്നു കഴിഞ്ഞ എത്ര കേസുകളാണ് അദ്ദേഹം ഇവിടേയ്ക്ക് അയച്ചതെന്ന് ചോദിക്കൂ. ഞങ്ങൾ അവനായി പ്രാർത്ഥിച്ചു. അവർ എന്നെ ആശുപത്രിയിലേയ്ക്ക് വിളിപ്പിക്കും, ഞങ്ങൾ മുറിക്കുള്ളിലേയ്ക്ക് പോയിട്ട് വാതിലടയ്ക്കും. അവർ എപ്പോഴാണ് പോകുന്നതെന്നോ അതല്ല എന്താണ് സംഭവിക്കാൻ പോകുന്നതെന്നോ ഉള്ള ദർശനം കർത്താവ് ഞങ്ങളെ കാണിക്കും. അത് എപ്പോഴെങ്കിലും സംഭവിക്കാതിരുന്നിട്ടുണ്ടോ എന്നു അദ്ദേഹത്തോട് ചോദിക്കൂ.

173 ഇതെല്ലാം ചെറുതും നിസ്സാര കാര്യങ്ങളുമാണ്. എന്റെ മീറ്റിംഗുകളിൽ നടന്നു കണ്ടിട്ടുള്ളതുമായി നോക്കിയാൽ ഇവയെല്ലാം നിസ്സാര കാര്യങ്ങളാണ്. അത് ശരിയാണ്. കാര്യത്തെ മുറിക്കേണ്ടതിന് ഞാൻ എല്ലാ കാര്യങ്ങളും ചെയ്തു. ഞാൻ കടന്നു വരുമ്പോൾ, നിങ്ങളുടെ ചിന്ത, “പ്രാർത്ഥന കാർഡുകൾ.” ഞാൻ പ്രാർത്ഥന കാർഡുകളെ ചുറ്റുമായി നൽകി, ഞാൻ എല്ലാം ശ്രമിച്ചു നോക്കി. ഈ കാര്യങ്ങൾ ഇവിടെയായിരിക്കുന്നു, നിങ്ങളുടെ ജോലിക്കാരനായും നിങ്ങളുടെ സഹോദരനായിട്ടും ഞാൻ ഇവിടെത്തന്നെയുണ്ട്.

174 എന്റെ ബുക്കുകളെ വിൽക്കുന്നയാളായ, ബാങ്ക് വുഡ് ഇവിടെ എവിടെയോ ഉണ്ട്.

175 ലിയോ, ജീൻ, ഇവിടെ രണ്ടു ആൺകുട്ടികളുണ്ട്, ഒരാൾ ഒരു കത്തോലിക്കൻ, മറ്റെയാൾ ഏതിലെങ്കിലും പെട്ടതാണോ എന്നെനിക്കറിയില്ല. അവർ ഇൻഡ്യാനെയിലെ, ഹമ്മോൻഡിലേയ്ക്ക് വന്ന്, പരിശുദ്ധാത്മാവിനെ കണ്ടപ്പോൾ, അവരിൽപ്പെട്ട ആയിരക്കണക്കിനു ജനങ്ങൾ, ചില വർഷങ്ങൾക്ക് മുമ്പ് പുറത്തു വന്നു. അവരിൽ ഒരാൾ ഒരു വലിയ താടി വളർത്തിയിരുന്നു. അവർ അവരുടെ തന്നെ ഒരു എഫ്.ബി.ഐ അവർക്കായി ഉണ്ടാക്കിയിട്ട്, നടക്കുന്ന ആ കാര്യങ്ങൾ ശരിയാണോ എന്നു നോക്കാൻ വന്നിരുന്നു. ഒരു സുവിശേഷകനോ മറ്റോ ആണ് എന്നു നടിച്ചു കൊണ്ട്, എന്റെ വീട്ടിലേയ്ക്ക് വന്നു. പരിശുദ്ധാത്മാവ് കടന്നു വന്നു അത് എന്താണെന്ന് വിളിച്ചു പറഞ്ഞു. അവർ ഇവിടെ ഇപ്പോൾ ഇരിക്കുന്നു. കാണുന്നോ?

എന്താ നിങ്ങൾ എഴുന്നേൽക്കാത്തത്? എന്താ കാര്യം?

176 ശ്രീമാൻ. വുഡ്, അദ്ദേഹം ഇവിടെ എവിടേയോ കാണും, ഇവിടെ ഇരുന്നു കൊണ്ടു എന്നോട് പറയുകയായിരുന്നു. ലൂസിയാനയിൽ വെച്ച്, അദ്ദേഹത്തിന് മുറിവ് സംഭവിക്കുന്നതായി ഞാൻ കണ്ടു, അദ്ദേഹത്തെ ഫോണിൽ വിളിച്ചിട്ട്, ശ്രദ്ധിക്കാനായി ഞാൻ പറഞ്ഞു. അടുത്ത ദിവസം അയാൾക്ക് തന്റെ പെരുവിരൽ നഷ്ടപ്പെട്ടു. അയാളുടെ കൈ മുഴുവനായി മുറിഞ്ഞുപോകുമായിരുന്നു; പരിശുദ്ധാത്മാവ്. ചില രാത്രികൾക്കു മുമ്പ്, ഞാൻ ചിക്കാഗോയിലായിരുന്നപ്പോൾ, അയാൾ ഒരു പുകയ്ക്ക് നടുവിൽപ്പെട്ടതായി ഞാൻ കണ്ടു, വളരെ ശ്രദ്ധിക്കാൻ അയാളോട് പറഞ്ഞു. അവിടെ വെച്ചുതന്നെ അയാളെ വിഷത്തിലേയ്ക്ക് കൊണ്ടുപോകുമായിരുന്നു. ഒരു പുക പടലത്തിനകത്ത് അകപ്പെട്ട്, അവിടെ വെച്ചു തന്നെ മരിക്കുമായിരുന്നു.

177 എന്തെങ്കിലും സംഭവിക്കുന്നതിന്, ആഴ്ച, ആഴ്ചകൾക്കും, മാസാമാസങ്ങൾക്കു മുമ്പും എങ്ങനെയാണ് കാര്യങ്ങൾ മുൻകൂട്ടി അറിയിക്കപ്പെട്ടിരുന്നതെന്ന്, അയാളോട് ചോദിച്ചു നോക്കൂ.

178 ഈ വരുന്ന ആഴ്ചയിൽ, അത് എന്താണെന്ന് ഞാൻ കാണിക്കാൻ പോകയാണ്. ഇത് നിങ്ങളുടെ സ്വന്ത വിശ്വാസം അതാണ്; ആ കാരണത്താലാണ് കാര്യങ്ങൾ സംഭവിക്കാത്തത്. അത് നിങ്ങളാണ് പരിശുദ്ധാത്മാവിൽ നിന്നും വലിക്കുന്നത്. ആ സ്ത്രീക്കുവേണ്ടി യേശു ഒരിക്കലും ഒരു ദർശനം കണ്ടിരുന്നില്ല. അത് അവളുടെ വിശ്വാസമാണ് അവനെ തൊട്ടത്. ആ കാരണത്താലാണ് അവൻ ബലഹീനപ്പെട്ടത്. അത് ചെയ്യുന്നത് എന്റെതല്ല, നിങ്ങളുടെ വിശ്വാസമാണ്. നിങ്ങളാണ് അത് ചെയ്യുന്നത്. നിങ്ങളിൽ നിന്ന് ആ പൈശാചികമായ ഭയത്തെ നീക്കിക്കളഞ്ഞ്, വാസ്തവമായി ദൈവത്തെ വിശ്വസിച്ചാൽ, എല്ലാ സംഭവിക്കുകയും, മുടന്തരും, അന്ധരും, അംഗഭംഗം സംഭവിച്ചവരും എല്ലാ കാര്യംങ്ങളും സംഭവിക്കയും, ഈ കാര്യത്തിൽ നിന്ന്, ഒരു വലിയ ഹല്ലേലൂയാ ഉണർവ്വിനെ ഉളവാക്കുകയും ചെയ്യും. നിങ്ങൾ കുനിഞ്ഞിരിക്കുന്നിടത്തോളം, അവന് അത് എങ്ങനെ ചെയ്യാനാകും?

179 യാഥാസ്ഥികമായിരിക്കുന്നതൽ ഞാൻ വിശ്വസിക്കുന്നു. എന്നാൽ, അതു മാത്രമല്ല, ആ യാഥാസ്ഥിതികമായ കാര്യം നിങ്ങൾ ഒരു അന്ധവിശ്വാസത്തിന്റെ ആത്മാവിനെ തരുന്നു. എന്നോട് പറയേണ്ട. ഞാൻ ഇപ്പോൾ ഇവിടെ നിൽക്കുന്നു. എന്താണ് സംസാരിക്കുന്നതെന്ന് ഞാൻ അറിയുന്നു. നിങ്ങൾ അത് വിശ്വസിക്കുന്നെങ്കിൽ, ഇവിടെ ഇരിക്കുന്ന ഓരോരുത്തരേയും നിങ്ങൾ ഇരിക്കുന്നിടത്തുവെച്ചു ഇപ്പോൾത്തന്നെ, സൗഖ്യപ്പെടുത്താനായി, പരിശുദ്ധാത്മാവ് ഈ കെട്ടിടത്തിൽ ഉണ്ട്. അവൻ അത് ആദ്യം തന്നെ ചെയ്തു കഴിഞ്ഞു. അത് എത്രപേർ വിശ്വസിക്കുന്നു? [കൂട്ടായ്മ "ആമേൻ" പറയുന്നു- Ed] ["ആമേൻ"] ശരി.

നിങ്ങൾക്ക് എത്രമാത്രം വിശ്വസിക്കുന്നു എന്നു ഞാൻ കാണുന്നു.

180 ഒരു നിമിഷം നിങ്ങളുടെ തലകളെ വണക്കുക. നിങ്ങളുടെ കൈ അടുത്തു നിൽക്കുന്ന ആരുടെയെങ്കിലും മേൽ വെയ്ക്കുക. ഇപ്പോൾ എല്ലാ അന്ധവിശ്വാസങ്ങളിൽ നിന്നും പുറത്തു വരിക. നിങ്ങൾ ക്രിസ്തുവിന്റെ നിയന്ത്രണത്തിൻ കീഴിലാകുന്നു. "നിങ്ങൾ രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ എവിടെ കൂടി വന്നാലും, ഞാൻ അവരുടെ നടുവിൽ ഉണ്ടാകും."

181 നിങ്ങൾ എന്നെ ഒരു കപടനാട്യക്കാരനെന്നു വിളിച്ചെന്നിരിക്കാം, എന്നാൽ അത് നിങ്ങൾ ഒരു മിനിട്ടിനകം കാണാൻ പോകയാണ്. ഇപ്പോൾ തന്നെ, ഇപ്പോൾ തന്നെ രോഗികൾ സൗഖ്യം പ്രാപിക്കുന്നതായി ഞാൻ കാണുന്നു. ചിലപ്പോൾ, ഇപ്പോൾ നിങ്ങൾക്ക് അത് തിരിച്ചറിയാൻ കഴിഞ്ഞെന്നു വരില്ല. എന്നാൽ ഞാൻ പോയതിനുശേഷം ഈ കെട്ടിടത്തിനുള്ളിലായിരിക്കുന്നു പാസ്റ്റർമാരുടെ അടുക്കൽ ജനങ്ങൾ വന്ന് വയറു വേദനപോലുള്ള ചിലത് അവരിൽ നിന്നും മാറിപ്പോയി എന്നു പറഞ്ഞില്ലെങ്കിൽ, ഞാൻ ഒരു കള്ള സാക്ഷിയാണ്. ശരി. അത് ശരി. ഞാൻ അത് കാണുന്നു. ഞാൻ അതിനെ ഇപ്പോൾ മറ്റൊരു ലോകത്ത് ശ്രദ്ധിച്ചുകൊണ്ടിരുന്നു.

182 നിങ്ങൾ വിശ്വസിക്കുന്നു. നിങ്ങൾ വിശ്വസിക്കുന്നു, തീർച്ചയായും, ആഫ്രിക്കയിൽ ഇടവും വലവും തിരിച്ചറിഞ്ഞുകൂടാത്ത കോയിക്കോയി ജാതിയിൽപ്പെട്ട ജനങ്ങൾക്ക് അതിനെ സ്വീകരിക്കാമെങ്കിൽ, ക്രിസ്ത്യാനിത്വത്തിൽ ഉപദേശിക്കപ്പെട്ടും, ബൈബിൾ വായിക്കാൻ കഴിയുന്നതുമായ നിങ്ങളെപ്പറ്റി എന്താണ്? ആദ്യത്തെ പ്രാവശ്യം അത് കണ്ടപ്പോൾ തന്നെ ആ പാവപ്പെട്ട വ്യക്തിക്ക് അത് വിശ്വസിക്കേണ്ടി വന്നെങ്കിൽ എന്തെന്നാൽ, എനിക്ക് അടുത്ത ദിവസം മറ്റൊരിടത്തേയ്ക്ക് പോകണമായിരുന്നു, ആ പാവപ്പെട്ടവർക്ക് വിശ്വസിക്കാനായിട്ട്, മുടന്തരും, അന്ധരും, ആയിരങ്ങൾ വീൽച്ചെയറുകളിൽ നിന്നും എഴുന്നേറ്റെങ്കിൽ, നിങ്ങളെപ്പറ്റിയെന്താ?

183 ഓ, ദൈവമേ, നീ എത്ര മാത്രം ദയയുള്ളവനാണ്, "ആരും നശിച്ചുപോകാതിരിക്കാൻ, എത്ര മാത്രം ദീർഘക്ഷമയുള്ളവനാണ്."

184 ഇപ്പോൾ, ദൈവവുമായി ചേർന്നിരിക്കുക. നിങ്ങളുടെ പാപത്തെ ഏറ്റു പറയുക. നിങ്ങളുടെ അവിശ്വാസത്തെ ഏറ്റു പറയുക. നിങ്ങളുടെ അവിശ്വാസത്തിനായി, നിങ്ങൾ നിങ്ങളിൽത്തന്നെ ലജ്ജിക്കുന്നു എന്നു ദൈവത്തോട് പറയുക. നിങ്ങൾ അങ്ങനെ ചെയ്താൽ, നിങ്ങൾ ദൈവത്തിന്റെ മഹത്വം കാണും എന്നു ഞാൻ നിങ്ങളെ വെല്ലുവിളിക്കുകയാണ്.

185 ഞാൻ എപ്പോഴെങ്കിലും എന്തെങ്കിലും ചെയ്തിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായി ചെയ്യാൻ ഞാൻ അഭിഷേകം ചെയ്യപ്പെടുന്നു എന്ന് എനിക്ക് തോന്നുന്നു. എന്റെ ജീവിതത്തിൽ, ഇതുവരെ ഇങ്ങനെ ചെയ്തിട്ടില്ല, എന്നാൽ ഞാൻ അതു ചെയ്യാനായി നയിക്കപ്പെടുന്നു എന്നു തോന്നുന്നു.

186 ഇപ്പോൾ തന്നെ നിങ്ങളുടെ പാപങ്ങളെ ഏറ്റു പറയുക. നിങ്ങൾ പറയും, "കൊള്ളാം, ഞാൻ ഒരു ക്രിസ്ത്യാനിയാണ്." നിങ്ങളിലെ അവിശ്വാസത്തെ ഏറ്റു പറയുക. അവനെ ഇനി ഒരിക്കലും അവിശ്വസിക്കുകയില്ലെന്ന് ക്രിസ്തുവിനോട് ഏറ്റു പറയുക. ഇപ്പോൾ തന്നെ നിങ്ങൾ അവനെ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ തന്നെ അതു കഴിയാൻ പോകുന്നു. ഇനി ഒരിക്കലും നിങ്ങൾ ഇതിനെപ്പറ്റി പരാതി പറയാൻ പോകുന്നില്ല. അതു എങ്ങനെ കാണപ്പെട്ടാലും, അത് എങ്ങനെ തോന്നിച്ചാലും, പ്രശ്നമല്ല, നിങ്ങൾ അതിനെ വിശ്വസിക്കാൻ പോകുന്നു, എന്തെന്നാൽ ദൈവം അപ്രകാരം പറഞ്ഞിരിക്കുന്നു. ദൈവം അപ്രകാരം കല്പിച്ചിരിക്കുന്നു.

187 നിങ്ങൾക്ക് ബാബിലോണിലെ ഗോപുരത്തിൽ നിന്നും പുറത്തേയ്ക്ക് വന്നിരിക്കുന്നു. താഴ്വരയിലെ താമര എവിടെയാണോ അവിടേയ്ക്ക് നിങ്ങൾ വരേണ്ടിയിരിക്കുന്നു. ജീവന്റെ ഉറവയിൽ നിന്ന് ദൈവ കൃപ സൗജന്യമായി ഒഴുകുന്ന മലഞ്ചരുവിലേയ്ക്ക് നിങ്ങൾക്ക് വന്നിരിക്കുന്നു.

188 നിങ്ങളുടെ വീഴ്ചകളെ ഏറ്റു പറയൂ. പറയും, "ദൈവമെ. . ." നിങ്ങൾ എന്തെങ്കിലും ആർക്കെങ്കിലും വിരോധമായി ചെയ്തെങ്കിൽ, പറയൂ, "ഞാൻ മടങ്ങി ചെന്ന് അതിനെ നേരെയാക്കും." ഇപ്പോൾ തന്നെ അതു ചെയ്യൂ.

189 ഞാൻ ഈ പ്രാർത്ഥന പറയുമ്പോൾ, നിങ്ങൾ ഓരോരുത്തരും ഇതേപോലെ പറഞ്ഞു പ്രാർത്ഥിക്കാൻ ഞാൻ ആശിക്കുന്നു. നിങ്ങൾ എന്നോടൊപ്പം ഞാൻ ഇതു പറയുമ്പോൾ, ഉച്ചത്തിൽ ഏറ്റു പറയുക, എന്നാൽ നിങ്ങൾ ഹൃദയത്തിൽ നിന്ന് പ്രാർത്ഥിക്കുക, നിങ്ങളുടെ തല കുനിക്കുക, കണ്ണുകൾ അടച്ച്, എല്ലാവരും. ഞാൻ തല നിവർക്കാൻ പറയുന്നതുവരെ നിങ്ങൾ അങ്ങനെ ചെയ്യരുത്. എനിക്ക് എന്തു കാണാൻ കഴിയും എന്നു ഞാൻ ഇപ്പോൾ നോക്കുകയാണ്. ഇപ്പോൾ, ഞാൻ പറഞ്ഞു കഴിയുമ്പോൾ പറയുക.

190 സർവ്വ ശക്തനായ ദൈവമെ, [കൂട്ടായ്മ പറയുന്നു "സർവ്വ ശക്തനായ ദൈവമെ,"] ആകാശത്തിന്റെയും ഭൂമിയുടേയും സൃഷ്ടികർത്താവെ, ["ആകാശത്തിന്റെയും ഭൂമിയുടേയും സൃഷ്ടികർത്താവെ,"] നിത്യജീവന്റെ രചയിതാവെ, ["നിത്യജീവന്റെ രചയിതാവെ,"] എല്ലാ നല്ല ദാനങ്ങളുടേയും ദാതാവെ,

["എല്ലാ നല്ല ദാനങ്ങളുടേയും ദാതാവെ,"] ഓ ദൈവമെ, എന്നോട് കരുണയുണ്ടാകണമെ, ["ഓ ദൈവമെ, എന്നോട് കരുണയുണ്ടാകണമെ,"] എന്റെ അവിശ്വാസത്തെ ക്ഷമിക്കേണമെ, ["എന്റെ അവിശ്വാസത്തെ ക്ഷമിക്കേണമെ,"] ഞാൻ സുവിശേഷത്തിൽ വിശ്വസിക്കുന്നു, ["ഞാൻ സുവിശേഷത്തിൽ വിശ്വസിക്കുന്നു,"] നീ ഇവിടെയാണെന്ന് ഞാൻ വിശ്വസിക്കുന്നു, ["നീ ഇവിടെയാണെന്ന് ഞാൻ വിശ്വസിക്കുന്നു,"] നീ നിന്റെ വചനത്തെ ഇവിടെ നിവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു, ["നീ നിന്റെ വചനത്തെ ഇവിടെ നിവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു,"] എന്റെ ശരീരത്തിൽ, ["എന്റെ ശരീരത്തിൽ,"] മാർഗ്ഗങ്ങളെ തുറക്കേണമെ, ["മാർഗ്ഗങ്ങളെ തുറക്കേണമെ,"] ഞാൻ എന്റെ അവിശ്വാസത്തെ എടുത്തുകളയുന്നു, ["ഞാൻ എന്റെ അവിശ്വാസത്തെ എടുത്തുകളയുന്നു,"] ഞാൻ നിന്റെ ആത്മാവിനെ സ്വീകരിക്കുന്നു, ["ഞാൻ നിന്റെ ആത്മാവിനെ സ്വീകരിക്കുന്നു,"] നീ ഇപ്പോൾ എന്നിലാണെന്ന് ഞാൻ വിശ്വസിക്കുന്നു, ["നീ ഇപ്പോൾ എന്നിലാണെന്ന് ഞാൻ വിശ്വസിക്കുന്നു,"] എന്റെ രോഗങ്ങൾ അപ്രത്യക്ഷമായി എന്നു ഞാൻ വിശ്വസിക്കുന്നു, ["എന്റെ രോഗങ്ങൾ അപ്രത്യക്ഷമായി എന്നു ഞാൻ വിശ്വസിക്കുന്നു,"] നീ അവിടെ ആയിരിക്കുമ്പോൾ, ["നീ അവിടെ ആയിരിക്കുമ്പോൾ,"] എങ്ങനെയാണ് മരണത്തിനും ജീവനും, ["എങ്ങനെയാണ് മരണത്തിനും ജീവനും,"]എന്റെ ശരീരത്തിൽ നിലനിൽക്കാനാകുക? ["എന്റെ ശരീരത്തിൽ നിലനിൽക്കാനാകുക?"] ഞാൻ നിന്നെ വിശ്വസിക്കുന്നു, ["ഞാൻ നിന്നെ വിശ്വസിക്കുന്നു,"] ഞാൻ ഇപ്പോൾ നിന്നെ സ്വീകരിക്കുന്നു, ["ഞാൻ ഇപ്പോൾ നിന്നെ സ്വീകരിക്കുന്നു,"] എന്റെ സൗഖ്യദാതാവായി, ഞാൻ നിന്നെ ഇപ്പോൾ സ്വീകരിക്കുന്നു. ["എന്റെ സൗഖ്യദാതാവായി, ഞാൻ നിന്നെ ഇപ്പോൾ സ്വീകരിക്കുന്നു."]

ഇപ്പോൾ നിങ്ങളുടെ തലകളെ വണക്കിത്തന്നെ വെച്ചിരിക്കുക.

191 അതാണ് നിങ്ങളുടെ പ്രാർത്ഥന. അതാണ് നിങ്ങളുടെ പ്രാർത്ഥന. ഇപ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാൻ പോകുന്നു. നിശബ്ദരായിരിക്കുക. ദൈവവുമായി നിശബ്ദരായി ഇരിക്കുക. ഇപ്പോൾ നിങ്ങളുടെ മനസ്സിൽ മറ്റൊന്നിനേയും കൊണ്ടു വരരുത്. അവൻ ഇപ്പോൾ നിങ്ങളുടെ അടുക്കലുണ്ട്, നിങ്ങളുടെ വശത്തായിട്ടു തന്നെ ഉണ്ട്. നിങ്ങൾ ചോദിക്കും, "സഹോദരൻ ബ്രൺഹാം, എനിക്ക് പരിശുദ്ധാത്മാവിനെ ആവശ്യമുണ്ട്." ശരി. അതു തരാനായി അവൻ അവിടെത്തന്നെയുണ്ട്. നിങ്ങൾ ചോദിക്കും, "സഹോദരൻ ബ്രൺഹാം, എനിക്ക് എന്റെ കണ്ണിന് സൗഖ്യം ആവശ്യമുണ്ട്." അത് തരാനായി അവൻ നിങ്ങളുടെ അടുക്കൽ തന്നെയുണ്ട്. "എനിക്ക് എന്റെ കുഞ്ഞിന് സൗഖ്യം ആവശ്യമുണ്ട്." അത് നൽകാനായി അവൻ അടുത്തു തന്നെയുണ്ട്. "എനിക്ക് എന്റെ സഹോദരനെ, അമ്മയെ ആവശ്യമുണ്ട്." അവിടെത്തന്നെ അതു തരാനായി അവൻ അവിടെ ഉണ്ട്. യഹോവ-യീരെ, നൽകപ്പെട്ട ബലി.

192 ഇപ്പോൾ ഞാൻ നിങ്ങൾക്കായി പ്രാർത്ഥിക്കാൻ പോകുന്നു. ബൈബിൾ പറയുന്നു, "വിശ്വാസത്തോടുള്ള പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും,

ദൈവം അവനെ എഴുന്നേൽപ്പിക്കും.” പരിശുദ്ധാത്മാവ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനാൽ, എനിക്ക് നിങ്ങളുടെ കാഴ്ചയിൽ കൃപ കിട്ടിയെങ്കിൽ, ഇപ്പോൾ ഞാൻ എന്റെ മുഴു ഹൃദയത്തോടെ പ്രാർത്ഥിക്കുകയും, പരിശുദ്ധാത്മാവ് ആ പ്രവർത്തി കഴിഞ്ഞതായി നിങ്ങളെ സാക്ഷീകരിക്കുകയും ചെയ്യും.

193 എന്റെ പിതാവെ, ഓ ദൈവമെ, ഈ ജനങ്ങൾ, അവരുടെ പാപങ്ങളെ ആത്മാർത്ഥതയോടും വിശ്വസ്ഥതയോടും ഏറ്റു പറഞ്ഞവർക്കുവേണ്ടി പ്രാർത്ഥിക്കാനായി ഞാൻ യേശുവിന്റെ നാമത്തിൽ വരുന്നു. ഓ അനുഗ്രഹീത ദൈവമെ, ഈ രാത്രി അവർ ഒരിക്കലും മറക്കാൻ ഇടവരാതിരിക്കട്ടെ. ഇപ്പോൾ പരിശുദ്ധാത്മാവ് അവരിൽ ഓരോരുത്തരുടേയും ഹൃദയങ്ങളിലേയ്ക്ക് വന്ന്, അവരുടെ ശരീരങ്ങളിൽ നിന്ന് സകല രോഗങ്ങളേയും, മറ്റെല്ലാത്തിനേയും നിന്നും പുറത്താക്കട്ടെ.

ഇപ്പോൾ ഞാൻ പിശാചിനെ വാദിക്കാനായി വെല്ലുവിളിക്കുന്നു.

194 സാത്താനെ, നിനക്ക് ശിക്ഷവിധിക്കപ്പെട്ടു കഴിഞ്ഞു എന്നു നീ അറിയുന്നു. നിനക്ക് ഇപ്പോൾ യാതൊരു നിയമപരമായ അധികാരവുമില്ല. എന്റെ കർത്താവായ, യേശുക്രിസ്തു, നിനക്കുണ്ടായിരുന്ന എല്ലാ അധികാരത്തേയും നിന്നിൽ നിന്നും, അവൻ പാപത്തേയും രോഗത്തേയും എടുത്തു കളയാനായി കാൽവരിയിൽ മരിച്ചപ്പോൾ എടുത്തു മാറ്റിയിരിക്കുന്നു. നീ ഒരു തെറ്റിദ്ധരിപ്പിക്കുന്നവനാല്ലാതെ മറ്റൊന്നുമല്ല, ഞങ്ങൾ നിന്റെ വഴിതെറ്റിക്കലിനെ വിളിക്കുന്നു. ഞങ്ങളുടെ കർത്താവ് ആ മരത്തിന്റെ ചുവട്ടിലേയ്ക്ക് ചെന്ന്, അതിനെ ശപിച്ചു എന്നു നീ അറിയുന്നു. അടുത്ത ദിവസം അതു ഉണങ്ങിപ്പോയി. ഞങ്ങളുടെ കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു, ‘ദൈവത്തിൽ വിശ്വസിക്കുക. എന്തെന്നാൽ, ഈ മലയോട് ഹൃദയത്തിൽ യാതൊരു സംശയവും കൂടാതെ നീങ്ങിപ്പോക എന്നു പറഞ്ഞാൽ, അതു നീങ്ങിപ്പോകും, എന്നാൽ നിങ്ങൾ പറഞ്ഞത് സംഭവിക്കാൻ പോകയാണ് എന്നു നിങ്ങൾ വിശ്വസിച്ചാൽ, നിങ്ങൾ എന്താണോ പറഞ്ഞത് അതു നിങ്ങൾക്കുണ്ടാകും.

195 സാത്താനെ, അതിനെപ്പറ്റിയുള്ള തിരുവചനം നീ അറിയുന്നു. ഞാൻ ഇപ്പോൾ, അത്, ദൈവം അവരിലുണ്ട് എന്നു പഠിപ്പിച്ചതെയുള്ളു. ദൈവം അവരിലുണ്ടെങ്കിൽ, അവർ ആ രോഗത്തോട്, “എന്നിൽ നിന്നും ദൂരമാകുക എന്നു പറയുമ്പോൾ,” ഹൃദയത്തിൽ സംശയിക്കാതിരുന്നാൽ, അപ്പോൾ തന്നെ ആ രോഗത്തിന് പോകേണ്ടിയിരിക്കുന്നു, എന്തെന്നാൽ ക്രിസ്തു അങ്ങനെ പറഞ്ഞു. എന്തെന്നാൽ, അതു പറയുന്നത് അവരല്ല. അത് പറയുന്നത്, അവരിൽ വസിക്കുന്ന പിതാവത്രെ. അവർ ആവശ്യത്തിലാകുന്നു. അതുകൊണ്ട്, യേശു ക്രിസ്തുവിന്റെ നാമത്തിൽ, അവരിൽ നിന്ന് പുറത്തു വരിക. ഈ സന്ദേശം സത്യമാണെന്നും യേശു ഇവിടെയാണെന്നും ജനങ്ങൾക്ക് തെളിയിക്കപ്പെട്ടിരിക്കുന്നതിനാലും ദൂതനാൽ എന്നെ അഭിഷേകം ചെയ്തിരിക്കുന്നതിനാലും, ഒരു ദൈവദാസനായി, ഞാൻ പറയുന്നു. അതുകൊണ്ട്, യേശു ക്രിസ്തുവിന്റെ നാമത്തിൽ അവരിൽ നിന്ന് പുറത്തു വരിക. സകല രോഗികളായ വ്യക്തികളെയും വിട്ടിട്ട്, നീ പുറത്തുള്ള ഇരുളിലേക്ക് പോകാൻ കർത്താവായ യേശു ക്രിസ്തുവിന്റെ നാമത്തിൽ ഞാൻ കല്പിക്കുന്നു.

[പരിശുദ്ധ കാറ്റിന്റെ ഗർജ്ജനം കേൾക്കുന്നു."- Ed ]

196 നിങ്ങൾ അതു കേൾക്കുന്നുണ്ടോ? [കൂട്ടായ്മ "ആമേൻ" പറയുന്നു- Ed ] നിങ്ങൾ അതു കേട്ടു എന്ന് എനിക്ക് തീർച്ചയാണ്. ഇപ്പോൾ അല്പം മുമ്പ് ആ മഹത്തായ ഗർജ്ജനം കെട്ടിടത്തിനകത്തുകൂടി കടന്നുപോയത് എത്ര പേർ കേട്ടു? അത് അതായിരുന്നു. തീർച്ചയായും നിങ്ങൾ ഇനിയും അധികം സംശയിക്കരുത്. അത് ദൈവം തിരികെ സംസാരിക്കുന്നതാണ്. അതു നിങ്ങൾക്ക് കാണാനാകുന്നില്ലേ? [കൂട്ടായ്മ ആനന്ദിക്കുന്നു.]

197 എഴുന്നേൽക്കൂ. നിങ്ങൾ സൗഖ്യമായി എന്നു നിങ്ങൾ വിശ്വസിക്കുന്നോ? [കൂട്ടായ്മ "ആമേൻ" പറയുന്നു- Ed ] ദൈവം പ്രാർത്ഥനക്ക് ഉത്തരം നൽകി എന്നു നിങ്ങൾ വിശ്വസിക്കുന്നില്ലേ? നിങ്ങളുടെ കൈകൾ അവങ്കലേയ്ക്ക് ഉയർത്തുക. അതിനായി അവന് നന്ദി പറയുക. [കൂട്ടായ്മ ആനന്ദിക്കുന്നു.] അത് കഴിഞ്ഞിരിക്കുന്നു. നിങ്ങൾക്ക് സൗഖ്യം ലഭിച്ചിരിക്കുന്നു.

198 യേശു പറഞ്ഞു, "നിങ്ങൾ *പറയുമ്പോൾ.*" അത് എന്താണ്? നിങ്ങൾ ബാബിലോണിൽ നിന്ന് പുറത്താകുമ്പോൾ, അവിശ്വാസത്തിനടിയിൽ നിന്ന് പുറത്താകുന്നത്. നിങ്ങൾ അന്ധവിശ്വാസത്തിൽ നിന്നുമാണ് പുറത്താകുന്നത്. നിങ്ങൾ ഈ വക എല്ലാത്തിൽ നിന്നും പുറത്താകുന്നത്. നിങ്ങൾ ദൈവത്തിന്റെ സ്വന്തജീവനാൽ നിറയുമ്പോൾ. അവന്റെ ശബ്ദം നിങ്ങളാകുന്നു, നിങ്ങളാകുന്നു.

199 ഞാൻ അതു സംസാരിച്ചു. അല്പ സമയത്തിനു മുമ്പ്, ഞാൻ എന്റെ മുറിയിലായിരുന്നപ്പോൾ, ഇതു ചെയ്യാനായി ദൈവം എന്നോട് പറയുകയും. അത് ഇവിടെ ആയിരിക്കുകയും ചെയ്യുന്നു. അവൻ ഇതിനെ ഇപ്പോൾ തന്നെ തീർച്ചപ്പെടുത്തി. [കൂട്ടായ്മ "ആമേൻ" പറയുന്നു- Ed ] ആമേൻ. കർത്താവിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ഓ, എന്താ ഒരു സമയം! സൗത്ത് ആഫ്രിക്കയ്ക്കു ശേഷം ഇത് ആദ്യമായിട്ടാണ് സംഭവിക്കുന്നത്. എത്ര കാലം നിങ്ങൾ അവിശ്വാസത്തിന്റെ ഇരുട്ടിൽ തപ്പി നടക്കും? അത് കിട്ടിയോ? ആ കാറ്റ് ഇപ്പോൾ ഈ പ്രസംഗപീഠത്തിൽ, കൂടി കടന്നുപോയി പരിശുദ്ധാത്മാവ് ഇതു വഴിയായി കടുന്നു പോയപ്പോൾ, ഇവിടെ ആയിരുന്നു, എന്തെന്നാൽ അത് അരുളി ചെയ്യപ്പെട്ട വചനമായിരുന്നു അത് ചെയ്തത്. ആമേൻ.

200 നിങ്ങളിൽ എത്രപേർ സൗഖ്യം പ്രാപിച്ചു? നിങ്ങളുടെ കൈകളെ ഉയർത്തൂ. നിങ്ങളുടെ ശരീരത്തിൽ വ്യത്യസ്തമായി എത്രപേർക്ക് അനുഭവപ്പെട്ടു? നിങ്ങളുടെ കൈകളെ ഉയർത്തൂ. [കൂട്ടായ്മ "ആമേൻ"പറയുന്നു- Ed ] അവിടെയാണ് അത്. ദൈവത്തിന്റെ മഹത്വത്താൽ നിങ്ങൾ സൗഖ്യം പ്രാപിച്ചിരിക്കുന്നു. വ്യത്യസ്തമായി തോന്നിയ എല്ലാവരും, നിങ്ങളുടെ കൈ നിങ്ങൾക്ക് ചലിപ്പിക്കാൻ കഴിയാതിരുന്നെങ്കിൽ, ചലിപ്പിച്ചു നോക്കൂ. നിങ്ങൾക്ക് കേൾക്കാൻ കഴിയാതിരുന്നെങ്കിൽ, ചെവിയിലൊന്നു വിരലിട്ട് കറക്കിയതിനു ശേഷം കേൾക്കാനാകുന്നോ എന്നു നോക്കൂ. നിങ്ങൾക്ക് കേൾക്കാൻ കഴിയും. നിങ്ങൾക്ക് നടക്കാൻ കഴിയില്ലെങ്കിൽ, നിങ്ങൾ നിങ്ങളുടെ കാലിൽ

എഴുന്നേറ്റു നിൽക്കൂ. നിങ്ങൾ അന്ധരാണെങ്കിൽ, നിങ്ങളുടെ കണ്ണിൽ നിന്നും കണ്ണിലെ മറ മാറ്റൂ. നിങ്ങൾക്ക് കാണാൻ കഴിയും.

201 വചനത്തെ തീർച്ചപ്പെടുത്താനായി പരിശുദ്ധാത്മാവ് ഇപ്പോൾ ഇതു വഴി കടന്നു പോയി. ഹല്ലേലൂയാ! കർത്താവിന്റ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ഒരു കാറ്റു പോലെ ഒന്ന് കെട്ടിടത്തിനു മുകളിലൂടെ കടന്നു പോയി. അത് ഇതു വഴി കടന്നു പോയപ്പോൾ, അത് എത്ര പേർക്ക് അനുഭവിക്കാൻ കഴിഞ്ഞു? നിങ്ങളുടെ കൈ ഉയർത്തൂ. നിങ്ങൾ നിങ്ങളിൽ തന്നെ വിശ്വസ്ത രായിരിക്കുക. ഈ കെട്ടിടത്തിൽ കൂടെ കടന്നു പോയ ആ കാറ്റ്, അത് പരിശു ദ്ധാത്മാവായിരുന്നു. [കൂട്ടായ്മ "ആമേൻ"പറയുന്നു- Ed] "അത് പറയുക അങ്ങനെ സംഭവിക്കുകയും ചെയ്യും. ഒരു മഹത്തായ സ്നേഹം ജനിപ്പി ക്കുന്ന കാറ്റ് "വ്യൂ" എന്ന് ഇതു വഴിയായി കടന്നുപോയി, അത് ശ്രോതാക്കളെ മറികടന്നുപോയപ്പോൾ, ഞാൻ അതു കണ്ടു. നിങ്ങൾ അതു കേൾക്കുകയും, അനുഭവിക്കുകയും കൂടെ, ചെയ്തു. അത് അവന്റെ സാന്നിദ്ധ്യമായിരുന്നു.

202 ഇപ്പോൾ അത് വ്യത്യസ്തമായി അനുഭവപ്പെടുന്നു, നിങ്ങൾ ഇപ്പോൾ സൗഖ്യമായി എന്നും, ക്രിസ്തു നിങ്ങളിലാണ് എന്നും, അനുഭവപ്പെടുന്നു.

203 അത് എന്തായിരുന്നു? പെന്തെക്കോസ്ത് നാളിൽ വന്നതുപോലെപരി ശുദ്ധാത്മാവ്, താഴേയ്ക്ക് വന്ന്, കാറ്റ് ഇവിടെക്കൂടെ കടന്നു പോയി. അതിന് എത്രപേർ സാക്ഷിയാണ്? നിങ്ങളുടെ കൈ ഉയർത്തൂ. ഹൃദയത്തിൽ വിശ്വ സ്തരായി, ഓരോരുത്തരും. അതാണ് അത്. അല്പം മുമ്പ് അത് കെട്ടിടത്തി നുള്ളിലൂടെ കടന്നു പോയി. അത് അതേ പരിശുദ്ധാത്മാവ് തന്നെ. [കൂട്ടായ്മ "ആമേൻ"പറയുന്നു- Ed ] അതേ പരിശുദ്ധാത്മാവ് അതേ വചനത്താൽ കടന്നു വന്നു. കർത്താവിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ആമേൻ.

204 നിങ്ങൾ സൗഖ്യം പ്രാപിച്ചു എന്നു വിശ്വസിക്കുന്നവർ എല്ലാവരും, നിങ്ങളുടെ കാലിൽ എഴുന്നേറ്റു നിൽക്കൂ. നിങ്ങൾക്ക് വ്യത്യസ്ഥമായി അനുഭ വപ്പെടുന്നു എന്നു തോന്നുന്ന എല്ലാവരും, അതെ, അത്, നിങ്ങൾ ഇപ്പോൾ തന്നെ സൗഖ്യമായിരിക്കുന്നു, നിങ്ങളുടെ കാലിൽ എഴുന്നേറ്റു നിൽക്കൂ. [കൂട്ടായ്മ ആനന്ദിക്കുന്നു. ] ആമേൻ. ആമേൻ. അതാണ്. ആമേൻ. അവർ കാത്തിരിക്കുമ്പോൾ, നിങ്ങൾക്ക് വ്യത്യസ്ഥമായി അനുഭവപ്പെടുന്നു! നിങ്ങൾക്ക് ഒരു തലവേദന ഉണ്ടായിരുന്നു, അത് നീങ്ങിപ്പോയെങ്കിൽ, എഴു ന്നേൽക്കൂ. നിങ്ങളുടെ വയറിൽ രോഗമുണ്ടായിരുന്നു,അത് നീങ്ങിപ്പോയി എങ്കിൽ എഴുന്നേൽക്കൂ. ഒരു സാക്ഷിയായി എഴുന്നേൽക്കൂ. അവിടെയാണ് നിങ്ങൾ. അത് നിങ്ങൾക്ക് എന്താണ് ചെയ്തത്? അത് പരിശുദ്ധാത്മാവാണ് ചെയ്തത്. ആമേൻ. അവന്റെ നന്മയാൽ നിറച്ചു! ഓ, എന്റെ!

205 "ഇതാണെൻ കഥ, ഇതാണെൻ ഗാനം." ഓ, നിങ്ങൾക്ക് നന്നായി അനു ഭവപ്പെടുന്നില്ലേ? [കൂട്ടായ്മ "ആമേൻ" പറയുന്നു- Ed ]

ഇതാണെൻ ഗാനം, (എല്ലാവരും)
സ്തുതിക്കുമെൻ രക്ഷകനെ ദിനംതോറും
ഇതാണെൻ കഥ, ഓ, ഇതാണെൻ ഗാനം
സ്തുതിക്കുമെൻ രക്ഷകനെ ദിനംതോറും

നമുക്ക് അതിനെ വീണ്ടും പാടാം, എല്ലാവരും, അതിനെ എല്ലാവരും എടുക്കൂ.

ഇതാണെൻ കഥ, ഓ, ഇതാണെൻ ഗാനം (എല്ലാവരും)
സ്തുതിക്കുമെൻ രക്ഷകനെ ദിനംതോറും
ഇതാണെൻ കഥ, ഓ, ഇതാണെൻ ഗാനം
സ്തുതിക്കുമെൻ രക്ഷകനെ എല്ലാ. . .

206 സൗഖ്യമാക്കപ്പെട്ടത് നിങ്ങൾക്ക് എങ്ങനെ അനുഭവപ്പെടുന്നു? സൗഖ്യമാക്കപ്പെട്ടത് നിങ്ങൾക്ക് എങ്ങനെ അനുഭവപ്പെടുന്നു, അവനെ കൈകൾ വീശി കാണിക്കൂ. അവിടേയ്ക്ക് നോക്കൂ. പിശാച്, അവൻ തോറ്റുപോയില്ലേ? അവൻ തോറ്റു, തീർച്ചയാണ്. ആമേൻ. [കൂട്ടായ്മ ആനന്ദിക്കുന്നു- Ed ]

207 അവൻ അത്ഭുതവാനാണ്. ഓ, എന്റെ! നമുക്ക് "അത്ഭുതവാൻ, അത്ഭുതവാൻ, യേശു എനിക്ക്," എന്നതിലേയ്ക്ക് രാഗമിടാം. ആ പാട്ട് എത്ര പേർക്ക് അറിയാം?

അത്ഭുതവാൻ, യേശു എനിക്ക്, അത്ഭുതവാൻ
അത്ഭുതമന്ത്രി, സമാധാന പ്രഭു, ശക്തനാം ദൈവം.

ശരി. ഇത് അറിയാമോ സഹോദരി? ശരി.

അത്ഭുതവാൻ, അത്ഭുതവാൻ യേശു. . .
അത്ഭുതമന്ത്രി, സമാധാന പ്രഭു, ശക്തനാം ദൈവം.
ഓ, എന്നെ രക്ഷിക്കുന്ന, എല്ലാ പാപത്തിൽ നിന്നും ലജ്ജയിൽ നിന്നും
എന്നെ കാക്കുന്നു,
എന്റെ വീണ്ടെടുപ്പുകാരൻ, അത്ഭുതവാൻ, അവൻ നാമം വാഴ്ത്തുവിൻ!

ഓ, അത്ഭുതവാൻ, യേശു എനിക്ക്, അത്ഭുതവാൻ
ഓ, അത്ഭുതമന്ത്രി, സമാധാന പ്രഭൂ, ശക്തനാം ദൈവം, അവൻ
ഓ, എന്നെ കാക്കുന്നു, എല്ലാ പാപത്തിൽ നിന്നും ലജ്ജയിൽ നിന്നും
എന്നെ കാക്കുന്നു,
എന്റെ വീണ്ടെടുപ്പുകാരൻ അത്ഭുതവാൻ, വാഴ്ത്തുവിൻ. . .

208 എന്റെ ആത്മാവിന് വിരുദ്ധമായി ഒരു സംശയാലു ഇവിടെ നിൽക്കുന്നതായി എന്റെ ഹൃദയത്തിൽ അനുഭവപ്പെടുന്നു, അവരുടെ പ്രയോജനത്തിനായിട്ടാണിത്. ആ അലറുന്ന ശബ്ദം ഉണ്ടായത് വിമാനമോ മറ്റോ പോയതിനാലാണ് ഉണ്ടായത് എന്നാണ് ആരോ ചിന്തിക്കുന്നത്.

209 ദൈവം, ആണ് എന്റെ ഓരേയൊരു ന്യായാധിപതി,ആത്മാവ് ഈ പ്രസംഗപീഠത്തിലേയ്ക്ക്, എന്റെ വശത്തായി വന്ന്, എന്റെ കോട്ടിൽ വീശുകയും, ഈ കെട്ടിടത്തിൽ അതുവഴിയായി അലറിക്കൊണ്ട് പോകുകയും ചെയ്തു. അതു പുറത്തേയ്ക്ക് പോകുമ്പോൾ, ഞാൻ അതിനെ കാണുകയും, അതിനെ അനുഭവിക്കുകയും ചെയ്തു. അതിന് എത്രപേർ ഇവിടെ സാക്ഷിയായിട്ടുണ്ട്? "രണ്ടോ മൂന്നോ സാക്ഷികളുടെ വായ് മൊഴികളാൽ ഏതു കാര്യവും സ്ഥിരപ്പെടുത്താം,"എന്നു ബൈബിൾ പറയുന്നു. [കൂട്ടായ്മ "ആമേൻ" പറയുന്നു- Ed ] അതു പൂർണ്ണമായും ആകുന്നു. . . അത് പരിശുദ്ധാത്മാവാകുന്നു.

210 ഒരിക്കൽ യേശു പ്രാർത്ഥനയിലായിരുന്നപ്പോൾ, ഒരു ശബ്ദം സ്വർഗ്ഗത്തിൽ നിന്ന് ഉണ്ടായി എന്ന് നിങ്ങൾ ഓർക്കുന്നുണ്ടോ? അത് എത്ര പേർ ഓർക്കുന്നു? [കൂട്ടായ്മ "ആമേൻ" പറയുന്നു- Ed ] ചിലർ പറഞ്ഞു, ഓ, ചിലത്, ഒരു "ഇടി മു ഴക്കം," അഥവാ അങ്ങനെയുള്ള എന്തോ. അത് ഇപ്പോഴുമുണ്ട്. സംശയാലുവായ അത്മാവ് ഇന്നും ജീവിക്കുന്നു.

211 എന്നാൽ, ദൈവവും ഇന്നും ജീവിക്കുന്നു. അവൻ ഇവിടെത്തന്നെയാകുന്നു. പെന്തെക്കോസ്ത് നാളിൽ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന ആ കൊടിയ കാറ്റ് അതെ കാര്യത്തെ സാക്ഷീകരിക്കാൻ ഇന്നും ഇവിടെ ഉണ്ട്. സർവ്വശക്തനായ ദൈവം എല്ലാ കാര്യത്തിന്റെയും ന്യായാധിപതിയാണ്. ആമേൻ.

212 നിങ്ങൾ അവനെ സ്നേഹിക്കുന്നുണ്ടോ? [കൂട്ടായ്മ "ആമേൻ" പറയുന്നു- Ed ] ദൈവത്തിന് സ്തുതി. ശരി നാം *അത്ഭുതവാൻ* വീണ്ടും പാടുമ്പോൾ ഒരാൾ മറ്റൊരു വ്യക്തിയുടെ കൈ പിടിച്ചു കുലുക്കുക. നിങ്ങൾ ഇപ്പോൾ ബാപ്റ്റിസ്റ്റുകളും മെഥോഡിസ്റ്റുകളും അങ്ങനെ ചെയ്യുക. ശരി.

അത്ഭുതവാൻ, . . .
ഓ, ചുറ്റുമായി തിരഞ്ഞ് എല്ലാവരുടേയും കൈ പിടിച്ചു കുലുക്കുക.

. . . എനിക്ക്
അത്ഭുതമന്ത്രി, സമാധാന പ്രഭു, ശക്തനാം ദൈവമാകുന്നു അവൻ;
ഓ, എന്റെ രക്ഷകൻ, എല്ലാ പാപത്തിൽ നിന്നും ലജ്ജയിൽ നിന്നും എന്നെ കാക്കുന്നു,
ഓ, എന്റെ വീണ്ടെടുപ്പുകാരൻ, അത്ഭുതവാൻ, അവൻ നാമം വാഴ്ത്തുവിൻ!

213 ദൈവത്തിന് സ്തുതി. ഇപ്പോൾ നിങ്ങൾക്ക് നന്നായി അനുഭവപ്പെടുന്നോ? [കൂട്ടായ്മ "ആമേൻ" പറയുന്നു- Ed ] എല്ലാം കഴിഞ്ഞുപോയി, എല്ലാ സംശയങ്ങളും പോയില്ലേ? [കൂട്ടായ്മ ആനന്ദിക്കുന്നു- Ed ] അവന് നിങ്ങളുടെ കൈകളെ വീശി കാണിക്കൂ. ഓ, എന്റെ! അത്ഭുതവാൻ! നല്ലത്! "എല്ലാ സംശയങ്ങളും നീങ്ങിപ്പോയി."

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ, ഡോക്ടർ. വെയിൽ.

58-0128E

അരുളിചെയ്ത വചനം

# യോജിപ്പിലെ *ഏകത്വം*

(The Oneness Of Unity)

ഈ സന്ദേശം, ബ്രദർ വില്യം മാരിയൺ ബ്രൺഹാം, 1958, ജാനുവരി മാസം 28–ാം തീയതി, വൈകിട്ട് അമേരിക്കയിലുള്ള ഐയോവാ, വാട്ടർലൂയിലെ, ഹിപ്പോഡ്രോം എന്ന സ്ഥലത്തു വെച്ച് ഇംഗ്ലീഷിൽ സംസാരിച്ചത്, ആദ്യം ടേപ്പിൽ റിക്കോർഡു ചെയ്തിരുന്നതിനെ, ഒരംശം പോലും വിട്ടുകളായതെ, ഇംഗ്ലീഷിൽ പ്രിന്റ് ചെയ്തു. ഈ [മലയാളം] പരിഭാഷ VOICE OF GOD RECORDINGS–ൽ നിന്ന് പ്രിന്റു ചെയ്തു വിതരണം ചെയ്യപ്പെടുന്നു.

MALAYALAM

© 2015 VGR, ALL RIGHTS RESERVED

VOICE OF GOD RECORDINGS

P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A

www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:



Voice Of God Recordings

P.O. Box 950, Jeffersonville, Indiana 47131 U.S.A.

www.branham.org